240218

പന്ത്രണ്ടിൽ പതിമ്മൂന്ന്.

ഗ്രന്ഥകർത്താ

വി. എം. ചെറിയാൻ.

A. 1356.

൧൨
അണ
൧൪ ഗ്രന്ഥാവലി

# പന്ത്രണ്ടിൽ പതിമൂന്ന്

240218

# പന്ത്രണ്ടിൽ പതിമ്മൂന്ന്

## വി. എം. ചെറിയാന്റെ
## കൃതികൾ

---

ഹിപ്നോട്ടിസം പ്രഥമപാഠങ്ങൾ

ടി ഉപരിപാഠങ്ങൾ

കാമസൂത്രം

ശകുനശാസ്ത്രം

Phala Deepika

Chamalkara Chintamani

Sakuna Sastra

ആരണ്യകന്യക (നോവൽ)

ആരണ്യപുത്രി ,,

അത്ഭുതവിഗ്രഹം ,,

വാനരനാരി ,,

വന്യവനിതകൾ ,,

എന്റെ പെണ്ണു് ,,

ബീഗം റോഷൻ ,,

പന്ത്രണ്ടിൽ പതിമൂന്നു് ,,

# പന്ത്രണ്ടിൽ പതിമ്മൂന്ന്

(നോവൽ)

ഗ്രന്ഥകർത്താ:

വി. എം. ചെറിയാൻ

SEN GUPTA PUBLIC LIB...
Date.....................
PUTHIYA...

DISTRIBUTORS

നാഷനൽ ബുക്ക്സ്റ്റാൾ

കളരിക്കൽബസാർ കോട്ടയം

വില 12 ണ.

ഒന്നാംപതിപ്പ് കോപ്പി 1000
1954 സെപ്റ്റംബർ

(പകർപ്പവകാശം)

894.83
CHE

പ്രസാധകന്മാർ:
പി. പി. ബുക്കഡിപ്പോ, കോട്ടയം.

അച്ചടി:
വി. ജി. പ്രസ്സ്, കോട്ടയം.

# ആമുഖം

പന്ത്രണ്ടുണ്ണ ഗ്രന്ഥാവലിയിലെ എട്ടാമത്തെ ശിശുവാണു് "പന്ത്രണ്ടിൽ പതിമ്മൂന്നു്". ഇതിലെ കഥാനായകന്മാർ ആംഗ്ലോ ഇൻഡ്യാക്കാരാണു്. അവരുടെ സമുദായാചാരങ്ങളും ചില അന്ധവിശ്വാസങ്ങളും പ്രത്യേകം സന്ദർഭവശാൽ എടുത്തു കാണിക്കേണ്ടതായി വന്നിട്ടുണ്ടു്. എന്നാൽ ഒരു വ്യക്തിയെയൊ സമുദായം അടച്ചോ ആക്ഷേപിക്കണമെന്നോ അധിക്ഷേപിക്കണമെന്നോ ഉള്ള ആഗ്രഹം കൊണ്ടു ചെയ്തതല്ല അതൊന്നും. ആംഗ്ലോ ഇൻഡ്യക്കാരെ പരിചയം ഇല്ലാത്ത വായനക്കാരുണ്ടെങ്കിൽ അവൎക്കു് ഇതൊരു "അറിവു്" ആയിരിക്കുമെന്നു് ഉദ്ദേശിച്ചു മാത്രം ഇത്രയും വിവരിച്ചുതാണു്. "പന്ത്രണ്ടിൽ പതിമ്മൂന്നും" ഒരൊന്നാന്തരം കഥയാണെന്നും അവളുടെ സഹോദരിമാരിൽ ഒട്ടും താണനിലയല്ല അവൾക്കുള്ളതെന്നുമാണു് പത്രിക വായനക്കാരിൽ നിന്നും ഞങ്ങൾക്കു് ലഭിച്ചിട്ടുള്ള അറിവു്. ജ്യേഷ്ഠ സഹോദരിമാൎക്കു് കൊടുത്തത്ര പ്രോത്സാഹനം ഇവൾക്കും ലഭിക്കുമെന്നുള്ള പ്രത്യാശയോടുകൂടി ഇവളെയും സഹൃദയ സമക്ഷം സമൎപ്പിച്ചുകൊള്ളുന്നു.

പുതുപ്പള്ളി,
16–9–54.

പ്രസാധകന്മാർ
പി. പി. ബുക്കുഡിപ്പോ.
പുതുപ്പള്ളി P. O. കോട്ടയം.

“ഹാ...ഹാ...ഹാ...നല്ലകാര്യമായി! ആരോടാണു് സംസാരിക്കുന്നതെന്നോക്കാതെ വല്ലതുമെല്ലാം തട്ടിവിട്ടാൽ അനുഭവം വേറെ ആയിരിക്കും.” ചിരിച്ചുകൊണ്ടാണെങ്കിലും ആവുന്നത്ര ഗൌരവസ്വരത്തിലാണു് ജോൺ ബാർബർ ഇങ്ങിനെ പറഞ്ഞതു്.

ബാർബറുടെ ഗൌരവവും സ്വരവും ഒന്നും അയാളെ കളിയാക്കിക്കൊണ്ടിരുന്ന കൂട്ടാളികളെ സ്പർശിച്ചതേയില്ല. മദ്യവർജ്ജനനിയമം വളരെ കർശനമായി പാലിക്കുന്ന പ്രദേശമാണെന്നുള്ളതു ശരിതന്നെ. ബാർബറും കൂട്ടുകാരും മദ്യം കുറെ എങ്കിലും സേവിച്ചുകഴിഞ്ഞിട്ടുണ്ടെന്നു് അവരുടെ സംസാരം കേട്ടാൽ അറിയാം. കുളിർപ്പുള്ള ഒരു “കൂൾഡ്റിങ്ക്സ് സലൂണാ”ണു് അവരുടെ സമ്മേളനരംഗം. കഠിനമായ ചൂടുള്ള കാലത്തു് കൂൾഡ്രിങ്ക്സ് സലൂണിലെ ഇലക്ട്രിക്ക് പങ്കായുടെ കീഴിൽ ഇരുന്നു് കുറെ ഐസ് ഇട്ട സോഡാ കുടിക്കയും കാറ്റു കൊള്ളുകയും ചെയ്യുന്നതിൽ എന്താണു് തെറ്റു്? മദ്യവർജ്ജനം നിയമംമൂലം നടപ്പിൽ വരുത്തുന്നതിനു മുമ്പു് ഈ കൂൾഡ്രിങ്ക്സ് സലൂൺ നല്ലൊരു മദ്യഷാപ്പു് ആയിരുന്നു. അക്കാലത്തു പലർക്കും കടം കൊടുത്തവകയിൽ പിരിഞ്ഞുകിട്ടാനുള്ള സംഖ്യകൾ നഷ്ടപ്പെട്ടുപോകാതിരിക്കുന്നതിനായി “കൂൾഡ്രിങ്ക്സ് സലൂൺ” തുറന്നു എന്നാണു് കടക്കാരൻ പറയുക. പഴയ പറ്റുപടിക്കാരിൽ പതിവുകാർ എല്ലാവരുംതന്നെ ഇന്നും അവിടുത്തെ എടപാടുകാരാണു്. ആരംഭകാലത്തു്, മദ്യം വില്ക്കുന്നുണ്ടോ എന്നു് അധികൃതർ കൂടെക്കൂടെയും അപ്രതീക്ഷിത സമയങ്ങ

ളിലും പരിശോധന നടത്താറുണ്ടായിരുന്നു. "അപ്രതീക്ഷിത" സമയത്താണു് പരിശോധിക്കുന്നതെന്നു് പരിശോധനയ്ക്കു പുറപ്പെട്ടവരിൽ ചിലർ ധരിച്ചിരുന്നു എന്നൊ അതിനർത്ഥമുള്ളു. പരിശോധനയ്ക്കു വരുംമ്പം എന്നു് പ്രധാന അധികൃതൻെറ ആപ്പീസിലെ പ്രധാന ഉദ്യോഗസ്ഥന്മാരിൽ ചിലർ തന്നെ സല്യൂൺ ഉടമസ്ഥനായ മാർവാറിയെ അറിയിക്കാറുണ്ടായിരുന്നതു കൊണ്ടു് ആ പരിശോധനകളിൽ കുററകരമായി ഒന്നും കണ്ടുപിടിക്കയുണ്ടായിട്ടില്ല. സല്യൂൺ ഉടമസ്ഥൻെറ തൊഴിലിനു് ഹാനിസംഭവിക്കാതെയും, മദ്യം കൂടാതെ ജീവിക്കാൻ നിവൃത്തിയില്ലാത്ത പതിവുകാരുടെ ജീവൻ നഷ്ടപ്പെടാതെയും കഴിക്കാൻ സഹായിച്ച സഹൃദയന്മാക്കു് നല്ല ആദായം ലഭിച്ചും വന്നു. ഗവമ്മെൻറു് ഒഴിച്ചുള്ള കക്ഷികൾക്കെല്ലാവക്കും സന്തോഷവും ലാഭവും ഉണ്ടാകുന്ന ആ ഏപ്പാടു്, ഒരു സ്ഥിരമായ അടിസ്ഥാനത്തിൽ ഉറപ്പിക്കാൻ, പുതുതായി വന്ന മേലുദ്യോഗസ്ഥൻ അനുവദിച്ചു. അദ്ദേഹം ആ ഏർപ്പാടിൽനിന്നു് പ്രതിമാസം ഒരു വേതനം സ്വീകരിച്ചു കൊള്ളാമെന്നു് "സദയം" സമ്മതിച്ചതോടെ സല്യൂൺ സംബന്ധിച്ച കാര്യങ്ങളെല്ലാം ശരിപ്പെട്ടു. അങ്ങിനെ ശരിയായും ക്രമമായും സംഗതികൾ നടന്നുകൊണ്ടിരിക്കുകയാണിപ്പോൾ.

ജോൺ ബാർബറുടെ വെല്ലുവിളി അയാളുടെ സ്നേഹിതന്മാരിൽ ഒരുവനായ കുക്കു് സ്വീകരിച്ചു് മറുപടി പറഞ്ഞു:-"ജോൺ ബാർബറോടാണു് സംസാരിക്കുന്നതെന്നു് അറിയാം. അയാൾ ആരാണെന്നും അറിയാം..."

ജോ. ബാ:-"നിങ്ങൾ ഇവനെ അറിയുകയില്ല..."

കുക്കു്:-"എത്രയൊ എത്രവഷമായി അറിയുന്നയാളാണു്, ഇന്നു് വിശേഷവിധിയായി എന്തെങ്കിലും പൊട്ടിപ്പൊന്തൊങ്ങലൊ കിട്ടിയൊ എന്നൊ നിശ്ചയമില്ലാതുള്ളു. ."

ജോ. ബാ:-"പുതിയ പൊടിപ്പും തൊങ്ങലും എല്ലാം പുതുമടിശ്ശീലക്കാരനാണു് വേണ്ടതു്. ഞാൻ അക്കൂട്ടത്തിൽ പെട്ടവനല്ല."

കുക്ക്:- "ഏതു ക്രൂട്ടത്തിൽ പെട്ടവനായാലാർക്കു് ചേതം."

ജാ. ബാ:-"ഇംഗ്ലീഷുകാർ ആദ്യം ഇവിടെ വന്ന ക്രൂട്ടത്തിൽ കപ്പലിൽ വന്നിറങ്ങിയവനാണു് ഞാൻ..."

കുക്ക്.-"നിങ്ങൾക്കു മുന്നൂറുനാന്നൂറു വയസ്സുണ്ടെന്നു് കണ്ടാൽ തോന്നുകയില്ല."

ജോ. ബാ:-"എനിക്കു നാന്നൂറു വയസ്സുണ്ടെന്നു ആരാണു് പറഞ്ഞതു്. ആങ്ങിനെ പറയാൻ ധൈര്യമുള്ളവനെ ഇങ്ങോട്ടുവിട്ടാൽ ഞാൻ ഇപ്പോൾപഠിപ്പിച്ചേക്കാം."

കുക്ക്:- "പഠിപ്പിക്കലൊക്കെ കൊണ്ടുകളയണം. അത്രയ്ക്കുപോകണ്ടാ. ഇംഗ്ലീഷുകാർ ആദ്യം ഇവിടെ വന്നിറങ്ങിയപ്പോൾ വന്നവനാണു് നിങ്ങൾ എന്നു് ഇപ്പോൾ പറഞ്ഞില്ലേ."

ജോ. ബാ:-"പറഞ്ഞു. അതിനെന്തു വേണം."

കുക്ക്:--"എനിക്കൊന്നും വേണ്ടാ. ഇംഗ്ലീഷുകാർ ആദ്യമായി വന്നതു മുന്നൂറുനാന്നൂറുവർഷങ്ങൾക്കു മുമ്പായിരുന്നു."

ജോ ബാ:-"അതിനെന്തുവേണം. കുക്ക് എന്നെ ചരിത്രം പഠിപ്പിക്കാനാണോ തുടങ്ങുന്നതു്."

കുക്ക്:-"തുമ്പില്ലാഴികപറയാതെ. നാന്നൂറുവർഷം മുമ്പു് ഇവിടെ വന്നവനാണു് താനെങ്കിൽ ഇപ്പോൾ ചുരുങ്ങിയ പക്ഷം നാന്നൂറു വയസ്സെങ്കിലും കാണുകയില്ലേ."

ജോ. ബാ:-"ഞാൻ വന്നു എന്നല്ല. എന്റെ പപ്പാ വന്നു എന്നാണു് പറഞ്ഞതു്."

കുക്ക്:-"താനും വന്നില്ല തന്റെ പപ്പായും വന്നില്ല അന്നു്."

ജോ. ബാ:-"കൽക്കത്താ പട്ടണം 1690-ൽ സ്ഥാ

പിച്ച ജോബ് ചാർനോക്കിൻെറ ഡയറി ഉണ്ടെങ്കിൽ പരിശോധിക്കുമ്പോൾ കാണാം.”

കുക്ക്:–“ചാർനോക്കിൻെറ ഡയറി! ഞാനൊന്നു ചോദിച്ചുകൊള്ളട്ടെ, നിങ്ങൾ 1900–ൽ അല്ലെ ജനിച്ചതു്.”

ജോ. ബാ:–1900 മാർച്ച് 23–ാം തീയതി.

കുക്ക്:–1690 ൽ ഇവിടെ വന്നിറങ്ങിയ തൻെറ പപ്പായ്ക്കു് 1900 ൽ, ചുരുങ്ങിയ പക്ഷം 310 വയസ്സെങ്കിലും ഉണ്ടായിരിക്കണമല്ലൊ.”

ജോ. ബാ:–“അതിന്...?”

കുക്ക്:–“310 വർഷം ജീവിച്ചിരുന്നൊ നിങ്ങളുടെ പപ്പാ.”

ജോ. ബാ:–“ഇല്ല. പപ്പാ 50–ാമത്തെ വയസ്സിൽ മരിച്ചു.”

കുക്ക്:–“1690–ൽ കൽക്കത്തായിൽ വന്നു് ഇറങ്ങുകയും, 50–ാമത്തെ വയസ്സിൽ മരിക്കുകയും, അതായതു് 1740ന് മുമ്പു മരിക്കയും ചെയ്ത ആളിന് 1900–ൽ ഉണ്ടായ പുത്രനാണു് നിങ്ങൾ എന്നു പറയുന്നതിൻെറ അർത്ഥം എന്താണു്. മരിച്ച് 260 വർഷം കഴിഞ്ഞപ്പോൾ മരിച്ചയാളിനുണ്ടായ പുത്രനാണു് എന്നു പറയുന്നവനെ എന്തു ചെയ്യണം.”

ജോ. ബാ:–“എൻെറ പപ്പാ ജോബ് ചാർനോക്കിൻെറ കൂടെ വന്നതാണെന്നല്ലാ, ഞങ്ങളുടെ ഫാമിലി ഇവിടെ സ്ഥാപിച്ചയാൾ വന്നു എന്നാണു ഞാൻ പറഞ്ഞതു്.”

കുക്ക്:–“പറഞ്ഞതങ്ങിനെയൊന്നുമല്ല. എന്തുമാവട്ടെ, ആക്കു ചേതം.”

ജോ. ബാ:–“ജോബ് ചാർനോക്കിൻെറ കൂടെ അദ്ദേഹത്തെ സഹായിക്കാൻ വന്നയാളിൻെറ വംശത്തിൽ പെട്ട എന്നെ നിസ്സാരനായി തള്ളുന്നതു് നല്ലതിനല്ല.”

കുക്ക്:—"ജോബെ് ചാർനോക്കിനെ സഹായിക്കാൻ വന്നു. പുള്ളമാസൊക്കെ കളയണം."

ജോ. ബാ:—"പുള്ളമാസ്സൊന്നുമല്ല. ഞങ്ങളുടെ പാരമ്പര്യമാണ്. അദ്ദേഹം വലിയൊരു മഹാനായിരുന്നു."

കുക്ക്:—"മഹാൻ. എന്തിലായിരുന്നു മഹാത്മ്യം എന്ന് വേണമെങ്കിൽ ഞാൻ പറഞ്ഞുതരാം."

ജോ. ബാ:—"എന്താ, ആൾ മോശക്കാരനായിരുന്നു എന്നാണൊ. ചാർനോക്കിന് അദ്ദേഹത്തെ കാണാതെ ഒരു ദിവസം പോലും കഴിക്കാൻ വയ്യായിരുന്നു."

കുക്ക്:—"അതു ശരിയായിരിക്കണം. അക്കാലത്തു് നേഫ്ററിറേസറും മററുമില്ലായിരുന്നു. ചാർനോക്കിന് ഒന്നിടവിട്ട ദിവസങ്ങളിൽ മുഖക്ഷൗരം ചെയ്യണമെന്നുമുണ്ടായിരുന്നിരിക്കാം."

ജോൺബാർബർ ചീത്ത വിളിച്ചുകൊണ്ടു് ചാടി എണീററു് ചോദിച്ചു. "എൻെറ പപ്പാ ക്ഷൗരക്കാരനായിരുന്നെന്നാണൊ പറയുന്നതു്...."

സലൂണിൽ വെച്ച് അടിപിടികൂട്ടിയാൽ കുഴപ്പമുണ്ടാകുമെന്നു് നിശ്ചയമുള്ളതുകൊണ്ടു് അതിന് ഒരു കാരണവശാലും ഇടകൊടുക്കരുതെന്നു് ഉടമസ്ഥൻെറ കർശനമായ ആജ്ഞയുണ്ടു്. കൂൾഡ്ഡ്റിങ്ക്സ് വിളമ്പാൻ നല്ല തടിയുള്ള മൂന്നുനാലാളുകളെ നിയമിച്ചിരിക്കുന്നതു് ശുണ്ഠിത്തരം തുടങ്ങുന്നവരെ പിടിച്ചെടുത്തു പുറത്തുതള്ളേണ്ടിവന്നാൽ പ്രയാസം കൂടാതെ അതു സാധിക്കുന്നതിനാണു്. ബാർബർ ചാടി എണീററ ക്ഷണത്തിൽ അവരിൽ രണ്ടുപേർ അടുത്തു് എത്തിക്കഴിഞ്ഞു.

വക്കാണത്തിനു തയ്യാറില്ലായിരുന്ന കുക്ക് ചോദിച്ചു:— "അന്നത്തെ ബാർബറും താനുമായി എന്താണു ബന്ധം. എത്ര എത്ര സങ്കലനം കഴിഞ്ഞു എന്നു ഒററ നോട്ടത്തിനറിയാമല്ലൊ. ഇന്നു് ഒരു ശതമാനം ഇംഗ്ലീഷ് രക്തം പോലുമില്ല തൻെറ ദേഹത്തു്". ബാർബർക്കു്

നല്ല കണക്കിനു കൊടുത്തിട്ട് കുക്ക് ഇറങ്ങിപ്പോയി.

തടിയന്മാരായ ജോലിക്കാർ അടുത്തു് എത്തിയപ്പോഴേക്കു തന്നെ ബാർബറുടെ മൂച്ച് ഉടഞ്ഞുപോയി. യാതൊരെതിർപ്പും കൂടാതെ, തൊപ്പി എടുത്തു തലയിൽ വച്ചുകൊണ്ടു് അയാളും അവിടെ നിന്നു കടന്നു.

കുക്കിൻെറ വാക്ശരങ്ങൾ ബാർബറെ വല്ലാതെ വേദനപ്പെടുത്തി. അവ ഏറക്കുറെ പരമാർത്ഥമായിരുന്നതാണു് അതിനു പ്രധാന കാരണം. 1690-ൽ കൽക്കത്താ നഗരം സ്ഥാപിച്ച ജോബ് ചാർനോക്കിൻെറ "വാലെയ്", അല്ലെങ്കിൽ "വാലെററു്" ആയി ഒരു ജോൺ ബാർബർ ഉണ്ടായിരുന്നു. ഒരു വാലെ— അല്ലെങ്കിൽ ഭൃത്യൻ—അവൻെറ യജമാനൻെറ മുഖക്ഷൗരം ചെയ്യുക എന്നുള്ളതു് അക്കാലങ്ങളിൽ സാധാരണമായിരുന്നു. "ബാർബർ" എന്ന വാക്കിൻെറ അർത്ഥം "ക്ഷുരകൻ" എന്നാണല്ലോ. ജോബ് ചാർനോക്കിനു് ക്ഷൗരം ചെയ്തു എങ്കിലും അതു് ഒരു തൊഴിലായി അവൻ സ്വീകരിച്ചിരുന്നില്ല. ബാർബർ എന്നു കുടുംബപ്പേരുള്ള ഒരുവൻ ഒരാൾക്കെങ്കിലും ക്ഷൗരം ചെയ്താൽ അവനെ ക്ഷുരകനായി ലോകർ മുദ്ര അടിക്കുന്നെങ്കിൽ അതിനു് അവരെ കുറ്റപ്പെടുത്താനില്ലല്ലോ. പരമാർത്ഥം വിളിച്ചുപറയുന്നതായിരിക്കും പലപ്പോഴും, പാത്രങ്ങൾക്കു കൂടുതൽ വേദന ഉണ്ടാക്കുന്നതെന്നു് ലോകം അറിയാവുന്നവൎക്കറിയാം. കുക്കിൻെറ ആരോപണത്തിൽ വേറൊന്നുകൂടിയുണ്ടായിരുന്നു യഥാർത്ഥമായി. ഒരു ശതമാനം ഇംഗ്ലീഷു രക്തം പോലും ബാർബറുടെ സിരകളിൽ ഇല്ലെന്നുള്ളതാണതു്. ഗംഗാനദിയിലെ വെള്ളം പരിശുദ്ധമാണു്. പരിശുദ്ധ ജലം ആണ്ടുതോറും അളവില്ലാതെ ഇൻഡ്യാ മഹാസമുദ്രത്തിൽ ചെന്നു ചേരുന്നതുകൊണ്ടു്, ആ സമുദ്രത്തിലെ വെള്ളത്തെ പരിശുദ്ധമായി ആരും ഗണിക്കുന്നില്ല. ജോബ് ചാർനോക്കിൻെറ കൂടെ വന്ന ജോൺബാർബറിനു് എവിടെ

നിന്നൊ ഒരു സ്ത്രീയെ കിട്ടി. അവൾ ചാർനോക്കിന്റെ ബംഗ്ലാവിൽ തോട്ടിവേല ചെയ്തു വന്ന ഒരു പറച്ചി ആയിരുന്നു എന്നു് ലോകരും, അതല്ല നവാബിന്റെ അന്തഃപുരത്തിലെ ഒരു ജോലിക്കാരിയായിരുന്നു എന്നു് ബാർബറിന്റെ കുടുംബജന്മാരും സമർത്ഥിക്കുന്നുണ്ടു്. ഇതിൽ ഏതു ശരിയായിരുന്നാലും, ജോൺബാർബറുടെ സന്താനങ്ങൾ തനി യൂറോപ്യന്മാർ അല്ലെന്നു സ്പഷ്ടമാണല്ലോ. അയാളുടെ സന്തതിപരമ്പരകളിൽ പലരും ഒന്നാം ബാർബറെ അനുകരിച്ചതു് കൊണ്ടാണു് ഇന്നത്തെ ജോൺബാർബറുടെ സിരകളിലെ രക്തത്തിൽ "ഇംഗ്ലീഷിന്റെ" ശതമാനം ഇത്ര വിരളമായി പരിണമിച്ചിരിക്കുന്നതു്. ഇങ്ങിനെയൊക്കെ ആണെങ്കിലും അയാൾഇന്നും "ആംഗ്ലോ ഇന്ത്യൻ" ആണു്. ആ വർഗ്ഗത്തിൽ ചേർന്നുനില്ക്കുന്നതിനു ജോൺബാർബറിനുള്ള അവകാശത്തെ ചോദ്യം ചെയ്വാൻ ആരും പുറപ്പെടാതിരുന്നതു്, "കുററമില്ലാത്തവൻ കല്ലെറിയട്ടെ" എന്നു് അയാൾ പറഞ്ഞാൽ ഉത്തരം മുട്ടിപ്പോകയെയുള്ളു എന്നു് നിശ്ചയമുള്ളതുകൊണ്ടായിരിക്കുമൊ എന്തൊ.

ജോബു് ചാർനോക്കിന്റെ ഭൃത്യനായിരുന്ന ജോൺ ബാർബറിന്റെ അനന്തരഗാമികളായ ബാർബർമാരിൽ ഒരുവൻപോലും അയാളുടെ സന്തതിപരമ്പരകൾക്കു സാമ്പത്തിക ഭദ്രത ഉണ്ടായിരിക്കണമെന്നു് ആഗ്രഹിച്ചു എന്നു തോന്നുന്നില്ല. ആഗ്രഹിച്ചിരുന്നു എങ്കിൽ തന്നെയും അതിനുള്ളമാർഗ്ഗം തേടിയില്ലെന്നുള്ളതു് നിശ്ചയമാണു്. ഇംഗ്ലീഷുകാർ ഇന്ത്യയിൽ കച്ചവടക്കാരായി വന്നു് സർവ്വാധിപതികളായി ശതവർഷങ്ങൾ കഴിച്ചു. ഇവിടെനിന്നു് കടത്താവുന്നതെല്ലാം കടത്തി. കച്ചവടക്കാരൻ ലാഭം എടുക്കുന്നതിൽ തെററില്ല, കുററപ്പെടുത്താൻ പാടില്ല. കച്ചവടക്കാരൻ എന്നുള്ളനിലമാറി രക്ഷാകർത്തൃപദം സ്വീകരിച്ചശേഷം കച്ചവടമട്ടിൽ

വത്തിക്കുന്നതു് തെററുമാണു്. ഇംഗ്ലീഷുകാർ ഒടുവിൽ പറഞ്ഞതരത്തിൽ വത്തിച്ചു എന്നാണു് പരാതി. എന്നാൽ തന്നെയും അവർ ഇന്ത്യയ്ക്കു ഗുണകരമായ പലതും ചെയ്തു എന്നു് സമ്മതിക്കേണ്ടതുണ്ടു്. "യൂറേഷ്യൻ" എന്ന പേരിൽ ഒരു സമുദായം തന്നെ ഇവിടെ ഉണ്ടാകത്തക്കവിധത്തിൽ അടക്കവും നാണവും ഇല്ലാതെ അവർ വത്തിച്ചതു് അക്കൂട്ടത്തിൽ പെടുകയില്ല. അവരുടെ നടപടി ദൂഷ്യത്തിൻെറ ഫലമായി "പക്ഷിയും അല്ല മൃഗവും അല്ല" എന്നതരത്തിൽ രൂപമെടുത്ത യൂറേഷ്യൻമാക്കു് വലിയ ആയാസം കൂടാതെ അന്നത്തെ അഷ്ടിക്കുള്ള മാർഗ്ഗം ഗവമ്മെൻറു വകുപ്പുകളിൽ ചിലതിലൊ ബിലാത്തിക്കാരുടെ വാണിജ്യ വ്യവസായ ശാലകളിലൊ നിന്നു കൊട്ടത്തുറന്നതു് ഔദാൎയ്യം കൊണ്ടായിരുന്നിരിക്കാം. തങ്ങളുടെ വിയൎപ്പിൻെറ ഫലം ബിലാത്തിക്കാരൻെറ ദാസിപുത്രന്മാർ അനുഭവിക്കുന്നതു് മററുള്ള പൌരന്മാർക്കു് ഇഷ്ടപ്പെടുകയില്ലല്ലൊ. ബിലാത്തിക്കാരൻ യൂറേഷ്യനെ തൻപിള്ളയായി എണ്ണിയതുമൂലം അവർ എന്നും കഴിയേണ്ട രാജ്യത്തെ ജനങ്ങൾക്കു അവരോടു മുമ്പുതന്നെ ഉണ്ടായിരുന്ന അവജ്ഞയോടുകൂടി വിദ്വേഷവും കലൎന്നു.

യൂറേഷ്യൻ സമുദായത്തിൻെറ ചരിത്രമൊ അങ്ങിനെ ഒരു സമുദായത്തെ ഉത്ഭവിപ്പിക്കയും ജീവിക്കാൻ വേണ്ടതു കൊടുക്കയും ചെയ്ത ബിലാത്തിക്കാരൻെറ ധാൎമ്മികമൂല്യത്തിൻെറ വിലയൊ ഇവിടെ പരിഗണിക്കണമെന്നു് ഉദ്ദേശമില്ല. സംഗതിവശാൽ ഇത്രയും പറഞ്ഞുപോയി എന്നെയുള്ളു.

ജോൺബാർബർ പ്രഥമൻെറ ദാസിപുത്രന്മാരും പുത്രികളും സാമ്പത്തികമായി യാതൊരു ബുദ്ധിമുട്ടും അനുഭവിച്ചില്ല. എന്നാൽ അച്ഛൻെറ വർഗ്ഗക്കാരും അമ്മയുടെ വർഗ്ഗക്കാരും ആ കുട്ടികളെ ഏതാണ്ടു് അയിത്തക്കാ

രെന്നാ നിലയിലാണു് ഗണിച്ചുവന്നതു്. അല്പകാലത്തി നകം അത്തരത്തിൽപെട്ടവരായി ഒട്ടധികം ആളുകൾ ഉണ്ടായതോടെ അവർ ഒരു പ്രത്യേക സമുദായമായിത്തിരിഞ്ഞു. അവർ പണക്കൊഴുപ്പും നിറപ്പകിട്ടും ഉള്ള വെള്ളക്കാരെ അനുകരിക്കാനും മാതാവിൻെറ കൂട്ടരെക്കാൾ ഔന്നത്യമുള്ളവരാണെന്നുള്ള ഭാവത്തിൽ അവരെ അവഗണിക്കുവാനും ഒരുങ്ങി. നമ്മുടെ ജോൺബാർബർ ഉൾപ്പെടുന്ന യൂറേഷ്യൻ, അല്ലെങ്കിൽ ആംഗ്ലോ ഇന്ത്യൻ സമുദായത്തിൻെറ പൊതുവെയുള്ള നില ഇതായിരുന്നു. യൂറേഷ്യൻ അല്ലെങ്കിൽ ആംഗ്ലോ ഇന്ത്യൻ സമുദായത്തിൽ പെട്ടവരെല്ലാം ഇത്തരക്കാരായിരുന്നു എന്നല്ല. അതിലും ഉണ്ടായിരുന്നു കർമ്മകുശലന്മാരും ഉത്തമന്മാരും. പൊതുവെയുള്ളനില വിശദമാക്കി എന്നു മാത്രമെയുള്ളു. സമുദായത്തെ ആക്ഷേപിക്കണമെന്നൊ കുററപ്പെടുത്തണമെന്നൊ ഉദ്ദേശമില്ല. ബ്രിട്ടീഷ്കാർ ഇന്ത്യയിലെ ഭരണം ഉപേക്ഷിച്ചുപോയശേഷം, എല്ലാററിനും ഗവമ്മെൻറിനെയും ബിലാത്തിക്കാരെയും ആശ്രയിക്കുക എന്ന നില ഉപേക്ഷിച്ചു സ്വന്തംകാലിൽ നിൽക്കാൻ ഇവർ ആഗ്രഹം പ്രകടിപ്പിക്കുകയൊ ശ്രമം നടത്തുകയൊ ചെയ്യുന്നുണ്ടെന്നും പ്രസ്താവിക്കേണ്ടതാണു്.

കായ: ക്ലേശം അനുഭവിക്കുന്നതിനും കുപ്പായം മുഷിയുന്നജോലി ചെയ്യുന്നതിനും ഇഷ്ടമില്ലാതിരുന്നതുകൊണ്ടും, സങ്കലനമൊ, പരിശീലനമൊ കാരണത്താൽ ബുദ്ധിപരമായി ഉയന്ന സ്ഥാനത്തെത്താൻ കഴിവില്ലായിരുന്നതുകൊണ്ടും, ഒന്നാം ജോൺബാർബറുടെ കാലശേഷം കുടുംബാംഗങ്ങളുടെ നില ശോചനീയമായിത്തീൎന്നു. ആ അധഃപതനം ഏറക്കുറെ തലമുറ തലമുറകളായി തുടൎന്നുകൊണ്ടുമിരുന്നു.

അന്നു് കിട്ടുന്നതു അന്നുതന്നെ പൊടിക്കുക എന്ന സാമ്പത്തികതത്വം സ്വീകരിക്കുന്നവൎക്ക സ്ഥിരമൊ സ്ഥാ

യിയൊ ആയ പുരോഗതിക്കു മാറ്റമില്ലല്ലൊ. "ചരിത്രാതീതകാലത്തുപോലും ഒരുബാർബെക്കു സ്വന്തമായ വീടൊ ബംഗ്ലാവൊ ഉണ്ടായിരുന്നു എന്നു രേഖയില്ല. ബാർബർമാർ കൽക്കട്ടാനഗരത്തിൻെറ അപ്രധാന ഭാഗങ്ങളിൽ നിന്നുപോലും തള്ളിമാററപ്പെട്ടു. അവർ പട്ടണത്തിൻെറ ദൃഷ്യമെല്ലാമുള്ള പ്രാന്തപ്രദേശങ്ങളിൽ തന്നെ കടിച്ചുതൂങ്ങി കിടന്നുനോക്കി. പിന്നീടൊരു സംഘട്ടനമുണ്ടാകുമ്പോൾ കടിയൊ പിടിയൊ വിട്ട് അല്പംകൂടി മാറും-ജീവിതച്ചെലവു കുറവുള്ള ഭാഗത്തേക്കു മാറും. അങ്ങിനെ പിൻവാങ്ങി, പിൻവാങ്ങി, ഇന്നത്തെ ബാർബർ കിദർപ്പൂരിൽ ചെന്നുചേൎന്നിരിക്കയാണു്.

അംഗ്ലോ ഇൻഡ്യൻമാൎക്കു പ്രത്യേക പരിഗണന ലഭിക്കുന്ന തീവണ്ടിയിലൊ ട്രാംവണ്ടിയിലൊ കമ്പിത്തപ്പാൽ വകുപ്പിലൊ ഉദ്യോഗംകിട്ടാഴികയാലൊന്നുമല്ലാ നമ്മുടെ ബാർബർ ഇന്നു് ഒരു കച്ചവടക്കാരനായിരിക്കുന്നതു്. ചിലരുണ്ടല്ലൊ ജന്മനാതന്നെ ഗ്രഹപ്പിഴക്കാരായി, ജന്മത്തിൽ ശനിക്കാരായി. എന്തുചെയ്താലും,എന്തിൽ തൊട്ടാലും, എന്തു തുടങ്ങിയാലും "കുന്തം" ആയിരിക്കും അവരുടെ അനുഭവം. അത്തരത്തിൽ ഒരു ജന്മത്തിൽ ശനിക്കാരനാണു് ഞാൻ എന്നാണു് ജോൺബാർബർ പറയുന്നതു്. നല്ല ധര ആയി നടക്കുന്ന ബാർബൎക്കു ജന്മത്തിൽ ശനിയെപ്പററി വല്ലതും അറിയാമൊ എന്തൊ? കൊള്ളാം! കൽക്കത്താനഗരത്തിലും അതിനു സമീപത്തും ഉള്ള ജ്യോത്സ്യൻമാരിൽ ആരെ എങ്കിലും ബാർബർ കാണാതുണ്ടൊ എന്നു് അന്വേഷിച്ചാൽമതി. പല പല ഉദ്യോഗങ്ങൾ വഹിച്ചിട്ടുണ്ടെന്നു മുകളിൽ സൂചിപ്പിച്ചല്ലൊ. അവയിൽ നിന്നെല്ലാം പിരിയേണ്ടതായി വന്നപ്പോഴും, പിരിയേണ്ടതായി വരുമെന്നു ജോണിനു സംശയം തോന്നിത്തുടങ്ങിയപ്പോഴുമെല്ലാം അയാൾ ജോൽസ്യന്മാരെ സമീപിക്കയും, അവരുടെ "രക്ഷ"യും "കവച"

വും മററും മററും വാങ്ങി ധരിക്കയും ചെയ്തിട്ടുണ്ട്. ഉദ്ദിഷ്ടഫലം സിദ്ധിച്ചിരില്ലെങ്കിലും ഇന്നും അയാൾക്ക് അവയിൽ നല്ല വിശ്വാസവുമാണ്. ഫലം കിട്ടാതെ വന്നതു് അയാളുടെ ഗ്രഹപ്പിഴയുടെ ശക്തികൊണ്ടല്ലാതെ "കവച"ത്തിന്റെയൊ "രക്ഷ"യുടെയൊ കുററമൊ കുറവൊ ആണെന്നു ബാർബർ ഒരിക്കലെങ്കിലും ഓർക്കുകപോലും ചെയ്തിട്ടില്ല. ഇന്ന് അയാൾ പതിനൊന്നു ഓമന സന്താനങ്ങളുടെ പിതാവാണ്. അവരിൽ ഒരാളുടെ എങ്കിലും ദേഹത്തു എവിടെങ്കിലും ഒരു "രക്ഷ" എങ്കിലും കാണാതെ വരുകയില്ല. അവരിൽ ആർക്കെങ്കിലും ഒരു ജലദോഷം ഉണ്ടായാൽ പള്ളിയ്ക്കു എന്തെങ്കിലും ഒരു നേർച്ച നേരാതിരുന്നിട്ടില്ല മിസിസ്സ് ബാർബർ എന്നും രേഖപ്പെടുത്തേണ്ടതുണ്ട്.

ബാർബർ ഇപ്പോൾ ഒരു വ്യാപാരിയാണെന്നു പറഞ്ഞിട്ടുണ്ടല്ലൊ. അയാളുടെ കടകണ്ടാൽ, അവിടെ വില്പനയ്ക്കു വച്ചിട്ടുള്ള സാധനങ്ങൾ കണ്ടാൽ ഒരാളുടെ ചെലവിനുള്ള വകയെങ്കിലും ആ കടയിലെ വ്യാപാരത്തിൽ നിന്നു ആദായം കിട്ടുമെന്നു നിങ്ങൾക്കു തോന്നുകയില്ല. ബാർബർ ആ കടയുടെ വാടകയും താമസിക്കുന്ന വീടിന്റെ വാടകയും അയാളുടെയും ഭാര്യയുടെയും സന്താനങ്ങളിൽ എട്ടുപേരുടെയുംകുപ്പായവും ആഹാരവും എല്ലാം അവിടെനിന്ന് ഏതുവിധമൊ ഉണ്ടാക്കുന്നുണ്ട്. പതിനൊന്നു സന്താനങ്ങളിൽ പ്രഥമപുത്രനുദ്യോഗമൊ മററാ എന്തൊ ഉണ്ട്. അതുംകൊണ്ടവന്റെ ചെലവിനൊന്നും ബാർബർ ഉണ്ടാക്കേണ്ട, അവനിൽനിന്നൊന്നും കിട്ടുന്നുമില്ല. രണ്ടാമത്തെ സന്താനം ഒരു പുത്രിയാണ്. അവൾ വിവാഹം കഴിച്ചുപോയി. മൂന്നാമത്തതും പുത്രിതന്നെ. അവൾ ഇപ്പോൾ "എവിടെയൊ" ആണ്. അതാണ് എട്ടുസന്താനങ്ങൾക്കുവേണ്ട ആഹാരവും വസ്ത്രവും മററും ഉണ്ടാക്കാനുള്ള ചുമതലമാത്രം ബാർ

ബർക്കു ബാക്കിനിൽക്കുന്നതു്.

ബാർബറുടെ കടയിൽനിന്നു് എന്തെങ്കിലും ലാഭമു ണ്ടാകുക എന്നുള്ളതു് അത്ഭുതങ്ങളിൽ ഒന്നായി നമുക്കു തോന്നാം. എന്നാൽ ഹൂഗ്ലീനദിയിലൂടെ കപ്പലുകൾ സ ഞ്ചരിക്കുകയും അതിൽ ജോലിക്കാർ ഉണ്ടായിരിക്കയും, ഏററുമതിയും ഇറക്കുമതിയും സർക്കാർ ചുങ്കം ഈടാക്കു കയും ചെയ്യുന്ന കാലത്തോളം ബാർബറുടെ കുടുംബത്തെ സംരക്ഷിക്കുവാൻ വേണ്ടതു് അയാൾക്കു കിട്ടുമെന്നാണു് സ്നേഹിതന്മാർ പറയുന്നതു്. അതിൽ കൂടുതൽ അക്കാ ര്യത്തിൽ നാം കിഴിച്ചു നോക്കാതിരിക്കുയാണു് ഉത്തമം. ഇരക്കാതെയും മോഷ്ടിക്കാതെയും മാനം മര്യാദയായി അ യാൾ കാലം തള്ളിവിടുന്നുണ്ടു്. കുടുംബം പുലത്തുന്നുണ്ടു്. അതെല്ലാം എങ്ങിനെയാണെന്നന്വേഷിക്കാൻ നമുക്കെ ന്താണാവശ്യം, എന്താണധികാരം? ഒരു വിദേശക്കപ്പൽ വ ന്നുകഴിഞ്ഞാൽ പിന്നെ ബാർബർ വളരെ 'ബിസി' ആ ണു്. കുറെ ദിവസത്തേക്കു് അയാളുടെ വസതിയിൽ ആകപ്പാടെ ഒരു പ്രത്യേക ഉണർവ്വും ഉത്സാഹവും കാണാം. കുട്ടികളിൽ ചിലക്കെങ്കിലും പുതിയ കുപ്പായങ്ങൾ ഉണ്ടാ കും. ഭക്ഷണകാര്യത്തിലും പ്രത്യേക ചിട്ട പ്രത്യക്ഷപ്പെടും. ബാർബർ കൃൾഡ്'റിങ്കസ്' സലൂണിൽപതിവിൽകൂടുതൽ സമയവും പണവും ചെലവാക്കുകയുംചെയ്യും. വിദേശക്ക പ്പലിലെ ജോലിക്കാരിൽ പലരും ചുങ്കം തീരാതെ ചരക്കു കൾ കൊണ്ടുവന്നു് കൽക്കത്തായിൽ വില്പനനടത്താറു ണ്ടു്. പലരെയും പിടികൂടാറുമുണ്ടു്. ആ വ്യാപാരവു മായി ബാർബർക്കു് ബന്ധമുണ്ടെന്നു് ചിലരെല്ലാം പറ ഞ്ഞുകേട്ടിട്ടുണ്ടു്. എങ്കിലും ഒരിക്കലെങ്കിലും അയാൾ ഒ രു കേസിൽ ശിക്ഷ ഏററിട്ടില്ല. ചില കേസുകളിൽ കുടുങ്ങിയിട്ടുണ്ടു്. അതു് കേവലം സംശയത്തെ അടി സ്ഥാനപ്പെടുത്തി ആയിരുന്നു. ചില പോലീസ് ഇൻ സ്പെക്ടർമാർ പണം കിട്ടുമെന്നുവച്ചു് കുത്തിപ്പൊക്കിയ

തൊ കെട്ടിച്ചമച്ചതൊ ആയിരുന്ന എന്നാണു് ബാബർ പറയുന്നതു്. അവയിൽ ഒന്നിലും ശിക്ഷിക്കപ്പെടാഞ്ഞതുകൊണ്ടു് ബാർബരുടെവാദം ശരിയാണെന്ന സമ്മതിച്ചുകളയാം. ഇന്നു് ധാരാളിയായും നാളെ ഞെരുക്കക്കാരനായും കഴിഞ്ഞു് നല്ല പരിചയം സമ്പാദിച്ച പാരമ്പര്യം ഉള്ളതുകൊണ്ടായിരിക്കാം, കിട്ടുമ്പോൾ പൊടിപൊടിച്ചും, ഇല്ലാത്തപ്പോൾ ബെൽററു കുറേക്കൂടി മുറുക്കികെട്ടിയും, ആരോടും സങ്കടവും പരാതിയും പറയാതെയും ബാർബർ ദിവസങ്ങൾ തള്ളിവിടുന്നതു്.

ഇന്ത്യക്കാർ വലിയ അന്ധവിശ്വാസികളാണെന്നു് ഇംഗ്ലീഷുകാർ ആക്ഷേപിക്കാറുണ്ടു്. ജ്യോതിഷത്തിൽ ഉള്ള വിശ്വാസമാണു് ഈ ആരോപണത്തിനു് അടിസ്ഥാനമായി അവർ ചൂണ്ടിക്കാണിക്കുന്നതു്. ഇന്ത്യക്കാരിൽ ജനിച്ച നക്ഷത്രമെങ്കിലും അറിയാത്തവർ ഉണ്ടോ? ശുഭശകുനവും ദുർശകുനവും തിരിച്ചറിയാൻ പാടില്ലാത്തവർപോലുംയാത്രപുറപ്പെടുമ്പോൾ ശകുനം നന്നൊ എന്നനോക്കാറില്ലേ? വിവാഹംപറഞ്ഞു തീർച്ചയാകുന്നതിനു മുമ്പു് പൊരുത്തം നോക്കിക്കാറില്ലേ, ഇതെല്ലാം അന്ധവിശ്വാസമല്ലേ എന്നാണു് ഖിലാത്തിക്കാരുടെ ചോദ്യം. അങ്ങിനെ ചോദിക്കുന്നവനും ഭാവിയിലേക്കു് എത്തിനോക്കാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ എന്നു് ചോദിക്കുന്ന സമയത്തുതന്നെ ആരായുന്നുണ്ടാവണം. എന്തെങ്കിലും ഒരു മാർഗ്ഗം ആരെങ്കിലും ചൂണ്ടിക്കാണിച്ചാൽ അന്ധവിശ്വാസത്തെപ്പററി പ്രസംഗിച്ചതെല്ലാം മറന്നു് ചൂണ്ടിക്കാണിക്കപ്പെട്ട മാർഗ്ഗത്തിലൂടെ ഓടുകയും ചെയ്യും. നക്ഷത്രങ്ങളുടെ നിലയൊ ചലനമൊ എല്ലാം നിരീക്ഷണം ചെയ്തു് കണക്കുകൂട്ടിവച്ചിട്ടുള്ള ഗണിതശാസ്ത്രത്തെയും അതിൽനിന്നുൽഭൂതമായ ജ്യോതിശാസ്ത്രത്തെയും ആലംബമാക്കി ഭാവിയെപ്പററി പറയുന്ന ജോത്സ്യരെ ഇന്ത്യക്കാരൻ ആശ്രയി

ക്കയൊ വിശ്വസിക്കയൊ ചെയ്യുന്നു. ഭാവികാണുന്നതിള്ള ശക്തിയൊ വൈദഗ്ദ്ധ്യമൊ ഇന്ത്യക്കാൎക്കെല്ലാം ഉണ്ടെന്നുപോലും വിശ്വസിക്കുന്ന ഇംഗ്ലീഷുകാരൻ, ഒരു തലപ്പാവുകണ്ടാൽ,അതു് ധരിച്ചിരിക്കുന്നവനെ നമിച്ചു് തൻെറ ഭാവി എന്താണെന്നു വിശദമാക്കിക്കൊടുക്കാൻ അപേക്ഷിക്കും. കറുത്തപൂച്ചയെ കാണുന്ന ദിവസത്തെ കാണുന്ന നിമിഷംമുതൽ ശപിക്കുന്ന ഇംഗ്ലീഷുകാരുണ്ടു്. പതിമ്മൂന്നു് എന്നസംഖ്യ ഗ്രഹപ്പിഴ വിളിച്ചുവരുത്താൻ ശക്തി ഉണ്ടെന്നു വിശ്വസിക്കുന്നവരുണ്ടു്. ഏണിപ്പടിയുടെ കീഴിൽ കാൽവച്ചാൽ തലപോകുമെന്നു വിശ്വസിക്കുന്നവരുണ്ടു്. ഇവയൊന്നും അന്ധവിശ്വാസമല്ലെന്നായിരിക്കാം അവരുടെ അഭിപ്രായം. രാവിലെ ഉണന്നാൽ വലത്തുവശത്തേക്കു എഴുന്നേററില്ലെങ്കിൽ ആ ദിവസം മുഴുവൻ ബുദ്ധിമുട്ടനുഭവിക്കുമെന്നു് ജോൺബാർബറിന്നു നിശ്ചയമാണു്. പതിമ്മൂന്നു് എന്ന സംഖ്യയെ അയാൾക്കു എത്രകണ്ടു് പേടിയാണെന്നൊന്നും പറയാനില്ല. രാവിലെ വ്യാപാരസ്ഥലത്തേക്കു പുറപ്പെടുമ്പോൾ ശകുനം എന്താണെന്നു പ്രത്യേകം നോക്കും. ഈവക കാൎയ്യങ്ങളിൽ അയാൾ ചിട്ടഒരിക്കലും തെററിക്കയൊ വിസ്മരിക്കയൊ ചെയ്കയില്ല. പശ്ചാത്യപൗരസ്ത്യ സങ്കലനമാണു് ജോൺബാർബർ. അയാളുടെ അഭിപ്രായങ്ങളിലും വിശ്വാസങ്ങളിലും എല്ലാം അതു കാണുന്നുണ്ടു്. അയാളുടെ സിരകളിലെ രക്തത്തിൽ ഒരു ശതമാനം ഇംഗ്ലീഷും, തൊണ്ണൂററിഒമ്പതുശതമാനം ഇന്ത്യനും ആണെങ്കിൽ, ഇംഗ്ലീഷുകാരുടെ അന്ധവിശ്വാസങ്ങളിൽ നൂറുശതമാനവും ഇന്ത്യയിലെ അന്ധവിശ്വാസങ്ങളിൽ നൂറെറാന്നു് (?) ശതമാനവും ജോൺബാർബറിന്നു കിട്ടിയിട്ടുണ്ടു്.

## അദ്ധ്യായം 2

അന്നു് രാവിലെ ഉണന്നപ്പോൾ തന്നെ ജോൺബാ

ർബ്ബറിന്ന് തോന്നി!, എന്തൊക്കെയൊ കന്തങ്ങൾവന്നു ക്രൂരിയേക്കമെന്ന്. ഇളയകുട്ടിയുടെ നിലവിളി കേട്ടാണു് ഉണൎന്നതു്. അതൊരു വെള്ളിയാഴ്ചയും.! അതുകൊണ്ടു് മതിയാകാഞ്ഞിട്ടായിരിക്കാം, കുട്ടിയുടെ നിലവിളി കേട്ട ധൃതിക്കു് ഇടതുവശമാണു് എണീററു പിടിപ്പിച്ചതു്! ബാർബ്ബർ അനുഭവിച്ചു തന്നെ അറിഞ്ഞിട്ടുള്ളതാണു് മെയ്മാസം അയാൾക്കു നല്ലകാലമല്ലെന്നു്. മെയ്മാസത്തിൽഉണ്ടായ കുഴപ്പങ്ങളുടെ ഒരു നീണ്ട പട്ടിക തന്നെ തയ്യാറാക്കാൻ പ്രയാസമില്ല. എന്നാൽ മെയ്മാസത്തിലുണ്ടായ അനുഗ്രഹങ്ങൾ കൈവിരലിൽ എണ്ണാൻ മാത്രമില്ല താനും.

അയാൾ വിവാഹം കഴിച്ചതു് മെയ്മാസത്തിലാണു്. ഭാൎയ്യ ക്ലാറാ നല്ല കൂട്ടത്തിലാണു്. വലിയ വഴക്കും വക്കാണവും ഒന്നുമില്ല. ഭർത്താവിൻെറ ഇഷ്ടം നോക്കണമെന്നാഗ്രഹമുണ്ടെന്നു സൂചിപ്പിക്കാറുണ്ടു്. പക്ഷെ പ്രസവവും അന്നന്നത്തെ പിഞ്ചുകുഞ്ഞിൻെറയും അതിൻെറ മൂത്ത "പിള്ളതു്" കുഞ്ഞിൻെറയും അതിൻെറ മൂത്ത കൊച്ചുകുഞ്ഞിൻെറയും "അററകുററം" നോക്കലും, അവയ്ക്കു് ശുശ്രൂഷയും കരപ്പനും ചികിത്സയും കഴിഞ്ഞു വരുമ്പോൾ പിന്നൊന്നിനും നേരമില്ല. കുട്ടികളുടെ രോഗങ്ങൾ ഒട്ടെല്ലാം ശമിക്കുമ്പോഴേക്കു അടുത്ത പ്രസവത്തിനു കാലമായിക്കഴിയും. അതിനുവേണ്ട വട്ടംകൂട്ടുകൾക്കു തന്നെ സമയവും കാലവും ഇല്ലായിരിക്കും. പിന്നൊന്തു ചെയ്വാനാണു് ആ സാധുസ്ത്രീ. കുട്ടികളുടെ രോഗവും നിലവിളിയും ബഹളവും അല്പമൊന്നു് കുറഞ്ഞു എന്നു് വിശ്വസിച്ചാശ്വസിക്കുമ്പോഴേക്കുണ്ടാകുന്ന കുടുംബവൎദ്ധനവും, ഒക്കെക്കൂടി കണക്കുകൂട്ടിയാൽ, ക്ലാറായെ അയാൾക്കു നൽകിയ വിവാഹത്തെ ഒരു അനുഗ്രഹമായി എണ്ണിക്കൂടാ എന്നു് ബാർബ്ബർക്കു് തോന്നാറുണ്ടു്,

അങ്ങിനെ കുഴപ്പങ്ങൾ വരുത്തിക്കൂട്ടാറുള്ള മെയ്മാ

സത്തിലെ ഒരു വെള്ളിയാഴ്ചയാണു് കുട്ടിയുടെ നിലവിളി കേട്ടു് ഇടതുവശം എണീററതു്. അന്നു് തീയതി പതിമൂന്നാണെന്നു് കൂടി ഓൎമ്മവന്നപ്പോൾ ബാർബർ ഞെട്ടിവിറച്ചുപോയി. അതുകൊണ്ടും അവസാനിച്ചില്ല ദുഷ്ക്കാലസൂചനകൾ. ചുമരിൽ തൂങ്ങുന്ന കലണ്ടറിലേക്കു ഒന്നു കണ്ണോടിച്ചപ്പോൾ അല്ലെ, "13" എന്നതീയതി കാണിക്കുന്ന അക്കത്തിനു് വലതുവശം അല്പം മുകളിലായി നല്ലകറുത്ത ഒരുവൃത്തം. "അയ്യൊ, ഇതുകൊണ്ടൊന്നും പോരാഞ്ഞു് എന്നപോലെ ഇന്നു കറുത്തവാവുംകൂടി ആണല്ലൊ" എന്നു് ഓൎത്തു ഭയന്നും വിധിയെ ശപിച്ചുംകൊണ്ടാണു് ചീവീടുപോലെ കരഞ്ഞുകൊണ്ടിരുന്ന കുട്ടിയെ എടുത്തതു്.

ക്ലാറാ ഇതൊന്നും അറിഞ്ഞില്ല. ഗർഭവതി ആയതുകൊണ്ടുള്ള — കാലം അടുത്തതുകൊണ്ടുള്ള — ക്ഷീണംകൊണ്ടൊ, രാത്രി മുലകിട്ടാഞ്ഞു് ഏററം ഇളയകുട്ടി സിദ്ധാന്തം തുടങ്ങിയതുമൂലം ഉറക്കം ശരിയാകാഞ്ഞതുകൊണ്ടൊ, ജോൺബാർബർക്കു് പന്ത്രണ്ടാമത്തു കാഴ്ച അണയുന്നതിനുള്ള സമയം അടുത്തുകൊണ്ടൊ, എന്തൊ ക്ലാറാ ഗാഢനിദ്രയിലാണു്. ബാർബർ അവളെ വിളിച്ചുണൎത്താൻ മുതിൎന്നില്ല. സാധു കിടന്നുറങ്ങിക്കൊള്ളട്ടെ അല്പസമയം, എന്നായിരുന്നു അവൻെറ മനസ്സിൻെറ ഗതി. മലൎന്നു് കിടന്നു് ഉറങ്ങുന്ന ക്ലാറായുടെ വയർ കണ്ടപ്പോൾ ബാർബറുടെ ഭയമൊ ആശങ്കയൊ വർദ്ധിച്ചു. "ഈ മുട്ട, ഇന്നു്, ഈ പതിമ്മൂന്നാം തീയതി വെള്ളിയാഴ്ച വിരിഞ്ഞു പിടിപ്പിക്കുമൊ" എന്നു് അവൻ തന്നാത്താൻ ചോദിച്ചുപോയി. "അപ്പോൾ പന്ത്രണ്ടാകും" എന്നു് ബാർബർ തന്നെ ആ ചോദ്യത്തിനുത്തരവും കൊടുത്തു.

ആ ഉത്തരം ഉണ്ടായ ക്ഷണത്തിൽ "പന്ത്രണ്ടാകും എന്നെന്താണിത്ര നിശ്ചയം. പതിമ്മൂന്നാകാൻ പാടി

ല്ലെന്നുണ്ടോ? പതിമൂന്നായാലോ" എന്നാരോ ചോദിക്കുന്നതുപോലെ തോന്നി ബാർബറിന്. ആ ചോദ്യം കേട്ടപ്പോഴാണ് അങ്ങിനെയും ആകാമല്ലൊ, അങ്ങിനെ ആകാൻ പാടില്ലാഴികയില്ലല്ലൊ എന്നുള്ള ഓൎമ്മ ഉണ്ടായതു്. സാധു! വിയൎത്തുപോയി: ദൈവമെ! പതിമ്മൂന്നാം തീയതി വെള്ളിയാഴ്ച, കറുത്തവാവുന്നാൾ, പതിമ്മൂന്നു സന്താനങ്ങളുടെ പിതാവാകയും കൂടിയൊ? കടയിലേക്കു പുറപ്പെടാൻ സമയമായപ്പോൾ ബാർബർ ഭാൎയ്യയോടു ചോദിച്ചു "വിശേഷം വല്ലതുമുണ്ടോ" എന്ന്. അവൎക്കു് ക്ഷീണമുള്ളതായി തോന്നിയതുകൊണ്ടു്, മുമ്പു് തോന്നിയഭയം മനസ്സിൽ വച്ചുകൊണ്ടാണ് ബാർബർ ചോദിച്ചതു്. "ഒന്നുമില്ല" എന്നമറുപടി അയാളെ സന്തുഷ്ടനാക്കിയൊ? പ്രസവം പല സ്ത്രീകൾക്കും ഒരു വിശേഷസംഭവമൊ അനുഭവമൊ ആണെങ്കിലും, മിസിസ്സ് ബാർബറിനെ സംബന്ധിച്ചിടത്തോളം അതൊരു സാധാരണ നടപടി ആയി പരിണമിച്ചിട്ടുണ്ടെന്നും, ആ സമയത്തും കാലത്തും അവൎക്കു് പ്രത്യേക ക്ഷീണമൊ പ്രയാസമൊ അരിഷ്ടകളൊ ഉണ്ടാകാറില്ലെന്നും നിശ്ചയമുണ്ടായിരുന്നതിനാൽ "ഒന്നുമില്ല" എന്ന മറുപടി ബാർബറുടെ ആശങ്കയെ അകററുന്നതിനു പൎയ്യാപ്തമായില്ല. അയാൾ വ്യാപാരസ്ഥലത്തേക്കു പുറപ്പെട്ടു. വീട്ടിൽ നിന്നു പുറത്തേക്കു കാൽവച്ചക്ഷണത്തിൽ ഒരു കറുത്തപൂച്ച മുമ്പിൽകൂടി വഴിവിലങ്ങി ചാടി ഓടിപ്പോയി. ചാടി ഓടിപ്പോയ ആ മാൎജ്ജാരൻ, താൻ സാധു ബാർബറിന്റെ ഹൃദയത്തിൽ ഒരു അസ്ത്രം തറച്ചുകയററി എന്ന കഥ അറിഞ്ഞതെ ഇല്ല. കടയിൽ പോകണ്ടെന്നു വച്ചാലൊ എന്നാണ് ആദ്യം തോന്നിയതു്, ഒന്നു രണ്ടു എടപാടുകാർ അന്നവിടെ ചെല്ലുമെന്നു് അറിയിച്ചിരുന്നതുകൊണ്ടു് പോകാതെ കഴിവില്ല. ശകുനപ്പിഴ തീൎക്കാൻ ബാർബർ രണ്ടുനാലചുവടു പിമ്പോട്ടുനടന്നു് ഒന്നുകറങ്ങി.

രണ്ടുനാലുചുവടു മുമ്പോട്ടുവച്ചു. പിന്നെയും ഒന്നുകറങ്ങി. അങ്ങിനെ മൂന്നുപ്രാവശ്യം പിമ്പോട്ടും മൂന്നുപ്രാവശ്യം മുമ്പോട്ടും നടക്കുകയും ആറുപ്രാവശ്യം കറങ്ങുകയും ചെയ്തു് അശുഭശകുനത്തിന്റെ അശുഭത്വത്തിനു പരിഹാരം തേടിയശേഷം കടയിലേക്കുതന്നെ പുറപ്പെട്ടു.

കടയിൽ അന്നു വിശേഷവിധിയായി ഒന്നും സംഭവിച്ചില്ല. അപകടം, ഉപദ്രവം, എപ്പോൾ വരുന്നു എപ്പോൾ വരുന്നു എന്നു നോക്കിനോക്കി ഇരുന്ന ബാർബർ ശരിക്കു ശ്വസിച്ചതുതന്നെ വൈകുന്നേരം ആറുമണി അടിക്കുന്നതു കേട്ടശേഷമാണു്. ആ ദിവസം അങ്ങിനെ അപകടംകൂടാതെ കഴിഞ്ഞു എന്നു് അയാൾ സമാധാനപ്പെട്ടു. ആറരമണി ആയപ്പോൾ അന്നാവിടെ എത്തുമെന്നറിയിച്ചിരുന്നവരിൽ ഒരാൾ കടയിൽചെന്നു. അയാളുമായി വളരെ ആദായകരമായ ഒരു വ്യാപാരം ചെയ്‌വാൻകൂടി സാധിച്ചപ്പോഴേക്കു്, അന്നത്തെ അശുഭശകുനത്തിനർത്ഥമൊന്നുമില്ലായിരുന്നു എന്നു തോന്നി ബാർബറിന്നു്.

എന്നും അടയ്ക്കാറുള്ളസമയത്തു് കടപൂട്ടി ബാർബർ പതിവുപോലെ ക്രൂൾഡ്‌റിങ്ക്സ് സലൂണിലേക്കു പുറപ്പെട്ടു. എന്നും ചെയ്യാറുള്ളരീതിയിൽ സ്നേഹിതന്മാരുമായി കുറെ സമയം ചെലവഴിച്ചശേഷം വസതിയിലേക്കു മടങ്ങി. കുട്ടികൾ ഒട്ടധികമുണ്ടെങ്കിലും അവരെ എല്ലാം ഒരുവിധം മര്യാദയ്ക്കുനടത്താൻ വേണ്ടകെൽപ്പ് മിസ്സിസ്സ് ബാർബറിനുള്ളതുകൊണ്ടു് ശകുനത്തിന്റെ ദൂഷ്യഫലം അവിടെ പ്രത്യക്ഷപ്പെട്ടിരിക്കുമെന്നു സംശയിക്കാനില്ല. പോരെങ്കിൽ കടയിലേക്കു പുറപ്പെട്ടപ്പോഴാണല്ലൊ ദുർശകുനം കണ്ടതു്. ആ ദിവസംതന്നെ കഴിയുകയും ചെയ്തു. അങ്ങിനെ ആലോചിച്ചും, അന്നു ചെയ്‌വാൻ സാധിച്ച വ്യാപാരത്തിൽ ലഭിച്ച നല്ല ലാഭം ഓർത്തു് സംതൃപ്തനും സന്തുഷ്ടനും ആയും "ക്രൂൾഡ്‌റിങ്ക്സ്" സലൂണിൽ

നിന്നുലഭിച്ച "സന്തോഷത്തോട്ടു"കൂടിയുംആണു് ജോൺ ബാർബർ മടങ്ങുന്നതു്.

അയാൾ വസതിയിലെത്തി. സന്താനവൃന്ദത്തിൽ ഉറങ്ങിപ്പോകാത്തവരെല്ലാം കൂടിയാണു് സ്വാഗതം അരുളാറുള്ളതു്. ഉറങ്ങിയവർ കൂടുതലും ഉറങ്ങാതെ പപ്പായെ കാത്തിരിക്കുന്നവർ കുറവുമാണു് പതിവു്. ഇന്നങ്ങിനെ അല്ല. ഇളയകുട്ടി ഒഴിച്ചു ബാക്കി ഏഴാളുകളും ഉൾപ്പെട്ടിട്ടുണ്ടു് സ്വാഗതസംഘത്തിൽ. പപ്പായെ കണ്ടക്ഷണത്തിൽ അവരിൽ ഏററം ഇളയകുട്ടി—ഉറങ്ങിപ്പോയ കുട്ടിയുടെ അടുത്തതു്—"മമ്മാ...രണ്ടു്" എന്നു് അതിനു ഉച്ചരിക്കാവുന്ന തരത്തിൽ വ്യക്തമായിപറഞ്ഞു.

മററുള്ളവരും ആ പല്ലവി പാടി. കാര്യത്തിൻെറ ഗൌരവം അവർ മനസ്സിലാക്കുന്നുണ്ടോ. അന്നുരാവിലെ എന്തൊ ഒരു ശക്തിയൊ സത്യമൊ അയാളെ ഓർമ്മപ്പെടുത്തിയതുപോലെ ബാർബർ പതിമ്മൂന്നു്-നശിച്ച പതിമ്മൂന്നു്, ശപിക്കപ്പെട്ട പതിമ്മൂന്നു് ഗ്രഹപ്പിഴയെ വലിച്ചു കൊണ്ടുവരുന്ന പതിമ്മൂന്നു്-സന്താനങ്ങളുടെ പിതാവായി എന്നല്ലെ കുട്ടികൾ പാടുന്നതു്. ബാർബർ മരവിച്ചുനിന്നുപോയി. നിൽക്കുന്ന സ്ഥാനത്തു് ഭൂമി പിളന്നു് അയാളെ വിഴുങ്ങിയിരുന്നെങ്കിൽ......എന്നായിരുന്നു ബാർബറുടെ ചിന്താഗതി. മമ്മി രണ്ടു കുട്ടികളെ ഒരേസമയം പ്രസവിച്ചതു് എന്തൊ ഒരു വലിയ വിജയമൊ പദവിയൊ ആയി വിശ്വസിച്ചിരുന്ന കുട്ടികൾ അതു വല്ലതും അറിഞ്ഞൊ.

എല്ലാം തവിടുപൊടിയാക്കുന്നതിനു് തയ്യാറെടുത്തു് അയാളുടെ മനസ്സിൽ അലതല്ലിക്കൊണ്ടിരുന്ന വികാരത്തിരമാലകളെ എങ്ങിനെയൊ അടക്കിയിട്ടു് ബാർബർ, കുട്ടികളുടെ മാതാവു് കിടക്കുന്ന മുറിയിലേയ്ക്കു കടന്നു. കുട്ടികൾ കളവു പറഞ്ഞതായിരിക്കാം, എന്നൊരു നേരിയ,വളരെ നേരിയ പ്രതീക്ഷയുംഇല്ലാതിരുന്നു എന്നു

പറഞ്ഞുകൂടാ. ഈററില്ലം എവിടെ ആണെന്ന് അന്വേഷിക്കേണ്ടആവശ്യമില്ല. മിക്കവാറും ആണ്ടുതോറും തന്നെ ആ മുറി ഉപയോഗപ്പെട്ടുവന്നിരുന്നതാണല്ലോ.

പ്രാണനാഥന് രണ്ടു് ഓമനപുത്രന്മാരെ ഒരേസമയം കാഴ്ചവെക്കാൻ സാധിച്ചതിലുള്ള സന്തോഷമല്ല ബാർബർ അയാളുടെ വത്സലയുടെ മുഖത്തു കണ്ടതു്. ക്ഷമിക്കണം എന്നു് അവളുടെ മുഖവും കണ്ണും ഉറച്ച ശബ്ദത്തിൽ പറയുന്നതുപോലെ തോന്നി ജോണിനു്. അയാൾ കുശലം അന്വേഷിച്ചശേഷം മുറിയിൽനിന്നു് ഇറങ്ങി. കുട്ടികൾ എല്ലാം ഉറങ്ങുന്നതുവരെ സൈ്വരമായി ഒന്നിരിക്കാനൊ, എന്തെങ്കിലും ആലോചിക്കാനൊ സാധിക്കയില്ലെന്നു് അനുഭവിച്ചറിഞ്ഞിട്ടുള്ള ജോൺ ബാർബർ കുട്ടികളെ എല്ലാം എത്രയും വേഗത്തിൽ ഉറക്കുന്നതിനു ശ്രമിക്കയാണു് ചെയ്തതു്. ആ സമയമെല്ലാം പതിമ്മൂന്നു്...പതിമ്മൂന്നു് എന്നാരോ ഭയങ്കരശബ്ദത്തിൽ അയാളുടെ ചെവിയിൽ അലറുന്നതായി തോന്നിക്കൊണ്ടിരുന്നു.

കുട്ടികൾ ഉറക്കമായി. ഈ അപകടത്തിൽ നിന്നു മോചനം പ്രാപിക്കാൻ എന്താണുമാർഗ്ഗമെന്നു് ജോൺ തനിയെ ഇരുന്നു ആലോചിക്കയാണു്. ജോത്സ്യന്മാരെവല്ലവരെയും കണ്ടു് ചോദിച്ചാലോ? അതുകൊണ്ടു പ്രയോജനമില്ല. വന്നു തലയിൽക്കേറിക്കഴിഞ്ഞ ആപത്തൊഴിക്കാൻ ജോത്സ്യനെക്കൊണ്ടു് സാധിക്കയില്ല. പിന്നെയും ആലോചിച്ചു. രക്ഷാമാർഗ്ഗം ഒന്നുമില്ല എന്നു നിരാശപ്പെട്ടുതുടങ്ങിയപ്പോൾ പെട്ടെന്നൊരുമാർഗ്ഗം ആരോ തുറന്നു കാണിച്ചതുപോലെ തോന്നി. ജോൺചാടിഎഴുന്നീററു. കോട്ടു് എടുത്തിട്ടു. ഭാര്യകിടക്കുന്ന മുറിയിൽ കടന്നു. അവൾ ഉറങ്ങുകയല്ല. കുട്ടികൾരണ്ടും നല്ല ഉറക്കമാണു്. ജോൺ അതിൽ ഒന്നിനെ കൈയിൽഎടുത്തു. ഉത്തരക്ഷ

ണത്തിൽ പുറത്തുചാടി. കുട്ടിയെ എന്തിനെടുത്തു എന്നോ, പുറത്തേക്കു കൊണ്ടുപോകുന്നതെന്തിനെന്നോ ആ മാതാവു ചോദിച്ചില്ല.

ജോൺ ബാർബർ കുട്ടിയെ ഒരു തുവാലയിൽ പൊതിഞ്ഞിട്ട് വീട്ടിൽനിന്ന് ഇറങ്ങി ഇരുട്ടിൽ അപ്രത്യക്ഷനായി. പ്രകാശം വീണുതുടങ്ങിയപ്പോൾ ആണ് അയാൾ മടങ്ങി എത്തിയത്. നേരെ ഭാര്യകിടക്കുന്ന മുറിയിലേക്കു ചെന്നു. ഒരു കുട്ടിയെയും കൊണ്ടുപോയ ഭർത്താവ് കൈവീശികേറിച്ചെല്ലുന്നതു കണ്ടപ്പോഴും അയാളുടെ ഭാര്യ കുട്ടി എവിടെ എന്നു ചോദിച്ചില്ല. എങ്കിലും താൻ എന്താണ് ചെയ്തതെന്ന്, പതിമ്മൂന്നിന്റെ പിടിയിൽ നിന്ന് ഏതുവിധമാണ് രക്ഷപെട്ടതെന്ന് കുട്ടിയുടെ മാതാവിനെ ധരിപ്പിക്കേണ്ടധർമ്മം ഉണ്ടെന്ന് തോന്നുകയാൽ ജോൺബാർബർ പറഞ്ഞു "പതിമ്മൂന്നു സന്താനങ്ങൾ കഷ്ടകാലം വിളിച്ചുവരുത്തുമെന്ന് നിനക്കും അറിയാമല്ലോ. ആ വിപത്തിൽ നിന്നു രക്ഷപെടുന്നതിനൊരു മാർഗ്ഗം കണ്ടുപിടിക്കനൊണു ഞാൻ പോയതു്"

ജോൺ ഇത്രയും പറഞ്ഞിട്ടും നിരാശക്കുണ്ടിൽ പതിച്ചുപോയ ആ മാതാവ് അയാൾ കണ്ടുപിടിച്ചമാർഗ്ഗം എന്താണെന്നന്വേഷിച്ചില്ല. ജോൺ തുടൎന്നു-"ഞാൻ കുട്ടിയെ ഒരു അനാഥശാലയുടെ ഉമ്മറത്തു കൊണ്ടു വച്ചു. അവിടുത്തെ ആളുകളിൽ ആരെങ്കിലും വാതിൽ തുറന്നിറങ്ങിവന്നു കുട്ടിയെ എടുത്തു കൊണ്ടുപോയശേഷമെ മടങ്ങുകയുള്ളു എന്നുവച്ച് അല്പം ദൂരത്തുമാറിനിൽക്കുക ആയിരുന്നു. അരമണിക്കൂർ സമയത്തേക്കു ഒന്നും ഉണ്ടായില്ല. അപ്പോൾ കുട്ടി കരയാൻ തുടങ്ങി. നിലവിളി കേട്ട് ഒരാൾ വാതിൽ തുറന്നിറങ്ങിവന്ന് കുട്ടിയെ എടുത്തുകൊണ്ട് അകത്തേക്കുപോയി. ഞാൻ മടങ്ങുകയും ചെയ്തു"

പിന്നെയും മാതാവു് മൌനം ഭജിച്ചു. അവർ എന്തെങ്കിലും പറയും എന്നുവച്ചു ജോൺ കുറെ സമയം കാത്തശേഷം പറഞ്ഞു. "കുഞ്ഞിനെ എത്ര വാത്സല്യത്തോടെയാണു് എടുത്തുകൊണ്ടുപോയതെന്നറിഞ്ഞോ. ഇലക്ട്രിക്കു് ലൈററു് ശോഭിച്ചുകൊണ്ടിരുന്നതിനാൽ എനിക്കു നന്നായി കാണാമായിരുന്നു. അവർ അവനെ ഓമനിച്ചുവളർത്തിക്കൊള്ളും. നമ്മൾ നോക്കുന്നതിൽ നന്നായി നോക്കും. വല്ലതും തൊഴിൽ പഠിപ്പിക്കയും ചെയ്യും. അവർക്കു് പണത്തിനു് പ്രയാസമില്ലാത്തതു കൊണ്ടു് ഇവിടത്തെക്കാൾ സുഖമായിരിക്കും. അവർക്കു പതിമ്മൂന്നാമത്തതല്ലല്ലൊ"

"ദൈവം അവനെ കാക്കട്ടെ" എന്നു് വ്യസനസ്വരത്തിൽ പറഞ്ഞിട്ടു് ആ മാതാവു് മുഖം മറുവശത്തേക്കു തിരിച്ചു കളഞ്ഞു. ജോൺ ഒരു അരമണിക്കൂർ എങ്കിലും ഉറങ്ങാമൊ എന്നു നോക്കാൻ പോയി കിടന്നു. പന്ത്രണ്ടിൽ പതിമ്മൂന്നു്, പന്ത്രണ്ടിൽ പതിമ്മൂന്നു്...... എന്നിങ്ങനെ ആരൊ മുറയ്ക്കു പാടുന്നതേ കേൾക്കാനുള്ളു. പിന്നെങ്ങിനെ ഉറങ്ങും. അല്പസമയം കഴിഞ്ഞപ്പോൾ കുട്ടികൾ എല്ലാം ഉണർന്നു ബഹളം കൂട്ടിത്തുടങ്ങിയതുകൊണ്ടു് ഉറങ്ങാനുള്ളശ്രമം തന്നെ ബാർബർ ഉപേക്ഷിക്കേണ്ടതായിവന്നു. ഒരു കുട്ടി അപ്രത്യക്ഷമായതിൻെറ രഹസ്യംകൂടെ ഉണ്ടായിരുന്നവരിൽ മൂത്തരണ്ടു കുട്ടികളോടു മാത്രമെ പറയേണ്ടതായി വന്നുള്ളു.മററുള്ളവരെ"വേറൊന്നുകൂടി ഉണ്ടെന്നു നിങ്ങൾക്കു തോന്നിപ്പോയതാണു്"എന്നു പറഞ്ഞു തൃപ്തിപ്പെടുത്തി.

അനാഥശാലക്കാർ അവർക്കു കിട്ടിയ കുട്ടിയുടെ മാതാപിതാക്കന്മാർ ആരാണെന്നു് അന്വേഷിച്ചില്ല. അറിഞ്ഞില്ല. അവർ അവനു് റോബർട്ടു് ബെഡ്ഫോർഡു് എന്നാണു് പേർ കൊടുത്തതു്. ബാർബർ അവൻെറ പന്ത്രണ്ടാമത്തെ സന്താനത്തിനു റോജർ എന്നുപേർ കൊടുത്തു.

വർഷങ്ങൾ പലതുകഴിഞ്ഞു. റോബർട്ട് ബെന്ദാണ്ടും, റോജർ ബാർബറും യൗവ്വനത്തിൽ പ്രവേശിച്ചു. റോബർട്ട് യന്ത്രങ്ങൾ കാണുന്നതിലും അവയെ തൊടുന്നതിലും പ്രത്യേകരസം ചെറുപ്പംമുതൽ തന്നെ പ്രത്യക്ഷപ്പെട്ടത്തിയിരുന്നു. ആ വഴിക്കാണ് അവന്റെ വാസന എന്നുകണ്ട അനാഥശാലാധികൃതർ റോബർട്ടിന് പതിനേഴുവയസ്സായപ്പോൾ ഒരു വർക്ക്ഷോപ്പിൽ അപ്രെൻറീസായി പ്രവേശനം വാങ്ങിക്കൊടുത്തു. യന്ത്രങ്ങളോടെല്ലാം പൊതുവെ താല്പര്യമുണ്ടെങ്കിലും, മോട്ടോർവാഹനങ്ങളോടും അവയിലെ യന്ത്രങ്ങളോടും അവനു് ഉണ്ടായിരുന്ന പ്രത്യേക പ്രതിപത്തി മനസ്സിലാക്കിയ, ആ വർക്ക്ഷോപ്പിലെ ചീഫ് എൻജിനീയർ ഓട്ടോമൊബയിൽ വകുപ്പിലേക്ക റോബർട്ടിനെ നിയോഗിച്ചു. മൂന്നുവർഷംകൊണ്ടു് അവൻ ആ ശാഖയിൽ സാമാന്യം നല്ല പ്രായോഗിക പരിജ്ഞാനം സമ്പാദിക്കയും ചെയ്തു.

റോബർട്ടാണോ റോജർ ആണോ പതിമ്മൂന്നാമൻ എന്നു് അവരുടെ മാതാവിനല്ലാതെ ജോൺ ബാർബറിനുപോലും അറിഞ്ഞുകൂടാ. നറുക്കെടുക്കുന്നതുപോലെ കണ്ണുംപൂട്ടിക്കൊണ്ടു് ഒരു കുട്ടിയെ വലിച്ചെടുത്തുകൊണ്ടു് ഓടുകയാണല്ലോ ബാർബർ അന്നു് ചെയ്തതു്. പതിമ്മൂന്നിന്റെ പിടിയിൽനിന്നു്, എങ്ങിനെ എങ്കിലും രക്ഷപ്രാപിക്കണമെന്നു് ഏകചിന്തയെ അയാൾക്ക ആ സമയത്തുണ്ടായിരുന്നുള്ളു. റോജറാണൊ മററതാണൊ മൂത്തകുട്ടി എന്നു് അവരുടെ പപ്പാ പലപ്പോഴും ചോദിക്കാറുണ്ടു്. മമ്മാ നിശ്ചയമില്ലെന്നുള്ള നാട്യത്തിൽ കഴിക്കുകയാണു് അപ്പോഴെല്ലാം ചെയ്തുവന്നതു്. റോബർട്ട് ഗ്രഹപ്പിഴ പിടിച്ച പതിമ്മൂന്നാമൻ ആയിരുന്നു എങ്കിൽ ദുർഗ്രഹങ്ങൾ അവനെ പിന്തുടന്നു് ഉപദ്രവിച്ചില്ല. കണ്ണുതുറക്കുന്നതിനു മുമ്പു തന്നെ മാതാവും പിതാ

വും കുടുംബവും നഷ്ടപ്പെടുകയും അപഹാസ്യമായ പരിതഃസ്ഥിതിയിൽ കഴിയേണ്ടതായിവരുകയും ചെയ്തതുകൊണ്ടു് ദുർഗ്രഹങ്ങൾക്കു് തൃപ്തി ആയതായിരിക്കുമോ? അതുകൊണ്ടു് അവ ആ കുട്ടിയെ പിന്തുടന്നു് ദ്രോഹിക്കാൻ ശ്രമിക്കാതെ അനുഗ്രഹിക്ക ആയിരിക്കുമോ ചെയ്തതു്–, അതൊ അവൻ പന്ത്രണ്ടാമൻ ആയിരുന്നോ? സാമൂഹ്യാചാര വിരുദ്ധമായ രീതിയിൽ ജനിക്കുന്ന കുട്ടികളെ അല്ലാതെ ആരും അനാഥശാലയിൽ ഏല്പിക്കയില്ലെന്നൊരു പതിവുണ്ടായിരുന്നതുകൊണ്ടു് അനാഥശാലയിലെ കുട്ടികളെ എല്ലാംതന്നെ കൌലടേയരായിട്ടാണു് ലോകർ ഗണിച്ചുവന്നതു്. തന്മൂലം കുൽസിതമൊ ലജ്ജാകരമൊ ആയി ഗണിക്കപ്പെട്ട ജീവിതം, റോബർട്ടിനു് വിവേകത്തിനുള്ള പ്രായമായപ്പോൾ അവനെ കഠിനമായി വേദനപ്പെടുത്തി. മാതാപിതാക്കളുടെ ലാളന ഒരിക്കലും അനുഭവിച്ചിട്ടില്ലാതിരുന്നതുകൊണ്ടു് അതിൻെറ അഭാവം അവൻ അറിഞ്ഞില്ലെന്നു പറയാം. ആരെയും ആകർഷിക്കത്തക്ക അവൻെറ മുഖത്തിൻെറ ആകർഷണീയത, "ഞാൻ നിസ്സഹായനാണെന്നു്" എപ്പോഴും വിളിച്ചുപറയാറുണ്ടായിരുന്ന അല്പം നീലനിറം കലൻ നീണ്ട വലിയ കണ്ണുകൾ വർദ്ധിപ്പിച്ചു. റോബർട്ടിനു് ഏഴു വയസ്സുള്ളപ്പോൾ അനാഥശാല സന്ദർശിച്ച ഒരു വനിതയെ അവൻെറ സൌന്ദര്യവും ചുറുചുറുപ്പും നന്നായി ആകർഷിച്ചു. ഭാര്യാപദത്തിലും മാതൃപദത്തിലും പ്രവേശിക്കുന്നതിനുണ്ടായിരുന്ന ആ വനിതാരത്നത്തിൻെറ അത്യാകാംക്ഷയ്ക്കു്, അവളെ അത്യന്തം വിരൂപയാക്കി ചെയ്ത കോന്ത്രപല്ലുകളും മറിക്കണ്ണും വിലങ്ങടിച്ചു നിന്നിരുന്നു. ആ സ്ത്രീ അമർച്ച ചെയ്‌വാൻ ശ്രമിച്ചുകൊണ്ടിരുന്ന മാതൃത്വം സുമുഖനായ റോബർട്ടു് തട്ടിഉണർത്തി. അവർ റോബർട്ടിനോടു കുറെ അധികസമയം സംസാരിക്കയും ചില ചില്ലറ സമ്മാനങ്ങൾ കൊടുക്കയും

ചെയ്തിട്ടു് അവനെവിട്ടുപിരിഞ്ഞസമയം കോരിവാരിഎ
ടുത്തു് നാലാറു ഉമ്മവച്ചു് മാതൃസ്ഥാനകാംക്ഷയ്ക്കു അല്പ
മൊരു ശാന്തിവരുത്താൻശ്രമിച്ചു. അപ്രതീക്ഷിതമായുണ്ടാ
യ ആ അശ്ലേഷചുംബനാദികൾ റോബർട്ടിനെ ഭയാക്രാ
ന്തനാക്കി. അവൻ വാവിട്ടു നിലവിളിച്ചു. സ്ത്രീസൌ
ന്ദര്യത്തെപ്പററി വിധി കൽപ്പിക്കാനുള്ള പ്രായത്തിൽ എ
ത്തിയിരുന്നില്ലെങ്കിലും, ഒരു ശിശുവിനപോലും ആ വക
കാര്യങ്ങളിൽ പ്രകൃതി നൽകാറുള്ള വാസന റോബർട്ടിന
ലഭിച്ചിരുന്നു എന്നും, ആ സാധു സ്ത്രീയിൽ ആകർഷണീ
യമായി അവൻ ഒന്നും കണ്ടില്ലെന്നല്ല ബീഭത്സമായി പല
തെല്ലാം കണ്ടു എന്നും വന്നു കൂടാത്തതല്ലല്ലൊ. എന്താ
യാലും അവൻ അന്നു് ആഹാരം കഴിച്ചില്ല. നിലവിളി
നിറുത്തിക്കാൻ അനാഥശാലാധികൃതർ ഇണങ്ങിയും പി
ണങ്ങിയും നോക്കിയിട്ടു പററിയതുമില്ല. നിലവിളി നി
റുത്താൻ റോബർട്ടിനെക്കൊണ്ടു സാധിക്കാത്തതാണെന്നു്
അവർക്കു ബോദ്ധ്യമായപ്പോൾ നേരത്തെ കിടന്നു ഉറങ്ങി
ക്കൊള്ളാൻ കൽപ്പന കൊടുക്കയാണു് ചെയ്തതു്. അവൻ
ഉറങ്ങുന്നതുവരെ നിലവിളിച്ചു. ഉറക്കത്തിലും കുറെ ഒക്കെ
നിലവിളിച്ചു. ആ അനുഭവം ഉണ്ടായതിനു് ശേഷം അ
നാഥശാല സന്ദർശിക്കാൻ സ്ത്രീകൾ ആരെങ്കിലും ചെന്നാൽ
റോബർട്ടു് അവരുടെ സമീപത്തെങ്ങും അടുക്കയില്ലെന്നു
മാത്രമല്ല, അവർ അവനെ കാണാതെ കഴിക്കാൻ ശ്രമിക്ക
യും കൂടി ചെയ്യുമായിരുന്നു.

ഓട്ടോമൊബയിൽ എൻജിനീയറിങ്ങു് പഠിച്ചു്
ജോലിയിൽ പ്രവേശിച്ചശേഷവും—അതായതു യൌവന
ത്തിലും ലോകരംഗത്തും പ്രവേശിച്ചശേഷവും—ഈ സ്ത്രീ
വിദ്വേഷം റോബർട്ടിനെ വിട്ടുപിരിഞ്ഞില്ലെന്നു് ഒന്നു
രണ്ടുപ്രാവശ്യം തെളിയുന്നതിനിടയായി. യുവതികളെ
തൊട്ടാൽമതി, ചുംബിക്കാനൊരുങ്ങിയാൽമതി. ഒരുകോ
ച്ചൽ ഉണ്ടാകും. അതൊരു ബലഹീനതയാണെന്നും, എ

ങ്ങിനെയും ആ ബലഹീനത മാററണമെന്നും റോബർട്ടിന് ആഗ്രഹം തോന്നിത്തുടങ്ങിയിട്ടുണ്ടു്.

അങ്ങിനെ ഒരു ബോദ്ധ്യം ഉണ്ടാവാൻ കാരണം ഒരു യുവതി തന്നെ ആയിരുന്നു. അവൻ മിഡ്നപ്പൂരിൽ ജോലിചെയ്തുവന്ന വർക്കുഷോപ്പിൻെറ മാനേജരുടെ ഏക പുത്രി ഒരു ദിവസം വർക്കുഷോപ്പിൽ വരുകയുണ്ടായി. യൗവ്വനം തിളച്ചുതുളുമ്പിമറിയുന്ന പ്രായം. ആരുടെയും കണ്ണിനിമ്പം നൽകുന്ന ആകാരം. കായമനഃക്ലേശങ്ങൾ തീണ്ടിയിട്ടില്ലാത്ത ഉത്സാഹം. ലോകവും അതിലുള്ളവ എല്ലാം തൻെറ സന്തോഷത്തിന്നു് ഈശ്വരൻ സൃഷ്ടിച്ചതാണെന്നുള്ളവിശ്വാസം, ഇതാണു് ലിലി. അപ്പൻെറ വർക്കുഷോപ്പിൽ എണ്ണയും ചെളിയും പുരണ്ട കുപ്പായംധരിച്ച ഫോർമാനും ഫിററർമാരും എല്ലാം ഉണ്ടെന്നവൾക്കറിയാമായിരുന്നു. എന്നും ഒട്ടധികം മോട്ടോർവാഹനങ്ങളും, അവയുടെ അററകുററം തീർക്കാനും ചായമിടാനും മററും എണ്ണയും ചെളിയുംപുരണ്ട ചില യന്ത്രങ്ങൾ ഉണ്ടെന്നും ലിലിക്കറിയാം. എണ്ണയും ചെളിയുംപുരണ്ട ആ യന്ത്രങ്ങളെയും എണ്ണയും ചെളിയും പുരണ്ട ആ മനുഷ്യരെയും എല്ലാം അവൾ ഒരെതരത്തിലൊ നിലയിലൊ ആണു് എണ്ണിയിരുന്നതു്.

റോബർട്ടു് ലിലിയുടെ അപ്പൻെറ വർക്കുഷോപ്പിൽ ഫോർമാനായി വന്നശേഷം ഇടംപ്രപ്രഥമമായി അവൾ അവിടെ ചെല്ലുകയാണു്. എന്നു വർക്കുഷോപ്പിൽ ചെന്നാലും അവൾ അവിടെല്ലാം ചലച്ചും ചിരിച്ചും ചുററിത്തിരിയും. അവളുടെ ആ നടപ്പുകണ്ടാൽ, ആട്ടിൻകുട്ടികൾ തുള്ളിച്ചാടി കളിക്കുന്നതിനെക്കാൾ ഭംഗിയും രസവും ഉണ്ടെന്നാണു് അവളുടെ അച്ഛൻ സ്റ്റാൻഡൻെറ അഭിപ്രായം. അന്നു് ചുററിഅടിച്ചു ഫോർമാൻെറ മുറിയുടെ മുമ്പിൽചെന്നപ്പോൾ കോമളനായ ഒരു യുവാവു് മുറിയിൽനിന്നു പുറത്തേക്കുവരുന്നു. ലിലിയെ

വെല്ലുന്ന ഒരു "ലിലി" അവിടെ ഉണ്ടെന്നു് റോബർട്ടോ, ഫോർമാൻെറ മുറിയിൽനിന്നു് ഒരു കാമദേവൻ ഇറങ്ങിവരുന്നുണ്ടെന്നു് ലിലിയൊ അറിഞ്ഞിരുന്നില്ല. ലിലി, വർക്കഷോപ്പുടമസ്ഥൻെറ പുത്രിയാണെന്നു് റോബർട്ടിനറിയാമായിരുന്നു. ഫോർമാൻെറ മുറിയിൽ നിന്നു് ഇറങ്ങിവന്ന യുവാവു പുതിയ ഫോർമാനാണെന്നു് ലിലി അറിഞ്ഞതുമില്ല. അവൻ എണ്ണയും ചെളിയും പററിയ വസ്ത്രങ്ങൾ മാററി, കൈയും മുഖവും എല്ലാം വൃത്തിയാക്കി, വർക്കഷോപ്പുസംബന്ധിച്ചു ഒരു കായ്യത്തിനു തന്നെ പുറത്തേക്കുപോകുവാൻ ഇറങ്ങിവരുക ആയിരുന്നു.

റോബർട്ടു് ലിലിയുടെ സമീപത്തേക്കുചെന്നു്, അവൻ ഫോർമാനാണു്, എന്തെങ്കിലും അവൻ ചെയ്‌വാനുണ്ടോ എന്നു് ഉപചാരപൂർവ്വം ചോദിച്ചു. മുതലാളിയുടെ പുത്രിയെ ആണൊ, അതൊ ലിലിയുടെ സൌന്ദര്യത്തെയും ഉത്സാഹത്തെയും ആണൊ റോബർട്ടു് ബഹുമാനിച്ചതെന്നു് ആരായേണ്ടതില്ല.

ഫോർമാൻ എന്നുവച്ചാൽ എണ്ണയും ചെളിയും പുരണ്ട കുപ്പായത്തിൽ പൊതിഞ്ഞിട്ടുള്ള രണ്ടുകാലും ചെളിപിടിച്ച രണ്ടു കൈയും, എണ്ണയുടെയും ചെളിയുടെയും ലാഞ്ഛനയോടുകൂടിയ മുഖവും ഉള്ള ഒരുവസ്തു, അല്ലെങ്കിൽ ഒരു ജന്തു എന്നായിരുന്നു ലിലിയുടെ വയ്പു്. വൃത്തിയായും ഭംഗിയായും വസ്ത്രധാരണം ചെയ്തിട്ടുള്ള ആകർഷണീയനായ ഒരു ചെറുപ്പക്കാരനെ അല്ലാതെ ശരിയായ ഫോർമാനെ റോബർട്ടിൽ ദർശിക്കാൻ അവൾക്കു സാധിച്ചില്ല. മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത ഒരു വിചിത്രവസ്തുവിനെ കാണുന്ന ഒരു കൊച്ചുകുട്ടി നോക്കുന്നരീതിയിൽ ലിലി റോബർട്ടിനെ സൂക്ഷിച്ചുനോക്കി. വിസ്മയം, സന്തോഷം, സംതൃപ്തി ഇവ എല്ലാം അവളുടെ മുഖത്തും കണ്ണിലും പ്രതിഫലിക്കുന്നതു് സ്ത്രീവിദ്വേഷിയായ റോബർട്ടുകണ്ടു് ശരിക്കു മനസ്സിലാക്കുകയും ചെയ്തു. അതു്

ആ സ്ത്രീവിദ്വേഷിക്ക് സന്തോഷപ്രദമായിട്ടാണ് തോന്നിയതെന്നുള്ള വസ്തുത റോബർട്ടിനുതന്നെ അത്ഭുതമുളവാക്കി.

ലിലി പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു "ഒരു പുതിയ ഫോർമാനെ എടുത്തു എന്ന് അച്ഛൻ പറഞ്ഞു. ഫോർമാൻമാരെല്ലാം കിളവന്മാരും, എണ്ണയിൽ കുളിച്ചു നടക്കുന്നവരുമാണെന്നാണ് ഞാൻ ധരിച്ചിരുന്നത്." അവൾ നല്ലൊരുചിരിയോടു കൂടിയാണ് അവസാനഭാഗം ഉച്ചരിച്ചത്.

ലിലിയുടെ മുഖത്തു പുഞ്ചിരികളിയാടുന്നതു കാണാൻ തന്നെ ഒരു സുഖമുണ്ടെന്നും, അവളുടെ ചിരികേൾക്കാൻ വളരെ ഇമ്പമുണ്ടെന്നും തോന്നിയ ആ സ്ത്രീവിദ്വേഷി ക്ഷമാപണംചെയ്തുപറഞ്ഞു, "ഞാനും ഒരുതരത്തിൽ പറഞ്ഞാൽ കിളവനാണ്. എണ്ണയും ചെളിയും പുരണ്ട കുപ്പായവും ഉണ്ടു്. ഇപ്പോൾ പുറത്തേക്കുപോകണമെന്ന് മാനേജർ ആവശ്യപ്പെട്ടതുകൊണ്ടു അവ മാററിയിട്ട് ഇറങ്ങിവരുകയായിരുന്നു."

ലിലി:–"ഈ യന്ത്രമെന്താണ്. ഇതിനുമുമ്പ് ഇവിടെ കണ്ടിട്ടില്ലല്ലൊ?"

റോബർട്ട്:–"ഒരു പുതിയതരം എയർകമ്പ്രസ്സർ ആണ്. വായു അതിൽ കേററി അമർത്തിനിറുത്താം. രണ്ടു ദിവസമെ ആയുള്ളു ഫിററുചെയ്തിട്ട്."

ലിലി:–"സമയമുണ്ടെങ്കിൽ ഇതിൻെറ പ്രവർത്തനരീതി ഒന്നു കാണിച്ചുതന്നാൽ......"

റോബർട്ട്:–"ഞാൻ ഉടനെ പുറത്തേക്കു പോകണമെന്നാണ് മാനേജർ ആജ്ഞാപിച്ചത്. ഒരു പ്രധാന ഇടപാടുകാരനെ കാണുന്നതിനാണ്."

ലിലി:–"എന്നാൽ പൊയ്ക്കോളണം. ഞാൻ നാളെയൊ മറെറാവന്ന് കണ്ടുകൊള്ളാം."

ലിലിയുടെ ഉത്സാഹത്തിളപ്പിന് എന്തൊ ഒരു ത

ടസ്സം സംഭവിച്ചുഎന്ന് അപ്പോൾ അവിടേയ്ക്കുചെന്ന സ്റ്റാൻഡൻ അവളുടെ മുഖത്തുനിന്നു മനസ്സിലാക്കി. ജീവിതസാർവ്വസ്വമായ, കൺമണിയായ പുത്രിയുടെ ഇഷ്ടം എന്താണെന്ന് ചോദിക്കാതെതന്നെ മനസ്സിലാക്കി പ്രവർത്തിക്കുകയാണു് തന്റെ ധർമ്മമെന്നായിരുന്നു സ്റ്റാൻഡന്റെ വിശ്വാസം. വിശ്വാസം എന്നല്ല, വിശ്വാസപ്രമാണം എന്നാണു് പറയേണ്ടതു്. അയാൾ ചോദിച്ചു "ലിലി എന്താണു പറഞ്ഞതു്."

ലിലി:—"ഈ പുതിയ യന്ത്രത്തിന്റെ പ്രവർത്തനം ഒന്നു കാണണമെന്നു പറയുകയായിരുന്നു."

സ്റ്റാൻഡൻ:—"മി. റോബർട്ട് കാണിച്ചുതരുമല്ലോ,"

ലിലി:—"അദ്ദേഹം എന്തോ അത്യാവശ്യകാര്യം പ്രമാണിച്ചു പുറത്തേക്കുപോകാൻ ഡാഡി ആജ്ഞാപിച്ചിട്ടുണ്ടെന്നാണല്ലോ പറഞ്ഞതു്."

സ്റ്റാൻഡൻ:—"അതുസാരമില്ല. ഒരു പാർട്ടിയെ കാണുന്നതിനു പോകാനാണു്. ഈ യന്ത്രത്തോടു് എനിക്കു പരിചയമില്ല. അല്ലെങ്കിൽ ഞാൻ കാണിച്ചുതരാമായിരുന്നു. മി. റോബർട്ട് ലിലിയെ ഇതെല്ലാം കാണിച്ചു മനസ്സിലാക്കിക്കൊടുക്കണം. ആ പാർട്ടിയെ കാണാൻ ഞാൻതന്നെ പൊയ്ക്കൊള്ളാം."

ലിലിയുടെ അച്ഛൻ വളരെ നല്ല ആളാണു്. ആർക്കും എന്തുപകാരവും ചെയ്യും. പ്രത്യേകിച്ച് സ്വന്തവർഗ്ഗക്കാരായ യൂറേഷ്യൻമാർക്ക്. റോബർട്ട് അനാഥശാലയിൽ വളർന്നവനാണെങ്കിലും യൂറേഷ്യനായതുകൊണ്ടാണ് അയാൾ അവനു് ജോലികൊടുത്തതു്. ലോകത്തിൽ വിജയംവരിക്കാൻസാദ്ധ്യതയുള്ള ഒരുയുവാവാണെന്ന് തോന്നിച്ചതും, അവൻ ഓട്ടോമൊബൈയിൽ എൻജിനീയറിങ്ങിൽ നല്ല വിദഗ്ദ്ധനാണെന്നു മനസ്സിലായതും റോബർട്ടിനെ ജോലിക്കു നിയമിക്കാൻ സ്റ്റാൻഡനു പ്രേരണ നല്കിയില്ല എന്നല്ല.

## അദ്ധ്യായം 3

ജോൺ ബാർബറും അയാളുടെ കടയും, ഒമ്പതു സന്താനങ്ങളെയും അവരുടെ മാതാവിനെയും പുലർത്താൻ വളരെ പണിപ്പെട്ടു. എത്ര രൂപയ്ക്കു തുണിവാങ്ങിയാലും കുട്ടികൾക്കു ഓരോ കുപ്പായം വീതം തുന്നിക്കാൻ മതിയാകയില്ലെന്നു ബാർബർ ഭാര്യയോടു സാധാരണ പറയാറുണ്ടു്. കുപ്പായം കുട്ടികൾ കടിച്ചുതിന്നുകയാണൊ എന്നു് അയാൾ ചോദിച്ചിട്ടുമുണ്ടു്. ഒരു കുപ്പായം ഒരാഴ്ചത്തേക്കു പോലും പിഞ്ഞി ആക്കി കുത്തിക്കീറാതെ സൂക്ഷിക്കാൻ അയാളുടെ സന്താനങ്ങളിൽ ഒരാൾക്കുപോലും കഴിവില്ലാതെ വരുന്നതു് തന്റെ ഗ്രഹപ്പിഴയാണെന്നു പറഞ്ഞു് ജോൺ ബാർബർ സമാധാനപ്പെടാൻ ശ്രമിക്കും. ആ മാനസിക കസർത്തു് വിജയപ്രദമായി എന്നു വന്നാൽ തന്നെ എന്തു പ്രയോജനം? കീറിപ്പോയ കുപ്പായങ്ങൾക്കു പകരം കുപ്പായങ്ങൾ കസർത്തു് കൊണ്ടു് ഉണ്ടാകയില്ലല്ലൊ. അതിനു പണം വേണം. അതു വിരളവുമാണു്. വളർന്നുകൊണ്ടിരിക്കുന്ന കുട്ടികൾക്കു അത്യാവശ്യത്തിനു വേണ്ട ആഹാരമെങ്കിലും കൊടുക്കണമല്ലൊ എന്നുവച്ചു് ജോൺ ബാർബർ പണമുണ്ടാക്കാൻ പെടുന്നപാടിനു് അതിരും കണക്കുമില്ല. എത്രപണം കിട്ടിയാലും, കിട്ടുന്നപണം മുഴുവൻ കൊടുത്തു ഭക്ഷണപദാർത്ഥങ്ങൾ വാങ്ങിയാലും, കൺകെട്ടുകൊണ്ടെന്നോണം അവ മുഴുവൻ അടുത്ത ദിവസം പ്രഭാതമാകുമ്പോഴേക്കു് അപ്രത്യക്ഷമാകും.

ജോൺ ബാർബറിനു് പതിമ്മൂന്നു് അരുമ സന്താനങ്ങളെ കാഴ്ചവയ്ക്കുകയും അയാളുടെയും അവരുടെയും ഇഷ്ടാനിഷ്ടങ്ങൾ മനസ്സിലാക്കി അവരെല്ലാം സുഖമായും സന്തോഷമായും ജീവിതം നയിക്കുന്നതു കണ്ടാനന്ദിക്കുന്നതിനു് സ്വയം ബലി ആയി അർപ്പിക്കയുംചെയ്ത മിസിസ്സ് ബാർബർക്കു്, അവർ രണ്ടു ദശാബ്ദക്കാലം ഇടതട

വില്ലാതെ നടത്തിക്കൊണ്ടിരുന്ന സമരത്തിൽ തോൽവി
സംഭവിക്കുന്നു എന്നു് ഭയം തോന്നിത്തുടങ്ങി. ഇക്കാല
മെല്ലാം ഒന്നിനും ഒരിക്കലും പരാതിപ്പെട്ടിട്ടില്ലാത്ത ആ വ
നിത പരാതിപ്പെട്ടുതുടങ്ങി. ജോൺബാർബറിൻെറ "എ
ട്ടുകെട്ടുക" എന്നു കൂട്ടുകാർ പറയാറുണ്ടായിരുന്ന ചെറുകട
യും ജീവിതമത്സരത്തിൽ തോൽവി സമ്മതിക്കാനുള്ള ല
ക്ഷണങ്ങൾ പ്രത്യക്ഷപ്പെടുത്തിക്കൊണ്ടിരുന്നു. ജീവിതാ
യോധനത്തിൽ ഏററം ഉത്തമസഹായികളായി ഇക്കാല
മെല്ലാം ബാർബറിനു് അനുഭവപ്പെട്ട രണ്ടു മിത്രങ്ങൾ
—അയാളുടെ ഭാര്യയും കടയും—ഒന്നിനുപുറകെ ഒന്നായി
കാലയവനികയ്ക്കുള്ളിൽ മറഞ്ഞു

പന്ത്രണ്ടാമത്തെയൊ പതിമ്മൂന്നാമത്തെയൊ പുത്രനാ
യ ശിശുവിനെ അവളുടെ ഭർത്താവു് എടുത്തുകൊണ്ടുപോ
യി അനാഥലാശയിൽകൊടുത്തു എന്നു് കേട്ട നിമിഷ
ത്തിൽ തന്നെ മിസിസ്സ് ബാർബർ പരലോകത്തേക്കുള്ള
യാത്ര ആരംഭിച്ചുഎന്നാണു് പറയേണ്ടതു്. പന്ത്രണ്ടു കു
ട്ടികളെ "ഇല്ലായ്മയിൽ" വളർത്തുന്നതിനു് പ്രകൃതിയാൽ
നിയോഗിത ആയ ആ മഹിള, അവരുടെ ശിശുവി
ൻെറ വേർപാടുമൂലം അനുഭവിച്ചുകൊണ്ടിരുന്ന കഠന
ത്തിൻെറ ശക്തി സ്വഭർത്താവിനെപോലും അറിയിക്കാ
തെ, പട്ടിണിയിലും അർദ്ധനഗ്നാവസ്ഥയിലും പോലും
പരാതിപ്പെടാതെ, ഹൃദയത്തിൽ കത്തിക്കൊണ്ടിരുന്ന
അഗ്നിയിൽ ബലിയായി അർപ്പിച്ചു് സ്രഷ്ടാവിൻെറ
സമീപത്തേക്കു പുറപ്പെടുകയാണുണ്ടായതു്. ഭാര്യയുടെ
നിര്യാണമാണൊ പട്ടിണിയുടെ കാഠിന്യം അല്പമെങ്കിലും
കുറയ്ക്കുന്നതിനു സഹായകമായ അക്ഷയപാത്രമായി ഇ
ക്കാലമെല്ലാം അനുഭവപ്പെട്ട കട അടയ്ക്കേണ്ടി വന്നതാ
ണൊ, ജോൺ ബാർബറിനു് കൂടുതൽ മനഃക്ലേശം ഉളവാ
ക്കിയതെന്നു് അയാൾക്കും നിശ്ചയമില്ല. റോജറിൻെറ
ഏഴാം വയസ്സിലാണു് ഈ അത്യാഹിതങ്ങൾ രണ്ടും സം

ഭവിച്ചതു്.

വിപൽകാലത്തു് ഒന്നിനുപുറകെ ഒന്നായി ആപത്തുകൾ സംഭവിച്ചുകൊണ്ടിരിക്കുമെന്നു പറയുന്നതു് ശരിയാണു്. അങ്ങിനെ വരുമ്പോൾ സഹായഹസ്തങ്ങളും എവിടെങ്കിലും പ്രത്യക്ഷപ്പെടും എന്നുള്ളവസ്തുത, ആപത്തിന്റെ കാഠിന്യംകൊണ്ടോ 'മനോവേദന'യുടെ കൂടുതൽകൊണ്ടോ മനുഷ്യൻ മറക്കുകയൊ കാണാതിരിക്കയൊ ചെയ്യുകയും സാധാരണമാണു്. ഭാര്യയും ഏകവരുമാനമാർഗ്ഗവും ഒരുമിച്ചു നഷ്ടപ്പെട്ടുകയാൽ നിരാശക്കുണ്ടിൽ നിപതിച്ചുപോയ ജോൺബാർബർ, ആവനെ രക്ഷപ്പെടുത്തുന്നതിനു നീട്ടപ്പെട്ട കൈ കണ്ടു. കണ്ട ക്ഷണത്തിൽ തന്നെ അതിൽ കടന്നുപിടിച്ചു് കരകേറാൻ ശ്രമിക്കയും ചെയ്തു. വിശാഖപട്ടണത്തിൽനിന്നുള്ള ഒരു കത്തിന്റെ രൂപത്തിലാണു് ജോൺ ബാർബർ സഹായഹസ്തം കണ്ടതു്. ആ തുറമുഖപട്ടണത്തിൽ താമസമുറപ്പിച്ചിരുന്ന അയാളുടെ ഒരു പിതൃസഹോദരൻ ഏകപുത്രിയുടെ നിർബ്ബന്ധംമൂലം നിസ്സഹായി ആയിത്തീർന്നിരിക്കുന്നതിനാൽ, വിശാഖപട്ടണത്തിലേക്കു താമസം മാറുന്നതിനു ജോണിനു് സൌകര്യപ്പെട്ടുമൊ എന്നു് അന്വേഷിക്കുന്നതായിരുന്നു ആ കത്തു്. അധികതാമസംകൂടാതെ ജോൺ കുടുംബം വിശാഖപട്ടണത്തിലേക്കു മാറി. തുറമുഖത്തു് ഒരു നല്ല ഉദ്യോഗം വഹിച്ചു് പെൻഷ്യൻ പററിയ പിതൃവ്യനു് സ്വന്തമായി ഒരു ബംഗ്ലാവും കുറെ പണവും, തുറമുഖ ജോലിക്കാരായും മററും ധാരാളം ഏർപ്പാടുകാർ ഉള്ളതും നല്ല ആദായത്തിൽ നടത്തിക്കൊണ്ടിരുന്നതുമായ ഒരു "ഷോപ്പും" ഉണ്ടായിരുന്നു. ജീവിതാന്ത്യത്തിലെ ഏകാന്തതയെപ്പററി ചിന്തിച്ചു ചകിതചിത്തനായിത്തീർന്നിരുന്ന പിതൃവ്യൻ ജോൺബാർബറുടെ സമൃദ്ധമായ കുടുംബത്തെ ഒരു അനുഗ്രഹമായി തന്നെ എണ്ണി. എന്നും ധനക്ലേശം അനുഭവിച്ചുവന്ന ജോണിനു് സ്വർഗ്ഗ

ത്തിപ്പേക്ഷ ക്ഷണിക്കപ്പെട്ടു എന്നായിരുന്ന അഭിപ്രായം. കഷ്ടിച്ചു മൂന്നുവഷം തികയുന്നതിനുമുമ്പ് പിതൃവ്യൻ മരണമടയുകയും അദ്ദേഹത്തിൻെറ സ്വത്തുക്കൾ എല്ലാം ജോൺ ബാർബറിനു് ലഭിക്കയും ചെയ്തു.

അങ്ങിനെ, റോജർ, പത്താം വയസ്സുമുതൽ ഒരു ധനവാൻെറ പുത്രനായി വളരാൻ ഇടയായി. അതിനു മുമ്പുള്ള കാലത്തെ അനുഭവങ്ങൾ ഒന്നും ശരിക്കു് ഓർമ്മ ഇല്ലായിരുന്നതുകൊണ്ടു്, എന്നും നല്ല നിലയിലാണു് താൻ കഴിഞ്ഞു കൂടിയതെന്നാണു് അവൻെറ വിശ്വാസം. ജാത്യാലുള്ള വാസനകൊണ്ടും, പണക്കാരൻെറ പുത്രനായതുകൊണ്ടും റോജർ ബാർബർ വിദ്യാഭ്യാസത്തിൽ മഹാ അലസനായിത്തീന്നു. ഒരു ക്ലാസ്സെങ്കിലും ഒരു വഷംകൊണ്ടു് അവൻ കടന്നിട്ടില്ല. വീട്ടിൽവച്ചു ക്ലാസ്സിൽ പഠിക്കേണ്ട ഏതെങ്കിലും പുസ്തകം കൈയിൽ എടുത്താൽമതി ഉറങ്ങാൻ. പപ്പാ പലമാഗ്ഗത്തിൽ ശ്രമിച്ചു. ഗുണദോഷിച്ചു, ശാസിച്ചു, അടിച്ചു. ഒന്നുകൊണ്ടുമില്ല വിശേഷം. പിന്നെയും,പുസ്തകം കൈയിലെടുക്കുന്നക്ഷണത്തിൽ ഉറക്കംതൂങ്ങാൻ തുടങ്ങുമവൻ. നോവലൊ മറ്റൊ ആണെങ്കിൽ കുഴപ്പമില്ല. റോജർ വിഡ്ഢി ആയതുകൊണ്ടൊ, അവനു് തലച്ചോറില്ലാത്തതുകൊണ്ടൊ അല്ല. സാമാന്യജ്ഞാനം നന്നായുണ്ടു്. ലോകപരിചയം മൂത്ത സഹോദരങ്ങളെക്കാൾ വളരെയാണു്. അവക്കൊക്കെവേണ്ട ഉപദേശമൊ സഹായമൊ നൽകാൻ അവനു സാധിക്കും. വിദ്യാലയത്തിലെ കളികളിൽ എല്ലാം ഒന്നാമനാണു് റോജർ. കളിസ്ഥലത്തു ചെന്നാൽ സഹപാഠികളെല്ലാം അവൻെറ ആജ്ഞാനുവത്തികളാണു്. പെൺകുട്ടികളെ ആകർഷിക്കാനവനൊരു പ്രത്യേകവരം തന്നെ ഉണ്ടെന്നു തോന്നിപ്പോകും. ചട്ടക്കാരുടെ സാമൂഹ്യാചാരങ്ങൾ യാഥാസ്ഥതികരായ ഇൻഡ്യാക്കാരുടെ ആചാരങ്ങളിൽ നിന്നു് വിഭിന്നമാണു്. യൂറോപ്യൻ

രീതി അനുകരിക്കുന്നതുകൊണ്ടു് സ്ത്രീകൾക്കു പുരുഷന്മാരെക്കാൾ കൂടുതൽ പ്രാധാന്യം പലതിലുമുണ്ടെന്നൊരു ധാരണ ഉണ്ടാകാറുണ്ടു്. എല്ലാ കാര്യങ്ങളിലും എല്ലാവരും സ്വതന്ത്രരാണെന്നാണു് വയ്പു്. അതുകൊണ്ടു് സദാചാരപരമായി അധഃപതനം ഉണ്ടാകുന്നു എന്നു് പരാതിയുമുണ്ടു്. എങ്കിലും യുവതികൾ അവരുടെ സ്നേഹിതരായ യുവാക്കന്മാരുമൊരുമിച്ചു ഇഷ്ടാനുസരണം കാറിൽ സവാരി പോക, സിനിമാകാണുന്നതിനു പോക, എന്നിങ്ങിനെ പല മാർഗ്ഗങ്ങളിൽ അവരുമായി സ്വൈരം വിഹരിക്കുക സർവ്വസാധാരണമാണു്. ഒരു യുവതിക്കു് പല "ബോയിഫ്റണ്ട്സ്"–യുവാക്കന്മാരായ സ്നേഹിതന്മാർ— ഉണ്ടായിരിക്കുകയും, ഒരു യുവാവിനു് പല "ഗേൾഫ്റണ്ട്സ്"–സ്നേഹിതകളായ യുവതികൾ—ഉണ്ടായിരിക്കുകയും അസാധാരണമല്ല. ഇവരെല്ലാം പരസ്പരം പ്രണയബദ്ധരാണെന്നു ധരിക്കേണ്ടതില്ല. അവരുടെ ഇഷ്ടം അല്ലെങ്കിൽ സ്നേഹം, പ്രണയംവരെ എത്തണമെന്നു നിർബന്ധമില്ലെന്നു സാരം. സുമുഖനും പണക്കാരനും സ്ത്രീവർഗ്ഗത്തെ ആകർഷിക്കുന്നതിനു് പ്രത്യേകവരം ഉള്ളവനുമായ റോജർ ബാർബറിനു് എത്ര "ഗേൾഫ്റണ്ട്സു"ണ്ടായിരുന്നു എന്നു അവനുതന്നെ നിശ്ചയമില്ലെന്നു പറഞ്ഞാൽ അതിൽ അതിശയോക്തി അധികമില്ല.

കായികാഭ്യാസങ്ങളിലും കളികളിലും റോജറിനുണ്ടായിരുന്ന സാമർത്ഥ്യവും, സ്നേഹിതകളുടെ ആധിക്യവും അവൻെറ പഠിപ്പിനെ സാരമായി സ്പർശിച്ചു. സ്കൂളിലെ കളികളിലും വ്യായാമ മത്സരങ്ങളിലുമെല്ലാം ഒന്നാം സ്ഥാനമാണു് റോജർക്കു് എന്നും. എല്ലാ കളികളിലും അഭിരുചി ഉണ്ടായിരുന്ന റോജർ, ഫുട്ബോൾ കളിയിൽ അസാധാരണ വിദഗ്ദ്ധൻ എന്നപേർ സമ്പാദിക്കയും, സ്കൂളിലെ ഫുട്ബോൾടീമിൻെറ ക്യാപ്റ്റനായി

തെരഞ്ഞെടുക്കപ്പെട്ടുകയും ചെയ്തു. അക്കാലത്തു് ബ്രിട്ടിഷ് നാവികവകുപ്പിലെ ഒരു കപ്പൽ തുറമുഖത്തടുത്തു് ഒരാഴ്ചക്കാലത്തേക്കു നങ്കൂരമിട്ടു. ആ കപ്പലിലെ ഫുട്ബോൾ ടീമും വിശാഖപട്ടണം ജിംഖാനാ ടീമും ആയി ഒരു മത്സരം ഉണ്ടായിരുന്നു. ഒരു ഗോൾകീപ്പർ എന്ന നിലയിൽ സർവ്വസമ്മതി സമ്പാദിച്ചിരുന്ന റോജർ ബാർബർ ആയിരുന്നു ആ മത്സരത്തിൽ ജിംഖാനായുടെ "ഗോളി". അന്നത്തെ കളി വിശാഖപട്ടണം ഒരിക്കലും മറക്കയില്ല. തടിയന്മാരും വിദഗ്ദ്ധന്മാരുമായ നാവികർ ജിംഖാനാ ടീമിനെ തോൽപിച്ചു തൊപ്പി ഇടുവിക്കുമെന്നു് അഞ്ചു മിനിററു് സമയം കഴിഞ്ഞപ്പോൾ തന്നെ കാണികൾ ഭയപ്പെട്ടു. ജിംഖാനായുടെ ഫോർവേർഡ്സിനെയും സെൻട്രൽ ഹാഫിനെയും, ഫുൾബായ്ക്കിനെയും എല്ലാം പൊട്ടൻ തട്ടിക്കുന്നതിനു് നാവികക്കൊരു പ്രയാസവുമില്ലായിരുന്നു. പത്തു മിനിററു കളിക്കുന്നതിനു മുമ്പുതന്നെ, നാവികർ രണ്ടു് ഷൂട്ടുചെയ്തു. ആദ്യത്തതു് ജിംഖാന റീയർബായ്ക്കിൻെറ സാമർത്ഥ്യംകൊണ്ടു് വിഫലമായി. വലിയ തോക്കിൽനിന്നു് ഇരമ്പി പാഞ്ഞുവരുന്ന ഉണ്ടകണക്കെവന്ന രണ്ടാമത്തതു് തടയാൻ റീയർബായ്ക്കിനും സാധിച്ചില്ല. പണിപററിപ്പോയി എന്നു് എല്ലാവരും ഓർത്തു. ആകാശത്തു പറന്നുനടക്കുന്ന മഴപ്പുള്ളിനെ, എവിടെ നിന്നോ നൊടിയിടയിൽ വന്നു് റാഞ്ചി എടുത്തുകൊണ്ടു് കടക്കുന്നപരുന്തിനെപ്പോലെ, റോജർ ഒററക്കുതിപ്പു്, ഒററച്ചാട്ടം, ഇരമ്പിവന്നപന്തു് വിഷപ്പല്ലുനഷ്ടപ്പെട്ടസർപ്പത്തെപ്പോലായി. റോജർ ആ പന്തു് ദൂരത്തേക്കു് എറിഞ്ഞതിനുണ്ടായിരുന്ന ഒരു സ്വാരസ്യം, ഒരു ഒരു കവിത, എന്നാണു് ഭയന്നുവിറച്ചുനിന്നശേഷം ആഹ്ളാദശബ്ദഘോഷം മുഴക്കിയ കാണികളിൽ പലരും പറഞ്ഞതു്. റോജറിൻെറ പന്തുപിടിക്കലും എറിയലും ഒരു കല തന്നെയാണെന്നായിരുന്നു അവൻെറ ഗേൾഫ്റ

ണ്ട്സ് ഉൾപ്പെട്ട വനിതാവിഭാഗത്തിൻെറ റിമാർക്ക്.

രണ്ടുപ്രാവശ്യം വിജയത്തിൻെറ വക്കിൽഎത്തിയ ശേഷം മടങ്ങേണ്ടിവന്ന നാവികരുടെ വാശി വർദ്ധിച്ചു. ഗോൾഎടുക്കാമൊ എന്ന് നോക്കിയിട്ടെയുള്ളു എന്നമട്ടിലായി. അവർ പതിനൊന്നുപേർക്കും പതിനൊന്നു ശരീരമുണ്ടെങ്കിലും ഒരു മനസ്സെയുള്ളു എന്നുതോന്നും അവരുടെ കളികണ്ടാൽ. ഒരാൾ പാസ്സുചെയ്യുന്ന പന്ത് അവൻ ഉദ്ദേശിക്കുന്ന ആളിൻെറ കാലിൽതന്നെ ചെന്നുവീഴും. എതിരാളികളിൽ രണ്ടുപേരെ പൊട്ടൻ തട്ടിച്ചശേഷം ആ കളിക്കാരൻ കണ്ണു പൂട്ടിക്കൊണ്ട് എവിടെയ്ക്കൊ പന്തുതട്ടി എന്നായിരിക്കാം കാണികൾക്കു തോന്നുക. പക്ഷെ അത് എത്തുന്നത് അവൻെറ കൂട്ടുകാരൻെറ പെരുവിരലിൽ തൊട്ടായിരിക്കും. അവിടെ തട്ടി ഇവിടെ പാസ്സ്ചെയ്ത് പന്തു ജിംഖാനായുടെ ഗോളിൻെറമുമ്പിൽ എത്തിക്കഴിഞ്ഞു. ആറടിയൊ അതിലധികമൊ ഉയരമുള്ള എട്ടു നാവികരുടെ ആകമ്പടിയോടുകൂടി എത്തിയ, ഷൂട്ട് ചെയ്ത് ഇരമ്പി പറന്നു ചെല്ലുന്ന ആ പന്തും ഒരുമിച്ച് ഗോൾനെററ് തകത്തുമറുപുറം കടക്കാനാണു അവരുടെ ശ്രമം. ഈ കോലാഹലങ്ങളെല്ലാമായിട്ടും, നിശിതാക്രമണങ്ങളുടെ എല്ലാം ലക്ഷ്യമായ ഗോളിക്ക് ഒരു കുലുക്കവുമില്ല. കൈയിൽഉള്ള ചെറുനാരങ്ങായിൽ നിന്ന് അല്പാല്പം നീർവലിച്ചെടുത്ത് അസ്വാദിക്കുകയാണയാൾ. പ്രതിയോഗികൾ ഷൂട്ടുചെയ്യുന്നതുവരെ അയാൾ അലസനാണ്. ഷൂട്ടുചെയ്തുകഴിയുമ്പോൾ വിദഗ്ദ്ധനായ വില്ലാളി തൊടുത്തുവിട്ടഅമ്പുപോലെ അവൻലക്ഷ്യത്തിലേക്കു കുതിക്കുന്നു. ഹെഡ്ചെയ്കയൊ കാൽകൊണ്ടൊ കൈകൊണ്ടൊ അടിക്കയൊ എന്താണ് റോജർ ചെയ്തതെന്ന് കാണാൻ പ്രയാസമാണ്. മിന്നൽപിണർ വേഗത്തിൽ ചെല്ലുന്നപന്തിനോടു മിന്നൽ പിണർ വേഗത്തിൽ തന്നെ എതിരിട്ടു തോൽപ്പിച്ചു എന്ന്, മട്ടത്തു മടങ്ങി

യ പന്ത് കളത്തിന്റെ മദ്ധ്യഭാഗത്തു വീഴുമ്പോളാണ് കാണികൾ അറിയുന്നത്. ആക്രമണം നാവികരും നിരോധനം ജിംഖാനായും ഏറെറടുത്തിരിക്കയാണ്. ഓരോ ആക്രമണവും വിഫലമാകുമ്പോൾ, ജിംഖാനായിക്ക് ഓരോ വിജയം ലഭിച്ചു എന്നായി കളിക്കാരുടെയും കാണികളുടെയും അഭിപ്രായം. ഹാഫ്ടൈം സമയത്ത് റോജർ ഫീൽഡിൽനിന്നു പുറത്തിറങ്ങാതിരുന്നതു നന്നായി. പുറത്തുകടന്നുപോയി എങ്കിൽ ആരാധകരായ സ്ത്രീ പുരുഷന്മാർ എല്ലാം കൂടി അവനെ അപകടത്തിലാക്കുമായിരുന്നു.

ഹാഫ്ടൈം കഴിഞ്ഞു. കളിയുടെ ഗതിയിൽ മാററമൊന്നുമുണ്ടായില്ല. കളിയിൽ സമർത്ഥന്മാർ നാവികരാണെന്നു വ്യക്തം. എന്നാൽ ഗോളിലേക്ക് ഒരു പന്തുപോലും അവർക്കടിച്ചു കടത്താൻ സാധിക്കയില്ലെന്നുള്ളതും അതുപോലെതന്നെ വ്യക്തം. ഹാഫ്ടൈമിനുശേഷം ആറോ ഏഴോ പ്രാവശ്യം റോജർ ജിംഖാനായെ രക്ഷിച്ചു. കളികഴിഞ്ഞു. ജനങ്ങൾ പന്തുകളത്തിലേയ്ക്കു ഇരമ്പിക്കയറി. അല്ല റോജറിനെ ലക്ഷ്യമാക്കി ഇരമ്പി പാഞ്ഞടുത്തു. പിന്നത്തെ കോലാഹലങ്ങൾ വർണ്ണിക്കാൻ പ്രയാസം. അതിനുതന്നെ വേണ്ടിവരും ഒരു പുസ്തകം. റോജറെ "ലാളി"ക്കുന്നതിനവസരം കിട്ടാഞ്ഞു് അവന്റെ "ഗേൾഫ്റണ്ട്സി"ൽ പലരും നിലവിളിച്ചു എന്നുമാത്രം പറയാം.

നാലാംദിവസത്തെ റിട്ടേൺമാച്ചു കൂടി കഴിഞ്ഞതോടുകൂടി ഒരു ഗോളി എന്ന നിലയിൽ റോജറെ വെല്ലാൻ ഇന്ത്യയിൽ ആളില്ലെന്ന് കൽക്കത്തായിലെയും മദ്രാസിലെയും മററും ദിനപത്രങ്ങൾ, അവന്റെ ഫോട്ടോ പ്രസിദ്ധപ്പെടുത്തികൊണ്ടു് പ്രസ്താവിക്കയുണ്ടായി. അടുത്തവർഷം ഹെൽസിങ്കിയിൽവച്ചു് നടക്കുന്ന ഒളിമ്പിക്ക് കളിക്ക് ഇന്ത്യയിൽനിന്നു പോകുന്ന ഫുട്ബോൾ

ടീമിൽ റോജർ ഉൾപ്പെട്ടും എന്നു് നിശ്ചയമായി. അതിനുവേണ്ട ഒരുക്കങ്ങൾക്കും കൂടുതൽ അഭ്യസനത്തിനും ആയി പൂർണ്ണസമയം വിനിയോഗിച്ചുകൊള്ളുന്നതിനു് ജോൺ ബാർബർ പുത്രനെ അനുവദിച്ചു. അതോടുകൂടി വിദ്യാലയവുമായി, കുറെക്കാലമായി കേവലം നാമമാത്രമായി അവനുണ്ടായിരുന്ന ബന്ധവും വിച്ഛേദിക്കപ്പെട്ടു.

മുമ്പു തന്നെ അംഗനമാരുടെ പ്രീതിക്കു പാത്രമായിരുന്ന റോജർബാർബർ ഇന്ത്യയിലെ ഒന്നാമത്തെ ഗോളി എന്നസ്ഥാനം സമ്പാദിച്ചതോടുകൂടി അവൻ അവരുടെ ആരാധനാപാത്രമായിത്തീർന്നു.

റോജറിനു് ഒട്ടധികം "ഗേൾഫ്റണ്ട്സും" ആരാധകരും ഉണ്ടായിരുന്നു എങ്കിലും, അവരിൽ ഒരാൾ ഒഴിച്ചു ബാക്കി ഉള്ളവർക്കൊരുത്തിക്കും അവന്റെ മൃദുലവികാരങ്ങളെയോ ഹൃദയത്തെയോ സ്പർശിക്കാൻ കഴിഞ്ഞില്ല. ഡെയ്സി ഒരു കൊച്ചുകള്ളിയാണെന്നു് റോജർ അവളോടു പറയാറുണ്ടായിരുന്നു. മററുള്ള ഗേൾഫ്രണ്ട്സിനോടെടുക്കുന്ന സ്വാതന്ത്ര്യം അവളോടെടുക്കാൻ ആ യുവതി അവനെ അനുവദിക്കാറില്ലായിരുന്നതാണതിനു കാരണം. ഇത്രയും പറഞ്ഞതിൽനിന്നു് റോജറുടെ സഖികൾ എല്ലാം കുലടകൾ ആയിരുന്നു എന്നൊ, അവൻ സച്ചരിത്രവഷളനായിരുന്നു എന്നൊ ധരിക്കരുതു്. ഒരു ചുംബനം, ഒരു ആലിംഗനം, ഇതൊന്നും ഒരു നടപടിദൃഷ്യമായി, അവ പീയൂഷമായി തോന്നുന്നപ്രായത്തിൽ അനുഭവിക്കുന്നതു് അധർമ്മമായി, ആ സമുദായം ഗണിച്ചിരുന്നില്ല എന്നെയുള്ളു. റോജറുടെ ഇരട്ടക്കുട്ടിയായ റോബർട്ടിന്റെ ഹൃദയത്തിനു ക്ലേശം ഉണ്ടാക്കുന്ന ആ രോഗം—ചുംബനം—വൈദഗ്ദ്ധ്യത്തോടെ വിതരണം ചെയ്യുന്നതു് സ്വർഗ്ഗസുഖാനുഭൂതി നൽകുന്ന ഒരു കാര്യമായിട്ടാണു് റോജറിനു് അനുഭവപ്പെട്ടിരുന്നതു്. അവൻ ആ അനുഭൂതി ഒട്ടധികം യുവതികൾക്കു നൽകിയിട്ടുമുണ്ടു്. ഇപ്പോഴും നൽകുന്നുമുണ്ടു്.

റോജരുമായി സ്വൈരസല്ലാപം ചെയ്യുന്നതും, അവനുമൊരുമിച്ചു കാൽനടയായൊ കാറിലൊ സായാഹ്ന സവാരിക്കു പോകുന്നതും സിനിമാപ്രദർശനത്തിനു പോകുന്നതും എല്ലാം ഡെയ്സിക്കു വളരെ ആനന്ദപ്രദമാണു്. അതു തുറന്നുസമ്മതിക്കുന്നതിനും മടിയില്ല. അതിലപ്പുറം കടക്കുന്നതിന്നു് അവൾ സമ്മതിക്കയില്ല.

അതു ഒരിക്കൽ അവൾ തുറന്നു പറയുകയും ചെയ്തു. വിവാഹബന്ധത്തിൽ ഏർപ്പെടുന്നതിനു തീർച്ചപ്പെടുത്തിയിരിക്കുന്നവർക്കും ഭാര്യാഭർത്താക്കന്മാർക്കും ഉള്ള സ്വാതന്ത്ര്യമാണ്ടാതെന്നാണവളുടെ അഭിപ്രായം. റോജർ ഇന്ത്യയിലെ ഒന്നാമത്തെ "ഗോളി" എന്നസ്ഥാനം കരസ്ഥമാമാക്കിക്കഴിഞ്ഞപ്പോൾ, മററുപലരെയും പോലെ ഡെയ്സിയും അവനെ ആരാധിക്കും, അവൻെറ ചൊൽപടിക്കു വരും എന്നു് റോജർ പ്രതീക്ഷിച്ചു. ആ പ്രതീക്ഷ അസ്ഥാനത്താകയാണു് ചെയ്തതു്.

ഒരിക്കൽ റോജർ ചോദിച്ചു. "ഒരു നല്ല റോസപ്പൂവിൻെറ സൌരഭ്യം ഒരാൾ ആസ്വാദിച്ചതു കൊണ്ടു് അതിനെന്തു കുറവാണുണ്ടാകുന്നതു്."

ഡെയ്സി:-"റോസാപൂവിന്നു് അതുകൊണ്ടു് കുറവൊന്നും സംഭവിക്കയില്ലെന്നാണൊ അഭിപ്രായം. ആദ്യം തന്നെ ഞാൻ ഒരു റോസാപൂവൊ എൻെറ ചുണ്ടുകൾ അതിൻെറ ദളങ്ങളൊ അല്ലെന്നു് ധരിക്കണം. ആണെങ്കിൽ ഒരാൾ മണത്തതുകൊണ്ടു് ദൃഷ്യമില്ല എന്നുവച്ചാൽ തന്നെയും, പലർ മണത്താൽ അതു് വേഗം വാടിപ്പോകുമെന്നും അതിൻെറ സൌരഭ്യം അപ്രത്യക്ഷമാകുമെന്നും മണത്തവർ പിന്നെ അതിന്മേൽ നോക്കുകപോലും ചെയ്കയില്ലെന്നുമുള്ളതിൽ സംശയമില്ല.

റോജർ:-"പലർ മണക്കട്ടെ എന്നല്ലല്ലൊ, ഞാൻ മാത്രം ആസ്വദിക്കട്ടെയെന്നാണല്ലൊ പറയുന്നതു്"

ഡെയ്സി:-"അങ്ങിനെ ഒരാളെമാത്രം അനുവദി

ക്കാനുള്ള കാരണമൊ അവകാശമൊ കാണിക്കയൊ സ്ഥാപിക്കയൊ ചെയ്താൽ......"

ഡെയ്സിയുടെ ഉറച്ചനില റോജർക്ക് പരിഭവത്തിനു കാരണമായി എങ്കിൽ അതു് അവൻെറ മോഹത്തിൻെറ മൂർച്ച വർദ്ധിപ്പിക്കയും ചെയ്തു. ചുരുക്കിപ്പറഞ്ഞാൽ ഡെയ്സിയുടെ ഒരു ചുംബനത്തിനു് വേണ്ടി അവൻ അവളെ വിവാഹം ചെയ്തുകൊള്ളാമെന്നു് വാഗ്ദത്തം ചെയ്തു. ആ വസ്തുത തൽക്കാലം പരസ്യമാക്കേണ്ടാ എന്നുള്ളതിൽ അവർക്കു അഭിപ്രായ ഐക്യം ഉണ്ടായിരുന്നതുകൊണ്ടു്, റോജർക്ക് പഴയപടികാണുന്ന യൂറേഷ്യൻ യുവതികളാകുന്ന നല്ല റോസപ്പൂക്കളുടെ എല്ലാം സുഗന്ധം അനുഭവിച്ചുകൊണ്ടു് ഒരു ചിത്രശലഭമായി വിഹരിക്കാൻ സൌകര്യം കിട്ടി. ഡെയ്സിയുടെ സാന്നിദ്ധ്യത്തിൽ അവൻ മര്യാദരാമനായി കഴിക്കാൻ ചെയ്യാറുണ്ടായിരുന്ന ശ്രമം, അവരുടെ രഹസ്യധാരണ സംബന്ധിച്ച് പല സംശയങ്ങൾക്കും കിംവദന്തികൾക്കും ഇടംകൊടുത്തു.

അധികകാലം കഴിയുന്നതിനുമുമ്പു് ഡെയ്സിയുടെ പപ്പാ പെൻഷ്യൻപററി ഉദ്യോഗത്തിൽനിന്നു വിരമിക്കയും, അയാളുടെ സ്ഥിരതാമസം കൽക്കത്തായിലേക്കു മാററുകയും ചെയ്തു. ഹെൽസിങ്കി ഒളിമ്പിക്ക് കളികളിൽ പങ്കെടുക്കാൻ ഇന്ത്യയിൽനിന്നു പോകുന്ന ഫുട്ബോൾ ടീമിൽ റോജർ ഗോളിആയി തെരഞ്ഞെടുക്കപ്പെടാൻ വളരെ എളുപ്പമുണ്ടെന്നും, ഹെൽസിങ്കിയിൽനിന്നു മടങ്ങി എത്തിയാലുടൻതന്നെ വിവാഹം നടത്താമെന്നും ഡെയ്സിയെ വിശ്വസിപ്പിച്ചാണു് റോജർ പറഞ്ഞയച്ചതു്. ഹെൽസിങ്കിയിലേക്കു പുറപ്പെടുന്നതിനു മുമ്പു് കൽക്കത്തായിലും മററു പ്രധാന പട്ടണങ്ങളിലും വച്ചു് മാച്ചുകൾ ഉണ്ടായിരിക്കും. അതിനു പോകുമ്പോൾ ഒക്കെയും ഡെയ്സിയെ സന്ദർശിക്കാമെന്നും റോജർ പ്രതിജ്ഞചെയ്തു. ആ പ്രതിജ്ഞ അനുസരിച്ചു് രണ്ടുമൂന്നു

പ്രാവശ്യം കൽക്കത്തായിൽ ചെല്ലുകയും ഡെയ്സിയെ സന്ദർശിക്കയും ചെയ്തു എന്നു് രേഖപ്പെടുത്തേണ്ടതുണ്ടു്.

പ്രതീക്ഷിച്ചവിധം റോജർ ഹെൽസിങ്കിയിലേക്കു പോകേണ്ട ഇന്ത്യൻ ടീമിന്റെ ഗോളി ആയി തെരഞ്ഞെടുക്കപ്പെട്ടു. ആ വിവരം അറിഞ്ഞ ക്ഷണത്തിൽ റോജർ ഡെയ്സിയെ കമ്പിസന്ദേശം മൂലം അറിയിച്ചതു അവളോടുള്ള സ്നേഹം കൊണ്ടോ, അതോ, അവനുണ്ടായ ഉയർച്ച ഡെയ്സിയും അറിയട്ടെ എന്നുള്ള "പൊണ്ണക്കാര്യം" കൊണ്ടോ?

## അദ്ധ്യായം 4

സ്റ്റാൻഡന്റെ പുത്രിക്കു് എയർകമ്പ്രസർയന്ത്രത്തിന്റെ പ്രവൎത്തനവും മറവും കാണിച്ചു കൊടുക്കുന്നതിന്നു് നിർദ്ദേശം നൽകിയിട്ടു് അയാൾ പോയിക്കഴിഞ്ഞു് ഒരു മണിക്കൂർ തികയുന്നതിനു മുമ്പുതന്നെ, സ്ത്രീ വിദ്വേഷിക്കപ്പെടേണ്ട ഒരു സാധനമല്ലെന്നു് റോബർട്ടിന്നു് പരിപൂർണ്ണമായി ബോദ്ധ്യപ്പെട്ടു. ലിലിയുടെ സംസാരവും നോട്ടവും നടപ്പും ചിരിയും എല്ലാം അത്യന്തം സുഖദായകമായിട്ടാണു് അവനു് തോന്നിയതു്. എയർകമ്പ്രസർനടത്തി അതിന്റെ പ്രവൎത്തനം കാണിച്ചുകൊടുക്കുമ്പോൾ ലിലിയുടെ കൈയും അവന്റെ കൈയും തമ്മിൽ ഒന്നുരണ്ടുപ്രാവശ്യം മുട്ടുന്നതിനിടയായി. അപ്പോൾ ഉണ്ടായ ക്ഷോഭം പഴയരോഗത്തിന്നു് വിധേയനാണു് താൻ എന്നു് റോബർട്ടിനെ ധരിപ്പിച്ചു. പഴുപ്പിച്ച നാരായം തിരുകിക്കേറുന്ന തരത്തിലൊരു വേദനയും ഹൃദയം കുളിർപ്പിക്കുന്നതിന്നു് പര്യാപ്തമായ സുഖവും ഒരേസമയത്തു് അനുഭവപ്പെടുമൊ? ഇല്ലെങ്കിലും അങ്ങിനെ അനുഭവപ്പെട്ടതാ

യിട്ടാണു് റോബർട്ടിനു് തോന്നിയതു്. ലിലിയുടെ നീണ്ടുരുണ്ട ആ വിരലുകളും കടഞ്ഞെടുത്ത ആ കണംകൈയും പച്ചിരുമ്പുകൊണ്ടു നിർമ്മിച്ച യന്ത്രത്തെ പോലും പല ചേതോവികാരങ്ങൾക്കും വിധേയമാക്കുന്നുണ്ടായിരിക്കാം എന്നു് ഓർത്തു റോബർട്ടു്. മനോഹരമായ ഒരു റോസ്പുഷ്പം ഇറുത്തെടുക്കാൻ തുനിഞ്ഞിട്ടു് അതിൻെറ കാവൽക്കാരായ മുള്ളുകൾകൊണ്ടു് വിരലുകൾമുറിഞ്ഞു് രക്തം ചാടുന്നതുകണ്ടു് പിൻമാറാൻ നിർബന്ധിതനാകുന്ന ഒരു ബാലൻെറ നൈരാശ്യമാണു് റോബർട്ടിനുണ്ടായതു്. റോസപ്പൂവു് ഇറുക്കാൻ അവൻ തുനിഞ്ഞില്ലെങ്കിലും, എന്നെ ഇറുത്തെടുക്കരുതോ എന്നു് ചോദിക്കുന്നു തരത്തിൽ ഭംഗിയുള്ള ഒരു പൂവു് കൈയിൽവന്നു തട്ടുമ്പോൾ മുള്ളുകൊണ്ടാലും നൈരാശ്യം ഉണ്ടാകാൻ പാടില്ലാതില്ലല്ലോ.

ലിലിയും റോബർട്ടും ചിരപരിചിതരായ സ്നേഹിതരാണെന്നുള്ള വിധത്തിലായിരുന്നു യുവതിയുടെ പെരുമാററം. വർക്കുഷോപ്പു് അടയ്ക്കുന്നസമയം കഴിഞ്ഞിട്ടും സ്റ്റാൻഡൻ മടങ്ങി എത്താഞ്ഞതുകൊണ്ടു് റോബർട്ടു് ലിലിയോടൊപ്പം അവളുടെ വാസസ്ഥലംവരെ പോകുകയുണ്ടായി. ചായകൊടുത്തു് സൽക്കരിച്ചു് യാത്രപറഞ്ഞപ്പോൾ ലിലി ചോദിച്ചു. "ഇനി വല്ലപ്പോഴുമെല്ലാം ഇങ്ങോട്ടു വരരുതോ"

റോബർട്ടു്– "എപ്പോൾ വേണമെങ്കിലും വരാമല്ലോ"

ലിലി–"ഡാഡിയുടെ വർക്കുഷോപ്പിലെ ഫോർമാൻ വരുന്നതിനു് ആജ്ഞാപിക്കയല്ല ചെയ്തതു്."

റോബർട്ടു്:– "ഞാൻ ആവിധം ധരിച്ചില്ല. സ്നേഹിതരും ക്രൂററാരുമില്ലാത്ത എന്നോടു ഇത്രമാത്രം സ്നേഹമസൃണമായി വർത്തിക്കുന്നതിനു്........"

ലിലി ചിരിച്ചുകൊണ്ടു്–"ഞാൻ എന്താണു് വിശേഷവിധിയായി ചെയ്തതു്. ഇനിയും വരണം. ഇന്നു്

പ്രാരംഭദിവസം മാത്രമാണല്ലോ."

റോബർട്ട് മറുപടി ഒന്നും പറയാതെ അവിടെനിന്ന് കടന്നു. ലിലിയുടെ സൌന്ദര്യവും ആകർഷണശക്തിയും അവനെ ഉന്മത്തനാക്കി, അതേസമയം ബാല്യത്തിലുണ്ടായ പേടിയിൽ നിന്നുൽഭൂതമായ ആ സ്ത്രീവിദ്വേഷമൊ, സ്ത്രീകളോട് അടുത്തുപെരുമാറുമ്പോൾ ഉണ്ടാകുമായിരുന്ന ക്ലേശമൊ അവനെ വേദനപ്പെടുത്തുകയും ചെയ്തു. പരസ്പരവിരുദ്ധമായ ആ രണ്ടു വികാരങ്ങളുടെ സമ്മർദ്ദം ലിലിയോടു ശരിക്കു വിടവാങ്ങാൻ അവസരം കൊടുക്കാതെ അവനെ ഓടിച്ചു. അടുത്ത മൂന്നുനാലുദിവസം അവൻെറ ഹൃദയവും മനസ്സും തമ്മിൽ തുടർച്ചയായി ഒരു സമരം നടന്നുകൊണ്ടിരുന്നു. ലിലിയെ കാണണം അവളുമായി സൈ്വരസല്ലാപം ചെയ്യണമെന്ന് ഹൃദയം ആജ്ഞ നൽകും. മനസ്സ് മുന്നറിയിപ്പു കൊടുക്കും. "അവൾ സ്ത്രീയാണ്, പണ്ടത്തെ അനുഭവം ഓർക്കുന്നില്ലേ, ഇനി അതിൽ ചെന്നുചാടാതിരിക്കുന്നതായിരിക്കും സാമർത്ഥ്യം" എന്ന്. ഈ സമരത്തിൽ വിജയമൊ അപജയമൊ ഉണ്ടായില്ല എന്നുവയ്ക്കാം. എങ്കിലും റോബർട്ട് വിവശനായി, തോററു. ഒടുവിൽ ഹൃദയത്തിൻെറ കല്പന അനുസരിച്ച് അവൻ ഒരു സായാഹ്നത്തിൽ ലിലിയെ സന്ദർശിച്ചു. സ്റ്റാൻഡൻ അവിടെ ഉണ്ടായിരിക്കുമൊ, അയാൾക്കിഷ്ടപ്പെടുമൊ എന്നൊന്നും ആലോചിച്ചില്ല അവൻ.

റോബർട്ടിൻെറ വരവു കാത്തിരിക്കയായിരുന്നൊ ലിലി? അവൾ ഹസ്തദാനംചെയ്ത് അവനെ സ്വീകരിച്ചപ്പോൾ പണ്ടത്തെ "ക്ലേശം" അൽപമായി പ്രതിഷേധപ്രകടനം നടത്തി എന്ന് തോന്നി എങ്കിലും റോബർട്ട് അതു് അവഗണിച്ചുകളഞ്ഞു. അവർ രണ്ടാളുംകൂടി ഒരു സായാഹ്നസവാരിക്കു പുറപ്പെട്ടു. സന്തോഷമായും ഉല്ലാസമായും ഏതാനും മണിക്കൂറുകൾ കഴിച്ചു. അപ്പോഴേ

യ്യും റോബർട്ട് ലിലിയുടെ അടിമയായിക്കഴിഞ്ഞു. വിശേഷവിധിയായി എന്തെങ്കിലും പറയുകയൊ പ്രവൎത്തിക്കയൊ ചെയ്തിട്ടില്ല. ജീവിതത്തിന്റെ പ്രകാശമാനമായ വശംമാത്രം കാണാൻകഴിയുന്നപ്രായം, പരസ്പരം ആകൎഷിക്കുന്നതിനുപയുക്തമായ ആകാരം, യൌവ്വനവും സൌന്ദൎയ്യവും തമ്മിൽ കണ്ടുമുട്ടി സ്വൈരവിഹാരം ചെയ്യുന്നതിന് കിട്ടുന്ന അവസരം ഇവ പൂത്താൽ കായ്ക്കുന്ന ഫലം എന്തായിരിക്കുമെന്ന് അറിഞ്ഞുകൂടാത്തവരെ മനുഷ്യരായി ഗണിക്കേണ്ടതില്ല.

ആ സായാഹ്നസവാരി അത്യന്തം സന്തോഷകരമായിട്ടാണ് ലിലിക്കും റോബർട്ടിനും തോന്നിയതു്. അവസരം കിട്ടിയപ്പോൾ അവൻ ലിലിയുടെ കൈയിൽ ഒന്നുപിടിച്ചു. പഴയകൂച്ചൽ എവിടെ നിൽക്കുന്നു എന്നറിയാമെന്നു വച്ചാണെന്നു പറഞ്ഞുകൂടാ. അവളെ ഒന്നു തൊടണമെന്നുള്ള മോഹം അടക്കാൻ സാധിക്കാഞ്ഞുതന്നെ ആയിരുന്നു. ലിലി അതിൽ വിശേഷവിധിയായി ഒന്നും കണ്ടില്ല. റോബർട്ടൊ? അവൻ ഓട്ടോമൊബയിൽ എൻജിനീയറിംഗ് പഠിക്കാൻ ആദ്യം ചേൎന്ന വ്യവസായശാലയിലെ ഫോർമാന് അല്പമൊക്കെ നേരമ്പോക്കു തോന്നുന്ന ഒരാളായിരുന്നു. അയാൾ ഒരു 12 വോൾട്ട് ബാററിയിൽ നിന്നുള്ള ഇലക്ട്രിസിററിയുടെ ഷോക്കു തട്ടിയാൽ റോബർട്ട് എന്തുചെയ്യുമെന്നൊന്നു പരീക്ഷിച്ചു. ഒരു സ്പാനർ അവന്റെ കൈയിൽ കൊടുത്തിട്ട് ബാററിയിൽ എന്തൊ ചെയ്യുവാൻ ആജ്ഞാപിച്ചു. അയാൾ നോക്കി നിൽക്കുകയാണ്. സ്പാനർ ബാററിയിന്മേൽ വച്ചു കൈയിൽ ആരൊ തട്ടി തെറിപ്പിക്കുന്നതുപോലൊരനുഭവമുണ്ടായി അവന്. കൈയിൽ മാത്രമല്ല, ദേഹത്താകമാനം ആ ശക്തി കടന്ന് കുതിച്ചുപാഞ്ഞു് നടക്കുന്നതുപോലെയും തോന്നി. റോബർട്ട് ഞെട്ടി പുറകോട്ടുമാറി. എല്ലാം ഒരു നിമി

ഷംകൊണ്ടു് കഴിഞ്ഞു. ഫോർമാൻ ചിരിച്ചുകൊണ്ടു് അടുത്തുചെന്നു് ഇലക്ട്രിസിററിയുടെ പ്രവത്തനം, അതു ബാററിയിൽ സംഭരിച്ചു വയ്ക്കുന്നരീതി, അവിടെനിന്നു് ആവശ്യാനുസരണം എടുക്കുന്നവിധം ഇവ എല്ലാം പഠിപ്പിച്ചു. വോൾട്ടേജ് കൂടുംതോറും ഇലക്ട്രിസിററിയുടെ ശക്തിയും വർദ്ധിക്കുമെന്നും കൂടുതൽ വോൾട്ടേജുള്ള ഇലക്ട്രിക്ക് കറൻറിന് മനുഷ്യനെ കൊല്ലുന്നതിനു ശക്തി ഉണ്ടായിരിക്കുമെന്നും അപകടം സംഭവിക്കാതിരിക്കാൻ എന്തെല്ലാം ചെയ്യണമെന്നും അയാൾ അവനു പറഞ്ഞുകൊടുത്തു. ആ ഇലക്ട്രിക്ക് ആഘാതം റോബർട്ടിനു് ഭയത്തിനു കാരണമായി എങ്കിൽ സുഖവും ഉണ്ടായി എന്നാണു് ആദ്യകാലത്തെ അനുഭവത്തെപ്പററി സ്മരിക്കുമ്പോൾ അവനു തോന്നാറുള്ളതു്. ഗുരു സ്ഥാനം വഹിച്ച ഫോർമാൻ അന്നു പറഞ്ഞു കൊടുത്തതു് ശരിക്കു മനസ്സിലാക്കുകയും പ്രയോജനപ്പെടുകയും ചെയ്തതുകൊണ്ടുകൂടി ആയിരിക്കാം ആ ഷോക്കു മധുരസ്മരണ ഉയത്താൻ സഹായിച്ചിരുന്നതെന്നു വയ്ക്കാം.

ആ കരസ്പർശത്തിൽ ലിലി വിശേഷവിധിയായി ഒന്നും കണ്ടില്ല. അല്ലെങ്കിലും കണ്ടു എന്നു് ഭാവിച്ചില്ല. വ്യവസായശാലയിൽവച്ചു് 12 വോൾട്ടു് ബാററിയിൽ നിന്നു് കിട്ടിയ ആഘാതവും അതിൻെറ മധുരസ്മരണകളും ഒരു വശത്തു കൂടിയും അനാഥശാലയിൽ വച്ചു് അവനുണ്ടായ കയ്പേറിയ അനുഭവവും അതോടൊപ്പം തീരാബാധയായി ബാധിച്ച ക്ഷീണം വേറൊരു വശത്തുകൂടിയും ആ കരസ്പർശംവഴി മനസ്സിലും ദേഹത്തിലും പാഞ്ഞുകേറി എന്നാണു് റോബർട്ടിനു തോന്നിയതു്. അനുഭവങ്ങൾക്കു് വിഭിന്നങ്ങളായ വിഭാഗങ്ങൾ ഉണ്ടായിരുന്നു എങ്കിലും ഇരുഭാഗത്തും സന്തുഷ്ടിയും സന്തോഷവുമാണു് അതിൽനിന്നു് ലഭിച്ചതെന്നു് തീർത്തുപറയാം.

സവാരി കഴിഞ്ഞു് ലിലിയുടെ വീട്ടിൻെറ ഉമ്മറ

ത്തു് എത്തി അവളുമായി യാത്ര പറയുന്നസമയം, അവരുടെ ഇടയിൽ സർവ്വസാധാരണമായി തീൎന്നിട്ടുള്ള രീതിയിൽ അവളെ ചുംബിക്കണമെന്നു റോബർട്ടിനു് അതിയായ ആഗ്രഹമുണ്ടായിരുന്നു. ലിലി അതു പ്രതീക്ഷിക്കുമൊ, വിരോധമുണ്ടായിരിക്കുമൊ എന്നുള്ള ചിന്ത അവന്റെ മനസ്സിൽ കടന്നില്ല. അവനെ ബാധിച്ചിരുന്ന ക്ഷീണവും അന്നു കൈയിൽ പിടിച്ചപ്പോൾതന്നെ അനുഭവപ്പെട്ട ഇലക്ട്രിക്ക്ഷോക്കും പിന്നോട്ടും, യൗവ്വനവും ലിലിയുടെ സൗന്ദൎയ്യവും മുമ്പോട്ടും റോബർട്ടിനെ തള്ളുകയും വലിക്കയും ചെയ്തുകൊണ്ടിരുന്നു. ആ സമരം എങ്ങിനെ അവസാനിച്ചു എന്നും, യാത്ര പറഞ്ഞുപിരിഞ്ഞു എന്നും റോബർട്ടിനു് ഇന്നും നല്ലനിശ്ചയമില്ല. തീവ്രവേദനയുണ്ടാക്കിയ അത്യാനന്ദകരമായ അനുഭവമാണു് അവനുണ്ടായതെന്നാണു് വസതിയിൽ മടങ്ങി എത്തി, അന്നത്തെ സംഭവങ്ങൾ അയവിറക്കിയപ്പോൾ റോബർട്ടിനുണ്ടായ പൂർവാപരവിരുദ്ധമായ ബോധ്യം. ഇന്നും ആ അഭിപ്രായത്തിനു് മാററം സംഭവിച്ചിട്ടുമില്ല.

സ്ത്രീകളുമായി നന്നാ അടുത്തു പെരുമാറിയിട്ടില്ലാതിരുന്നതുകൊണ്ടു് ഇദംപ്രദമായ വേഴ്ച ഉണ്ടായ ലിലിയെ റോബർട്ടു് ആരാധിച്ചു എന്നുതന്നെ പറയുന്നതിൽ അല്പംപോലും തെററില്ല. അവളെ അത്യുന്നതമായ ഒരു സ്ഥാനത്തവൻ പ്രതിഷ്ഠിച്ചു. എല്ലാനിമിഷവും ആ യുവതിയോടൊന്നിച്ചു കഴിച്ചാൽകൊള്ളാമെന്നുള്ള ആഗ്രഹം അവനെ ഇതികൎത്തവ്യാമൂഢനാക്കി. ദീപത്തിന്റെ നിറപ്പകിട്ടു കണ്ടു് പറന്നടുക്കുന്ന ശലഭത്തിനു് തീജ്വാലയുടെ ചൂടുതട്ടുമ്പോൾ അല്പസമയത്തെക്കെങ്കിലും വിവേകമുദിക്കുമൊ എന്തൊ? അതെന്തായാലും ദീപം ശലഭത്തെ ആകർഷിക്കുന്ന തരത്തിൽ ലിലിയുടെ സ്ത്രീത്വവും യൗവ്വനവും സൌന്ദൎയ്യവും റോബർട്ടിനെ ആകർഷിച്ചു. അനാഥശാലയിൽ വച്ചുണ്ടായ അനുഭവ

ത്തിൽ നിന്നുൽഭവിച്ച ബലഹീനത, അപ്പോൾ വിവേകത്തിൻെറ വേഷത്തിൽ പ്രത്യക്ഷപ്പെട്ടു് അധികം അടുക്കരുതു് അടുത്താൽ വിഡ്ഢിവേഷം കെട്ടേണ്ടിവരും എന്നു് ഉപദേശിക്കുന്നതായി തോന്നുകയാണു്, ലിലി എന്നദീപത്തോടടുക്കാൻ വെമ്പൽകൊണ്ടിരുന്ന റോബർട്ടു് ശലഭത്തിനുണ്ടായിക്കൊണ്ടിരുന്ന അനുഭവം. ഇനി അവളെ ഒരിക്കലും കാണുകയില്ല, ഒരു ചുംബനത്തിനുപോലും അശക്തനായ താൻ സൌഭാഗ്യവതിയായ ഒരു യുവതിയെക്കൂടി അപകടത്തിലേക്കു വലിച്ചിഴയ്ക്കുന്നതു് ശരിയല്ല എന്നു നിശ്ചയിച്ചാണു്, പല ദിവസവും സായാഹ്ന സവാരികഴിഞ്ഞു് ലിലിയെ അവളുടെ വാസസ്ഥലത്തു കൊണ്ടാക്കിയിട്ടു് ആലിംഗനത്തിൽനിന്നും ചുംബനത്തിൽനിന്നും എങ്ങിനെയും രക്ഷപെട്ടു റോബർട്ടു് വസതിയിലേക്കു് മടങ്ങുന്നതു്.

ലിലിയെ അവൻ സ്നേഹിക്കുയല്ല ആരാധിക്കതന്നെ ചെയ്യുന്നുണ്ടെന്നു് റോബർട്ടിൻെറ നോട്ടവും സംസാരവുമെല്ലാം തെളിയിക്കുന്നുണ്ടു്. അവൾക്കു് നല്ല മതിപ്പുണ്ടെന്നും സർവവും അവൻെറ കൈയിൽ ഏല്പിക്കാൻ ഒരുക്കമാണെന്നും റോബർട്ടിനു് മനസ്സിലാകത്തക്കവിധം ലിലി പറഞ്ഞിട്ടില്ലെങ്കിലും അവനെ ധരിപ്പിച്ചിട്ടുണ്ടു്. ലിലിയും റോബർട്ടും തമ്മിലുള്ള വേഴ്ചയിൽ സ്റ്റാൻഡന്നു് അല്പംപോലും എതിരില്ലെന്നു് രണ്ടാൾക്കും മനസ്സിലാകത്തക്കവിധമാണു് അയാളുടെ പെരുമാററം. ഇങ്ങിനെ ഔപചാരികമായിട്ടല്ലെങ്കിലും അനൌപചാരികമായി കാമിനീ കാമുകന്മാരായി അംഗീകരിക്കപ്പെട്ടു കഴിഞ്ഞിട്ടും കാണുമ്പോഴും യാത്രപറയുമ്പോഴും വളരെ "ഫോർമൽ" ആയി റോബർട്ടു് പെരുമാറുന്നതെന്താണെന്നു എത്ര ആലോചിച്ചിട്ടും മനസ്സിലാക്കാൻ ലിലിക്കു കഴിഞ്ഞില്ല.

ആഴ്ചകളും മാസങ്ങളും പലതുകഴിഞ്ഞു. ലിലിയുടെ ഓർമിച്ച വൈകുന്നേരം ഏതാനും മണിക്കൂറുകൾ എ

ങ്കിലും ചെലവിടാതെ ജീവിക്കാൻ നിവൃത്തിയില്ലെന്നായി റോബർട്ടിന്. ഔദ്യോഗകജോലികൾ ഭംഗിയായും കൃത്യമായും നിർവഹിക്കുന്നുണ്ട്. അതിൽ ഒരിക്കലും തെററൊന്നും ഉണ്ടാകാറുമില്ല. ജോലിസമയം കഴിഞ്ഞാൽ ഒരു മിനിട്ടുപോലും അവിടെങ്ങും നിന്നു ചുററാറില്ല. വസതിയിലെത്തി കൈയും മുഖവും എല്ലാം ഒരിക്കൽകൂടി വൃത്തിയാക്കി കുപ്പായങ്ങൾമാററി മുടി ഭംഗിയായി ചീകിശരിപ്പെടുത്തി വീണ്ടും പുറത്തുചാടുന്നതിന് അഞ്ചുമിനിട്ടിലധികം എടുക്കുകയില്ല റോബർട്ട്. നേരെ ലിലിയുടെ അടുക്കലേക്കാണ്. അവനെ പ്രതീക്ഷിച്ച് അക്ഷമയായി കാത്തിരിക്കുകയായിരുന്നു എന്ന് അവൾ തുറന്നു പറയും. ഇപ്പോൾ കുറെക്കാലമായി വൈകുന്നേരം റോബർട്ട് ചായകുടിക്കുന്നതു് ലിലിയുമൊരുമിച്ച് അവളുടെ വീട്ടിൽനിന്നാണ്. ചായകഴിഞ്ഞാൽ രണ്ടാളുംകൂടി പുറപ്പെടുക ആയി. എവിടേക്കെന്നൊന്നുമില്ല. രണ്ടാളും ഒരുമിച്ചായിരിക്കുമ്പോൾ എവിടവും അവർക്കു സ്വർഗ്ഗംതന്നെയാണ്. ഒമ്പതുപത്തു മണിയോടുകൂടി മടങ്ങി എത്തും. റോബർട്ട് തന്ത്രത്തിൽ കടക്കും. ഇതാണ് എല്ലാദിവസവും വൈകുന്നേരത്തെ പ്രോഗ്രാം.

ലിലി അക്ഷമയായിത്തുടങ്ങി. റോബർട്ടിൻെറ ഉദ്ദേശത്തെപ്പററി തന്നെ അവൾക്കു സംശയമുണ്ടായോ? അവളെ ചിത്ത ആക്കിയശേഷം കടന്നുകളയണമെന്നുള്ളതാണോ അവൻെറ ലാക്ക്. അതിൽ സംശയിക്കാനൊന്നുമില്ല. കല്യാണം കഴിച്ചയാളായിരിക്കുമൊ?ഭർത്ത്യയോടു പിണങ്ങിപിരിഞ്ഞു് ഏകാന്തവാസത്താലൊ വിരഹദുഃഖത്താലൊ വലയുന്നവനായിരിക്കുമൊ? ഏകാന്തതയ്ക്കു് ഒരു ഉപശാന്തി ആയി അവളോടൊന്നിച്ച് സമയം കഴിക്കാമെന്നുവച്ചതായിരിക്കുമൊ? യുവതി പലതരത്തിൽ ആലോചിച്ചു. സംശയങ്ങളെ യഥാർത്ഥ്യങ്ങളാക്കി മാററാൻ പററിയ ഒരു ഒററ തെളിവുപോലുമില്ല. റോബർട്ട്

പുരുഷവേഷംധരിച്ചഒരുസ്ത്രീ ആയിരിക്കമൊ എന്നുവരെ പോയി അവളുടെ ചിന്ത. മാനസികമൊ ശാരീരികമൊ ആയുള്ള എന്തെങ്കിലും കുറവായിരിക്കാം കാരണം എന്നു് അവൾ സംശയിച്ചില്ല. അതെ, അവൾ അക്ഷമയായി. ഇതിൻെറഅത്ഥം എന്താണെന്നു കണ്ടുപിടിക്കണം, കഴിവുണ്ടെങ്കിൽ പരിഹരിക്കണം എന്നവൾ തീർച്ചപ്പെടുത്തി മാർഗ്ഗംആരായാൻ തുടങ്ങി. ആ രാത്രിയിൽ അവൾ ഉറങ്ങിയില്ലെന്നുതന്നെപറയാം. പതിനൊന്നരമണിക്കാണു് ലിലി ഉറങ്ങാൻ കിടന്നതു്. നാലുമണിവരെ ക്ലോക്കു് അതിൻെറ ജോലി ശരിക്കുനടത്തി മണിക്കൂറുകൾ തികയുമ്പോഴും ഓരോ കാൽമണിക്കൂറും അരമണിക്കൂറും കഴിയുമ്പോഴും ഉറങ്ങാതെ കിടക്കുന്നവർ വല്ലവരുമുണ്ടെങ്കിൽ കേട്ടുകൊള്ളണം എന്നമട്ടിൽ മണിഅടിക്കുന്നതു് അവൾകേട്ടു. ഉറങ്ങാനല്ല കിടക്കുന്നതു്, ഉറക്കം വരുമെന്നു് പ്രതീക്ഷിച്ചതുമില്ല. അതുകൊണ്ടു് നാഴികമണിയുടെ ഓമ്മക്കുറിപ്പുകൾ അവളെ ശല്യപ്പെടുത്തിയില്ല. എന്നാൽ ഇത്രയും സമയമായിട്ടും "ഒരു മാർഗ്ഗം" കണ്ടുപിടിക്കാൻ കഴിഞ്ഞില്ലല്ലൊ എന്നുള്ള വിഷമമൊ വ്യസനമൊ ഉണ്ടായിക്കൊണ്ടിരിക്കയുംചെയ്തു.

അവളുടെ മനസ്സിൻെറ അങ്ങെ അററത്തു് വളരെ ബലഹീനമായി ഉദിച്ച ഒരു അഭിപ്രായം, നാലുമണി അടിച്ചു് കഴിഞ്ഞപ്പോൾ കുറെശ്ശെ ഉരുപ്പിടിച്ചു തുടങ്ങി. ആദ്യം കന്യകാസഹജമായ ലജ്ജാശീലം ആ പദ്ധതി ചൂണ്ടിക്കാണിച്ച മനസ്സിനെ കുററപ്പെടുത്തി. അവൾക്കുതന്നെ ലജ്ജതോന്നി. അതു കഴിഞ്ഞു് അതിൻെറ വിവിധ വശങ്ങളെപ്പററിയും ആ മാർഗ്ഗം സ്വീകരിക്കുന്നതിൻെറ ന്യായാന്യായങ്ങളെപ്പററിയും സങ്കോചം കൂടാതെ ചിന്തിക്കാവുന്നനിലയിൽ എത്തി. ഒരു സ്ത്രീയെന്നനിലയിൽ താൻ ഏററം വിലമതിക്കുന്ന നില കൈവരുത്തുന്നതിനൊ സാധനത്തെ കൈവശപ്പെടുത്തു

ന്നതിനൊ ധാർമ്മികമൂല്യങ്ങൾ ബലികഴിക്കാതെ ശ്രമിക്കുന്നതിൽതെററില്ല എന്നുള്ളനിഗമനത്തിൽ എത്തിച്ചേൻറു. അപ്പോൾഒരുചോദ്യം ഉയൻറു "അഭിമാനം പണയം വച്ച് കാര്യം കാണാനൊ ജീവിതസൗഭാഗ്യം കരസ്ഥമാക്കാനൊ ശ്രമിക്കുന്നതു സ്ത്രീക്കു അനുയോജ്യമാണൊ" എന്നായിരുന്നു ആ ചോദ്യം, ചോദ്യത്തിനുള്ള ഉത്തരം "അഭിമാനം നഷ്ടപ്പെട്ടുത്തുന്നില്ല. ദുരഭിമാനത്തെ അല്പസമയത്തെക്കൊന്നു മാററിനിറുത്തുന്നതെയുള്ളു" എന്നാണെന്ന് ലിലി കണ്ടുപിടിച്ചുകഴിഞ്ഞപ്പോൾ മണി ആറടിക്കുന്നതുകേട്ടു. പിന്നെ അവൾ ഉറങ്ങാൻ ശ്രമിച്ചില്ല--, കിടന്നില്ല. ഒരു തീരുമാനത്തിൽ എത്തിയതുകൊണ്ടു് മനസ്സിനും ശരീരത്തിനും പ്രത്യേകഉന്മേഷംതോന്നി. പരീക്ഷണത്തിനുള്ള സമയം, വൈകുന്നേരം, ആകുന്നതുവരെ പതിവുപോലുള്ള കൃത്യങ്ങളിൽ ശ്രദ്ധിച്ചുകൊണ്ടിരിക്കണമെന്നും അവളുടെ തീരുമാനത്തെപ്പററി ചിന്തിക്കരുതെന്നും ഉറച്ചാണ് അവൾ എണീററതു്. ആ ഉറപ്പനുസരിച്ച് വൎത്തിക്കുന്നതിന് ഒട്ടെല്ലാം സാധിക്കയുംചെയ്തു. തീരുമാനത്തെപ്പററി അധികമാലോചിച്ചാൽ പിൻവാങ്ങണമെന്ന് തോന്നിയെങ്കിലൊ എന്നായിരുന്നു ഭയം.

പതിവുള്ളസമയത്തു് റോബർട്ട് വന്നുചേൻറു. പതിവുപോലെ ചായകുടിയും കഴിഞ്ഞു് അവർ സയാഹ്നസവാരിക്കുപുറപ്പെട്ടു. രാവിലെ അവൾചെയ്ത തീരുമാനം റോബർട്ട് മനസ്സിലാക്കാൻ യാതൊരു മാൎഗ്ഗവും ഇല്ലെന്നു് നിശ്ചയമുണ്ടായിരുന്നിട്ടും ലിലിക്കു് അവൻെറ മുഖത്തുനോക്കാൻ അല്പം പ്രയാസംതോന്നി ആദ്യം. വികാരങ്ങളും വിചാരങ്ങളും അനുഭവങ്ങളും അവയിൽനിന്നുൽഭൂതമാകുന്ന വ്രണങ്ങളും മറച്ചുവയ്ക്കേണ്ടയാവശ്യം സൃഷ്ടാവു് സ്ത്രീക്കു് നൽകിയതുകൊണ്ടായിരിക്കാം, മററുള്ളവർ കാണരുതെന്നു് അവൾ നിശ്ചയിക്കുന്നവ ശരിക്കുമറയ്ക്കാൻ പ്രകൃതി അവൾക്കു പ്രത്യേകശക്തി നൽകിയതു്.

പൊട്ടുന്നതിനുള്ള മുഹൂർത്തത്തിലെത്തിയ ഒരു അഗ്നിപർവ്വതം ലിലിയുടെ മനസ്സിൽ ആവിയും പുകയും പൊന്തിച്ചു നിലകൊള്ളുന്നു എന്ന്, അവളുടെ പതിവുപോലുള്ള ചിരിക്കും നേരമ്പോക്കിനും അപ്പുറം കാണാൻ കഴിയാത്ത റോബർട്ട് അറിഞ്ഞതേ ഇല്ല.

അവർ മടങ്ങിഎത്തി. റോബർട്ട് സാധാരണ നടപടിഅനുസരിച്ച് "യാത്രപറയാതെ" കടക്കാൻ തക്കം നോക്കുകയാണ്. ലിലിക്കും എന്തോ ഒരു ധൃതി ഉള്ളതുപോലെ, അവൻെറ പരിഭ്രമത്തിനിടയിൽ റോബർട്ടിനു തോന്നി. മുറിയിലെ ഇലക്ട്രിക്കുവിളക്ക് പെട്ടന്നണഞ്ഞു. ഉത്തരക്ഷണത്തിൽ അവനെ ആരൊ പിടിച്ചെട്ടുക്കുന്നതുപോലെ തോന്നി റോബർട്ടിന്. ആ തോന്നൽ ശരിയായ രൂപമെടുക്കുന്നതിനു സമയം ഉണ്ടായില്ല. അതിനുമുമ്പ് ഒരു സുദീർഘചുംബനം അവൻെറ ചുണ്ടിൽ, റോബർട്ടിൻെറ ഹൃദയസ്പന്ദനം നിലച്ചുവൊ. ജീവശക്തി ആരൊ ചിറിയിലൂടെ വലിച്ചെടുക്കയാണൊ. അതിൻെറ മാധുര്യം! ആററാന്നാവൎത്തിച്ച തേനിൻെറ മാധുര്യവും, കാഞ്ഞിരക്കുരുവിൽനിന്നു കടഞ്ഞെടുത്ത കയ്പും ഒരേസമയം അനുഭവപ്പെടാമൊ. അനുഭവപ്പെട്ടാൽ എന്തായിരിക്കും ഫലം? ഒരു ഹൃദ്രോഗിക്കു അതിവേദന ഉളവാക്കുന്ന രോഗബാധ ഉണ്ടായാൽ എന്നപോലെ റോബർട്ട് ചുളിഞ്ഞു. വളഞ്ഞു. പുളഞ്ഞു. അതിവേഗത്തിൽ പറക്കുന്ന വിമാനത്തിൻെറ യന്ത്രത്തെ വെല്ലുന്നവിധം ശബ്ദമുണ്ടാക്കി അവൻെറ ഹൃദയമിടിപ്പ് ഒരു നിമിഷനേരത്തേക്കു അതിവേദനയും അത്യാനന്ദവും ഒരുപോലെ ഒരേസമയം അനുഭവപ്പെട്ട റോബർട്ട് ലിലിയുടെ കരങ്ങളിൽനിന്ന് ഏതുവിധമൊ രക്ഷപെട്ടു. അവൻ മുറിയിൽനിന്നു പുറത്തുചാടി ഓടി.

അസാധാരണമായ ആ നടപടി ലിലിയിൽ ഉളവാക്കിയ മാററം അവൎണ്ണനീയമായിരുന്നു. അവൾ പ

ച്ചാത്തപിച്ചില്ല. അനുഭവപ്പെട്ട പുളകം താൻ ന്യായമായി അർഹിക്കുന്നുഎന്നും അതു തൻെറ അവകാശമാണെന്നും ഉള്ള ഒരു ബോധം എല്ലാററിലും മുകളിൽ നിൽക്കുന്നതായിട്ടാണവൾക്കു തോന്നിയതു്. അവർ ആഹാരം കഴിച്ചുകൊണ്ടിരിക്കുമ്പോൾ സ്റ്റാൻഡൻ ചോദിച്ചു. "നിൻെറ മുഖത്തു് ഒരു പ്രത്യേക ചൈതന്യം വിളയാടുന്നുണ്ടല്ലോ. വിശേഷവിധിയായി എന്തെങ്കിലുമുണ്ടോ. സന്തോഷവാർത്ത വല്ലതും എന്നെ അറിയിക്കാനുണ്ടോ"

സ്റ്റാൻഡൻെറ ചോദ്യത്തിൻെറ അർത്ഥമൊ സാരമൊ എന്താണെന്നു് അവൾക്കറിയാം. ആ ചോദ്യത്തിൽ റോബർട്ടും അവളുമായുള്ള ബന്ധം ഒളിഞ്ഞുകിടക്കുന്നു എന്നും നിശ്ചയമുണ്ടായിരുന്നു. അതൊന്നും അറിയാത്തമട്ടിൽ ലിലി പറഞ്ഞു. "ഡാഡിക്കു് അങ്ങിനെ ഒക്കെ തോന്നും. എൻെറ മുഖത്തു് ചൈതന്യം വിളയാടാത്തതായി ഡാഡിക്കു് കാണാൻ സാധിക്കയെ ഇല്ലല്ലോ."

പിററന്നാൾ പത്തുമണി ആയിക്കാണും. ലിലി മനോരാജ്യത്തിൽ കൊട്ടാരംകെട്ടി അതിൽ റോബർട്ടുമൊന്നിച്ചു് വിലസിക്കൊണ്ടിരിക്കയാണു്. "ലിലി...... ലിലി......"എന്നുള്ള സ്റ്റാൻഡൻെറ വിളി അവളെ സ്വപ്നലോകത്തിൽ നിന്നു് വലിച്ചിഴച്ചു. സ്റ്റാൻഡൻെറ അസമയത്തുള്ള ആഗമനവും, അയാളുടെ ശബ്ദത്തിൽ സ്ഫുരിച്ച തിടുക്കവും ലിലിയെ ഇളക്കി. അവൾ ഡാഡിയുടെ അടുക്കലേക്കു ഓടിച്ചെന്നപ്പോൾ അയാൾ ഒരു അലമാരിതുറന്നു് എന്തൊക്കെയൊ പുറത്തേക്കു വലിച്ചുവാരി ഇടുകയാണു്.

ലിലി ചോദിച്ചു. "ഡാഡി എന്താ പതിവില്ലാത്ത സമയത്തു് ബദ്ധപ്പെട്ടുമടങ്ങിവന്നതു്. എന്താണു് ഇതെല്ലാം വലിച്ചുവാരി ഇടുന്നതു്."

സ്റ്റാൻഡൻ അലമാരിയിൽ തെരയുന്നതിനിടയിൽ മറുപടിപറഞ്ഞു. "ആഫീസിൽ സേഫിലിരുന്ന രണ്ടാ

യിരം രൂപാ കണ്ടില്ല...."

ലിലി "അതിന് ഈ അലമാരി പരശോധിച്ചാലെന്താണ് വിശേഷം."

സ്റ്റാൻഡൻ "പണം ഒരാഴ്ചയ്ക്കുമുമ്പ് സേഫിൽകൊണ്ടുവച്ചു എന്നാണെൻെറ ഓമ്മ. ഇനി ഇതിലെങ്ങാൻ വച്ചിരിക്കുമൊ എന്നുനോക്കുകയാണ്."

ലിലി "അല്പസമയം ഇവിടെഇരുന്ന് ഓൎത്തുനോക്കിയാൽ........."

സ്റ്റാൻഡൻ "അതിന് സമയമല്ല. റോബർട്ട് ഇന്ന് ആപ്പീസിൽ വന്നില്ല. അയാളുടെ താമസസ്ഥലത്തന്വേഷിച്ചപ്പോൾ വെളുപ്പിനെ അവിടെനിന്നു പോയിഎന്നും, ആ തെമ്മാടി ഡങ്കനും കൂടെയുണ്ടെന്നും അറിഞ്ഞു. ഞാൻ റെയിൽവെ സ്റ്റേഷനിൽപോയി. അവർ രണ്ടാളുംകൂടി 4—39-ൻെറ വണ്ടിക്കു കൽക്കത്തായിക്കു പുറപ്പെട്ടു എന്നറിഞ്ഞു. ഞാനും ഉടനെ പുറപ്പെടുകയാണ്. എൻെറപണം അവൻ ഷർട്ടിക്കാനുള്ളപണി എനിക്കറിയാം..."

ലിലി "റോബർട്ടിനെപ്പററിയാണൊഈ പറയുന്നതു്. ഡാഡിക്കു പൈത്യം പിടിച്ചുപോയൊ......"

സ്റ്റാൻഡൻ:—"നിനക്കങ്ങിനെ ഒക്കെ തോന്നും. ഞാൻ അവനെ......കാണിച്ചുതരാം."

ലിലി "പണം എവിടെയാണ്വച്ചതെന്ന് ഒന്നുകൂടി ഓൎത്തുനോക്കണം. വല്ലതുമൊക്കെ പറയാതെ."

സ്റ്റാൻഡൻ "ഒന്നുമോക്കാനില്ല അവൻ തട്ടിക്കൊണ്ടു കടന്നതാണ്. ലോകത്തിൻെറ മറുവശംവരെ പോകേണ്ടിവന്നാലും അവനെ പിടിക്കാതെ വിടുകയില്ല. ഞാൻ പോകയാണ്"

ലിലി "എവിടെയ്ക്കു"

സ്റ്റാൻഡൻ. "കൽക്കത്തായ്ക്കുതന്നെ. 11-5-ൻെറ വണ്ടിക്കു എങ്കിലും പോകണം,"

ലിലി:- "മണി എത്രആയി എന്നുനോക്കണം. 11-5--ൻെറ വണ്ടികിട്ടുകയില്ല. 3-25-ൻെറ വണ്ടിക്കുപോകാം. ഞാനും വരുന്നു."

സ്റ്റാൻഡൻ. "പിക്ക്നിക്കിന് പോകയാണെന്നാണോ വിചാരിക്കുന്നതു്? നീ എന്തിനാണു വരുന്നതു്. "വേണ്ടാ"

ലിലി:- "പണംമോഷ്ടിച്ചു എന്നു് ഡാഡി പറയുന്ന റോബർട്ടിനെ എനിക്കും ഒന്നുകാണണം. അയാൾ എൻെറവക വല്ലതും മോഷ്ടിച്ചിട്ടുണ്ടെങ്കിൽ അതും മടക്കിവാങ്ങാമൊ എന്നു നോക്കാമല്ലൊ." പുത്രിഒന്നു നിശ്ചയിച്ചുകഴിഞ്ഞാൽ അതിൽ നിന്നു പിൻമാറാൻ സാധിക്കയില്ലെന്നു അനുഭവിച്ചറിഞ്ഞിട്ടുള്ളതുകൊണ്ടും വാദിക്കാൻ തക്കമനഃസ്ഥിതി അപ്പോൾ ഇല്ലാതിരുന്നതുകൊണ്ടും സ്റ്റാൻഡൻ ഒന്നും പറഞ്ഞില്ല. അവർ 3-25-ൻെറ വണ്ടിക്കു് കൽക്കത്തായിലേക്കു പുറപ്പെട്ടു.

ഹെൽസിങ്കി ഒളിമ്പിക്സിൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്ന "ഇന്ത്യൻ ഒളിമ്പിക് ഫുട്ബോൾ ടീമും" കൽക്കത്തായിലെ "ഗവർണേഴ്സ് ടീമും" ആയി മാർച്ചു് 13-ാം തീയതി ഒരു മാച്ചു നടക്കുന്നതാണെന്നുള്ള വിവരം പ്രസിദ്ധീകൃതമായതോടെ, പശ്ചിമബംഗാളിലെയും ബീഹാർ ഒറിസ്സാ മുതലായ പ്രദേശങ്ങളിലെയും ഫുട്ബോൾ ഭ്രമക്കാരെല്ലാം കൽക്കത്തായിലേക്കു പുറപ്പെടുന്നതിനു് ഒരുക്കമായി. അന്നത്തെ കളിയിൽ "ഗേററ് മണി" ആയി കിട്ടുന്ന സംഖ്യയിൽ പകുതി പ്രധാനമന്ത്രിയുടെ ദുരിതനിവാരണനിധിയിലേക്കു സംഭാവന നൽകുന്നതാണെന്നും, പ്രധാനമന്ത്രി കളി കാണാൻ വന്നുചേരുന്നതാണെന്നും "അമൃതബസാർ പത്രിക"യുടെ ന്യൂഡൽഹി ലേഖകൻെറ ഒരു കമ്പിസന്ദേശം ആ പത്രത്തിൽ പ്രസിദ്ധപ്പെടുത്തി. ആ വാർത്ത ലഭിക്കാതെപോയ മററു പത്രങ്ങളുടെ അധിപന്മാർ മുറുമുറുത്തു. വാർത്ത നിഷേധിച്ചാൽ

എന്തെന്നപോലും ചില പത്രാധിപന്മാർ ആലോചിച്ചു. അപ്പോഴേക്ക വാർത്തയ്ക്കു ഔദ്യോഗികമായി സ്ഥിരീകരണം ലഭിക്കയാൽ എല്ലാപത്രങ്ങളും വളരെ പ്രാധാന്യം നല്കി അതു പ്രസിദ്ധപ്പെടുത്തുകയും, "സ്റ്റേററ്സ്മാൻ" പത്രം, ആ ഫുട്ബോൾ മത്സരത്തിനുള്ള പ്രാധാന്യം ചൂണ്ടിക്കാട്ടിക്കൊണ്ട് ഒരു മുഖപ്രസംഗം എഴുതുകയും ചെയ്തു. അതോടുകൂടി പൗരാവലിയുടെ ഉത്സാഹം തിളച്ചുമറിഞ്ഞു. മാർച്ച് 12-ാംതീയതി താൻ ചെന്നുചേരുമെന്ന് റോജരുടെ ഒരു കമ്പിസന്ദേശം ലഭിച്ചപ്പോൾ, ഉത്സാഹഭരിതരായ ജനങ്ങളുടെ നേതൃത്വം തന്നെ ഡെയ്സി സ്വീകരിച്ചു എന്നു പറയാം.

ഹൌറായിൽ വന്നിറങ്ങുന്ന റോജറിന് തീവണ്ടിസ്റ്റേഷനിൽ എത്തി സ്വാഗതം ചെയ്യണമെന്നായിരുന്നു ഡെയ്സി നിശ്ചയിച്ചതു്. വണ്ടിവരുന്ന സമയമായപ്പോഴേക്ക് ഡ്രസ്സ് ചെയ്തു കഴിയാഞ്ഞതുകൊണ്ട് അവൾ ഡ്രൈവറെ വിളിച്ച് കാർ എടുത്ത് സ്റ്റേഷനിൽപോയി റോജറെ കൂട്ടിക്കൊണ്ടു വരുവാൻ ആജ്ഞാപിച്ചു. ഡ്രൈവർ ബാബുവിന് റോജറെ അറിയാം. കൽക്കത്തായിൽ വന്ന അവസരത്തിൽ എല്ലാം തന്നെ ഡെയ്സിയേയും കൊണ്ട് റെയിൽവെ സ്റ്റേഷനിൽപോയി ബാബു സ്വീകരിച്ചിട്ടുള്ളതാണല്ലൊ.

## അദ്ധ്യായം 5

റോബർട്ടിൻെറ കൂടെ കൂടിയ ഡങ്കൻ നിഴൽപോലെ ഒട്ടിപ്പിടിച്ചിരിക്കയാണു്. റോബർട്ട് എവിടേയ്ക്കു പോകുന്നു എന്നറിഞ്ഞു കൊണ്ടല്ല ഡങ്കൻ അവൻെറ പുറകെ കൂടിയതു്. എവിടേയ്ക്കോ പോകുന്നു എന്നു മനസ്സിലാക്കി അവനും പററിക്കൂടിയതാണു്. റെയിൽവേ

സ്റ്റേഷ്യനിൽ വച്ച് ടിക്കററു വാങ്ങിയപ്പോഴാണ് കൽക്കത്തായിലേക്കാണ് പോകുന്നതെന്ന് ഡങ്കൻ മനസ്സിലാക്കിയതു്. ഡങ്കന് മറേറതു സ്ഥലത്തേക്കു പോകുന്നതിലും സന്തോഷം കൽക്കത്തായിലേക്കു പോകുന്നതാണു്. സ്വന്തം കീശയിൽനിന്നു ചെലവു ചെയ്യാതെ അതു സാധിക്കുകകൂടി ചെയ്താൽ സന്തോഷം വർദ്ധിക്കുമല്ലൊ.

ഡങ്കൻ ഒരു വെറും തെമ്മാടിയാണെന്നു പറഞ്ഞുകൂടാ. മോഷ്ടിക്കയില്ല. വേല ഒന്നും ചെയ്യാതെ പണം ഉണ്ടാക്കാനുള്ള "ചുളുക്കുവിദ്യകൾ" അന്വേഷിച്ചു നടന്നാണ് അവൻ സമയം കളയുന്നതു്. അങ്ങിനെ ഇങ്ങിനെ ഒരുതരം സുഖമായി, എന്നുവച്ചാൽ പട്ടിണികൂടാതെ കാലംകഴിക്കുന്നുണ്ട്. ആരെങ്കിലും സൽക്കരിച്ചാൽ മൂക്കററം കുടിക്കും. സ്വന്തമായി പണമുണ്ടെങ്കിൽ അതുകൊടുത്തു് മദ്യം വാങ്ങുന്നതിനും മടിക്കയില്ല. ഭാൎയ്യയും സന്താനങ്ങളും കുടുംബവും സ്ഥിരമായ വാസസ്ഥലവും ഒന്നുമില്ല. പന്തയങ്ങളിൽ വലിയ ഭ്രമക്കാരനാണ്. അതിൽ ഒരിക്കലും തോൽവിപറവുകയില്ലെന്നാണ് പറയുന്നതു്. ആ പറയുന്നതു് പച്ചപരമാൎത്ഥമാണെന്നു് ആരും വിശ്വസിക്കുന്നില്ല. ഡങ്കൻ നന്നായിസംസാരിക്കും. നേരമ്പോക്കുപറയും. തീവണ്ടിയിൽവച്ച് സംഭാഷണത്തിൽ റോബർട്ടിൻെറ യാത്രോദ്ദേശം മനസ്സിലാക്കാൻ അവൻ ശ്രമിച്ചു. എന്തിനാണ് കൽക്കത്തായിലേക്കു പോകുന്നതെന്ന് റോബർട്ടിന് തന്നെ നിശ്ചയമില്ലാതിരുന്നതുകൊണ്ടു് ഡങ്കന് അതു മനസ്സിലാക്കാൻ പററിയില്ല. സ്റ്റാൻഡൻെറകൂടെ തുടരണമെന്നുദ്ദേശമില്ലെന്നും വേറൊരുജോലി ഉണ്ടാകണമെന്നും അറിഞ്ഞപ്പോൾ ഡങ്കന് ഉത്സാഹമായി. ഉദ്യോഗമില്ലാത്തവൎക്ക് ഉദ്യോഗം സമ്പാദിച്ചുകൊടുക്കുക, പണമില്ലാത്തവരെ പണമുണ്ടാക്കാൻ പഠിപ്പിക്കുക ഈവക കാൎയ്യങ്ങളിൽ താൻ വിദഗ്ദ്ധനാണെന്നാണ് ഡങ്കൻെറ അഭിപ്രായം.

ഈ വകയൊന്നും വിദ്ഗ്ദ്ധനായ അയാൾക്കില്ലല്ലൊ എന്നുപറഞ്ഞാൽ അതുകൊണ്ടും ഡങ്കൻ തോററുപോകയില്ല.

യാത്രാവേളയിൽ ഡങ്കൻചോദിച്ചു:-"റോബർട്ടിന് എന്തുജോലി കിട്ടണമെന്നാണ് ആഗ്രഹം."

റോബർട്ട്:-"ഇരുമ്പിനോടല്ലാതെ മററൊന്നിനോട്ടും ഒരു പരിചയവും ഇല്ലാത്ത എനിക്കു എന്തുജോലിവേണമെന്ന് ചോദിക്കാനൊന്നുമില്ലല്ലൊ."

ഡങ്കൻ:-"അങ്ങിനെ പറഞ്ഞാൽ പററുകയില്ല. ഇരുമ്പു ഉരുക്കി പല പല സാധനങ്ങൾ വാത്തെടുക്കുന്ന വലിയ ഫൌണ്ട്റികൾ മുതൽ വെള്ളംകോരുന്നതിനുള്ള തൊട്ടികൾ കൈകൊണ്ടടിച്ച് നിർമ്മിക്കുന്ന ചെറുതരം പണിശാലകൾവരെ, ഇരുമ്പുപണികൾ ചെയ്യുന്ന സ്ഥലങ്ങളും സ്ഥാപനങ്ങളുമുണ്ടായിരിക്കുമല്ലൊ. ഇവയിൽ ഏതിലെങ്കിലും പണികിട്ടിയാൽ മതിയൊ."

റോബർട്ട്:-"എവിടെ ആയാലുംമതി എന്നു തോന്നിപ്പോകുന്നു. ഇതൊക്കെ ഇപ്പോൾ ചോദിക്കയും അറിയുകയുംചെയ്തതുകൊണ്ടെന്താകിലും പ്രയോജനമുണ്ടൊ. എവിടെങ്കിലും ഒഴിവുണ്ടെന്നൊ, ഉണ്ടെങ്കിൽതന്നെ അവിടെ എന്നെ സ്വീകരിക്കുമെന്നൊ ഒന്നും അറിയാതെ..."

ഡങ്കൻ:- അതു നേരമ്പോക്കായിട്ടുണ്ട്. ഒഴിവ് എവിടെ ഉണ്ടെന്നറിയണമെങ്കിൽ പല വാതുക്കൽ മുട്ടണം. ഒഴിവുള്ള ഒരു സ്ഥലംകണ്ടാൽ അവിടെ കേറി പററുന്നതിന് ആരെ പിടിക്കണമെന്നറിയുകയാണ് അടുത്തപടി. എനിക്കു കൽക്കത്തായിൽ സ്നേഹിതന്മാർ ധാരാളമുള്ളതുകൊണ്ട് ഇവ ഒക്കെ സാധിക്കാം. പക്ഷെ...."

റോബർട്ട്:-"എന്താണ് വാചകം പൂത്തി ആക്കാതെ നിറുത്തിക്കളഞ്ഞതു്."

ഡങ്കൻ:-"ഡങ്കനും അവന്റെ ആത്മമിത്രമായ റോബർട്ടും കൂടി വരുന്നുണ്ട്, അവരുടെ യാത്രോദ്ദേശ്യം

റോബർട്ടിനൊരു ജോലി കണ്ടുപിടിക്കയാണു്, എന്നു് ദിവ്യചക്ഷുസ്സുകൊണ്ടു് മനസ്സിലാക്കി നാം ചെന്നാലുടൻ തന്നെ ജോലി ആകുന്ന പൂമാല കഴുത്തിൽ ഇട്ടു സ്വീകരിക്കാൻ അവിടെങ്ങും ആരും കാത്തിരിക്കയില്ല എന്നുള്ളതു് തീർച്ചതന്നെ. അവിടെ ചെന്നു് മണത്തറിയണം ജോലിക്കാരെ ആവശ്യമുള്ള സ്ഥാപനങ്ങൾ. അതിനു് അല്പ ദിവസങ്ങൾ വേണ്ടിവരും. അതിനുള്ള ക്ഷമ റോബർട്ടിനുണ്ടോ എന്നു് സംശയം തോന്നിയതുകൊണ്ടാണു് വാചകം പൂർത്തി ആക്കാതിരുന്നതു്."

റോബർട്ട്:-"ക്ഷമിക്കാതെ മാർഗ്ഗമൊന്നുമില്ലല്ലൊ."

ഡങ്കൻ:-"അതുകൊണ്ടു മാത്രമായില്ല."

റോബർട്ട്:-"പിന്നെന്തുകൂടിയാണു് വേണ്ടതു്."

ഡങ്കൻ:-"ക്ഷമിച്ചു കാത്തിരുന്നാലും വിശപ്പും ദാഹവും ഉണ്ടാകും. മുറിക്കു വാടക കൊടുക്കേണ്ടതായി വരും. പട്ടണത്തിൽ ചുററിത്തിരിയുന്നതിനു് ട്രാമിനും ബസ്സിനും ടിക്കററുവില കൊടുക്കണം. കാര്യം കാണാൻ ചിലപ്പോൾ ടാക്സി പിടിച്ചുപോയി വല്ലവരെയും കാണേണ്ടതായിവരാം. അതിനെല്ലാം പണം വേണം. ഓക്സ്പുറത്തല്ലെ എന്നെ പിടിച്ചു വലിച്ചുകൊണ്ടു പോന്നതു്. അതുകൊണ്ടു മണിപേഴ്സുപോലും എടുത്തിട്ടില്ല."

ഡങ്കനെ താൻ പിടിക്കയും വലിക്കയും ചെയ്തില്ലെന്നും, അയാൾക്കു മണിപേഴ്സ് എന്നൊന്നുണ്ടെങ്കിൽ അതും നാലണത്തൂക്കമായിപ്പോലും അടുത്ത കാലത്തെങ്ങും കൂടികാഴ്ച നടന്നിട്ടില്ലെന്നും പറയണമെന്നു് റോബർട്ടിനു് തോന്നി. മുഷിപ്പിച്ചതുകൊണ്ടു് വിശേഷമില്ലല്ലൊ. തൻെറ പക്കൽ എന്തു സംഖ്യയുണ്ടെന്നും, എന്തു ചൊടിക്കാൻ സാധിക്കുമെന്നും അറിയുന്നതിനാണു് ഈ ചോദ്യം എടുത്തിട്ടതെന്നു് റോബർട്ടിനറിയാമായിരുന്നു. അവൻ പറഞ്ഞു:-"അതൊക്കെ എനിക്കും അറിയാമല്ലൊ. എനിക്കുവേണ്ടി ഡങ്കൻ പട്ടിണി കിടക്കയും മററും വേ

ണ്ടാം. അല്പദിവസത്തേക്ക് അത്യാവശ്യത്തിനുവേക ഉണ്ടു്."

ഡങ്കൻ:—"എന്നാൽ ഞാൻ ഏററു. രണ്ടാഴ്ചക്കകം ശരിപ്പെടുത്തിത്തരാം."

വണ്ടി ഹൌറാ റെയിൽവേ സ്റ്റേഷ്യനിൽ ചെന്നു് നില്ക്കാൻ തുടങ്ങിയപ്പോഴേക്ക് റോബർട്ട് ബാഗ്ഗുമെടുത്തു പുറത്തുചാടി. പ്ളാററുഫോറത്തിൽക്കൂടി അല്പം മുമ്പോട്ടു നടന്നപ്പോൾ, മോട്ടോർ ഡ്റൈവരുടെ യൂണിഫാറം ധരിച്ച ഒരാൾ അവനെ ബഹുമാനപുരസ്സരം, എന്നാൽ പരിചയമുള്ള മട്ടിൽ അഭിവാദ്യം ചെയ്തു. റോബർട്ടിൻെറ ബാഗ്ഗ വാങ്ങിയിട്ട്, കാർ ഇവിടെയാണു് എന്നു പറഞ്ഞു് അയാൾ മുമ്പോട്ടു നടന്നു. ഒരു നിഴൽപോലെ പിമ്പിലുണ്ടായിരുന്ന ഡങ്കൻ കാര്യം മനസ്സിലാക്കിയില്ലെങ്കിലും കിട്ടിയ അവസരം പാഴാക്കരുതെന്നു വച്ചു് റോബർട്ടിനോട് "സംശയിക്കേണ്ട പോകണം. എവിടേയ്ക്കാണെന്നും എന്തിനാണെന്നും തെളിയുമല്ലൊ. ഞാൻ "എക്സൽഷ്യറിൽ" കാത്തിരിക്കാം." എന്നിങ്ങനെ പ്രോത്സാഹിപ്പിച്ചു. യുവാവിൻെറ സംശയം തീൎന്നില്ല. എങ്കിലും ഭാഗ്യം കൈമാടി വിളിക്കയായിരിക്കുമൊ എന്നൊരു തോന്നൽ. പിന്നെ മടിച്ചില്ല. അവൻ മോട്ടോർ ഡ്റൈവറെ അനുഗമിച്ചു. അയാൾ ഒരു നല്ലകാറിൻെറ സമീപത്തു ചെന്നു് പിൻവാതിൽ വലിച്ചുതുറന്നു. റോബർട്ട് മടിക്കാതെ കാറിൽ കേറി. അതു അതിവേഗം ഓടുവാൻ തുടങ്ങി. എവിടേക്കെന്നൊ എന്തിനെന്നൊ നിശ്ചയമില്ല. റോബർട്ട് ഒന്നും ചോദിച്ചുമില്ല. പരിഷ്കൃതരീതിയിൽ പണിചെയ്തിട്ടുള്ള ഒരു ഫ്ളാററിൻെറ കവാടത്തിൽ കാർനിറുത്തി ഡ്റൈവർ ഇറങ്ങി. റോബർട്ട് ഇറങ്ങാൻ അയാൾ വാതിൽതുറന്നു. ഡ്റൈവർ ബാഗ്ഗുമായി മുമ്പിലും റോബർട്ട് പിന്നിലും. അല്പം നടന്നു കഴിഞ്ഞപ്പോൾ ഒരു വാതിലിൻെറ മുൻഭാഗത്തു ഘടിപ്പിച്ചിരുന്ന ബെൽബട്ടനിൽ ഡ്റൈവർ ഒന്നമർത്തി.

വാതിൽ തുറന്നു. റോബർട്ട് അകത്തേക്കു കടന്നു. വാതിൽ അടഞ്ഞു.

അവൻ എവിടെയാണു് കടന്നു ചെന്നതെന്നു് മുറിയിലെ ചട്ടവട്ടങ്ങളും അലങ്കാരങ്ങളും കൊണ്ടെങ്കിലും മനസ്സിലാക്കാമോ എന്നു ശ്രമിക്കുന്നതിനുപോലും റോബർട്ടിനു് അവസരം ലഭിച്ചില്ല. അകത്തു കടന്ന ക്ഷണത്തിൽ തന്നെ അവനെ സ്വാഗതം ചെയ്യുന്നതിനു് ഒരുങ്ങി, വളരെ പരിഷ്കൃതരീതിയിൽ വസ്ത്രധാരണം ചെയ്തിട്ടുള്ള, ആഭരണവിഭൂഷിതയായ ഒരു യുവതി, അതിവശ്യമായ പുഞ്ചിരിപ്പൂനിലാവു ചൂടികൊണ്ടു അടുത്തുവരുന്നു. ആ യുവതി നല്ല നിലയും സ്ഥിതിയുമുള്ള ഒരുവളാണെന്നുള്ളതിൽ സംശയമില്ല. അവളുടെ നോട്ടവും പുഞ്ചിരിയും!! യുവതി നേരെ റോബർട്ടിനെ സമീപിച്ചു. അവൻെറ കരങ്ങൾ അവളെ ചുററിപ്പിടിക്കുമെന്നു് പ്രതീക്ഷിച്ചു് ഒരു നിമിഷംനേരം അതിനായി തൊട്ടടുത്തുനിന്നു. റോബർട്ട് ഒന്നും മനസ്സിലാകാതെ, അനങ്ങാതെ, കൽപ്രതിമപോലെ നിൽക്കുന്നതു കണ്ടിട്ടും അവൾക്കു ക്രുസലില്ല. അവളുടെ കൈകൾ ഉയന്നു. അവയിൽ ഉണ്ടായിരുന്ന വളകൾ തമ്മിൽ ഇടഞ്ഞു പുറപ്പെടുവിച്ച ശബ്ദമാണൊ, ആ കരങ്ങളുടെ സ്പർശനസുഖമാണൊ, അതൊ അവയിലൂടെ അവനിലേക്കു പാഞ്ഞുകേറിയ വിദ്യുച്ഛക്തിയാണൊ, റോബർട്ടിനെ ഉണത്തിയതെന്നറിഞ്ഞുകൂടാ. ഏതായാലും അവൻ ഞെട്ടി ഉണന്നു. ചുംബിക്കുന്നതിനു് സ്പെഷ്യലായി ബ്രഹ്മാവുസൃഷ്ടിച്ചവയും, പ്രകൃത്യാ ഉള്ള രക്തവർണ്ണത്തിനു മാററുപോരാഞ്ഞു് "ലിപ്സ്റ്റിക്ക്" പ്രയോഗിച്ചു ശോഭ വർദ്ധിപ്പിച്ചിട്ടുള്ളവയും ആയ അധരങ്ങളെക്കൊണ്ടു് എന്തു ചെയ്‌വാൻ സാധിക്കുമെന്നു ഒരിക്കൽ പരീക്ഷിക്കാൻ അവനെ ക്ഷണിക്കുന്നു. സംസാരത്തിൻെറ എല്ലാവശങ്ങളുടെയും പ്രതിഛായ നിഴലിച്ചുകൊണ്ടിരിക്കുന്ന മനോഹര നയനങ്ങൾ അവനെ വെല്ലു

വിളിക്കുന്നു. ഇഹത്തിലെ സ്വർഗ്ഗത്തിന്റെ കവാട ത്തിൽ എത്തിയിരിക്കുന്നു എന്നു മനസ്സിലായതോടൊ പ്പം റോബർട്ടിന്റെ പണ്ടത്തെ ക്രൂദ്ധവും ചാടി ഉയന്നു. അവൻ അമ്പരന്നു. യുവതി അത്ഭുതപരവശയായി. ആ സമയത്ത് വാതലിൽ ആരൊ "നോക്ക്" ചെയ്യുന്ന ശ ബ്ദം കേട്ടു. റോബർട്ട് ഭയപ്പെട്ടു. സ്ത്രീ സഗൌരവം വാതിൽ തുറക്കാൻ പോയി. സ്വാഗതമരുളിയ സ്ത്രീയു ടെ ഭർത്താവ് ദീർഘടഘട്ടത്തിൽ വന്നുചേർന്നതായിരിക്ക ണം, എന്തൊരു ഗ്രഹപ്പിഴ, എവിടെ ഒളിക്കുന്നു, എന്നി ങ്ങനെയായിരുന്നു റോബർട്ടിന്റെ ചിന്ത. അവൻ അടു ത്ത മുറിയിലേക്കു കടന്നു് ഡോർകർട്ടന്റെ പിമ്പിൽ നി ന്നുകൊണ്ടു് മുറിയിൽ പ്രവേശിച്ചതാരാണെന്നു് ഒന്നു നോക്കി. കണ്ടകാഴ്ച അവന്റെ കാലുകളെ നിശ്ചേ ഷ്ടമാക്കി. അവൻ തന്നെ മുറിക്കകത്തേക്കു കടക്കുന്നതാ ണു് റോബർട്ട് കണ്ടതു്. താൻ സ്വപ്നം കാണുക യാണൊ? കണ്ണുകൾ തിരുമ്മി തുടച്ചുകൊണ്ടു് ഒന്നുകൂടി നോക്കി. അതെ റോബർട്ട തന്നെ. കോട്ടുമാത്രം വ്യ ത്യസ്ഥമാണു്. ആ റോബർട്ടിനു് സംശയവും സങ്കോ ചവും ക്രൂദ്ധവും കോപ്പലും ഒന്നുമില്ല. യുവതി ക്ഷണിക്കേ ണ്ടതായും വന്നില്ല.

ആ കാഴ്ചയുടെ രഹസ്യമൊ ഹേതുവൊ അർത്ഥമൊ എന്തെന്നറിവാൻ റോബർട്ട് കാത്തുനിന്നില്ല. അവൻ വേറൊരുമുറിയിൽകടന്നു്, മറ്റൊരുമുറിയിൽ പ്രവേശി ച്ചു് എങ്ങിനെയൊ ജീവനുംകൊണ്ടു് പുറത്തുചാടി.

"ക്രൂദ്ധം" റോബർട്ടിനു് പതിവായുണ്ടാകുന്ന അനുഭവമായി പരിണമിച്ചപ്പോൾ അതു് മാനസികമാ യും ശാരീരികമായും വല്ലാത്ത അധഃപതനം വരുത്തുന്ന തായി റോബർട്ടിനു് ബോദ്ധ്യപ്പെട്ടു. അതോടുകൂടി മ റ്റൊരു റോബർട്ട് അപ്രതീക്ഷിതമായൊ ആകസ്മികമാ യൊ പ്രത്യക്ഷപ്പെടുകയും കൂടി ചെയ്തപ്പോൾ റോബർട്ട്

ആകപ്പാടെ അടിപെട്ടുപോയി. ഒരുതരത്തിൽ എക്സൽഷ്യർ ഹോട്ടലിൽ ചെന്നുകൂടി എന്നുപറഞ്ഞാൽ കഴിഞ്ഞു.

ഡങ്കൻെറ ബലഹീനതകളും കുറവുകളും എന്തെല്ലാമായിരുന്നാലും ഒരു സ്നേഹിതനുവേണ്ടി എത്രമാത്രം കഷ്ടപ്പെടുന്നതിനും യാതൊരു മടിയുമില്ല എന്ന് അയാൾ തന്നെ പറയാറുണ്ടായിരുന്നു. ശരീരവും മനസ്സും ഒന്നുപോലെ ക്ഷീണിച്ചു വിവശനായിചെന്ന റോബർട്ടിൻെറ വരവു കാത്തിരിക്കയായിരുന്നോ ഡങ്കൻ? കണ്ട ഉടൻതന്നെ ഡങ്കൻ ഒരു് വെയിററോട് "ഡ്റിംക്" എന്ന് ആജ്ഞാപിച്ചിട്ട് റോബർട്ടിനെയും കൂട്ടിക്കൊണ്ട്, തോട്ടത്തിലേയ്ക്കിറങ്ങി. അവിടെ ഉണ്ടായിരുന്ന ഒരു മേശയുടെ ഇരുവശത്തും ഇരുപ്പുറപ്പിക്കുന്നതിനു മുമ്പുതന്നെ വെയിററർ എത്തിക്കഴിഞ്ഞു. റോബർട്ടിൻെറ ററംബ്ളറിൽ ഉണ്ടായിരുന്നതു മുഴുവൻ കുടിച്ചു കഴിയുന്നതുവരെ ഡങ്കൻ സംസാരിച്ചില്ല. അയാൾ കുറെക്കൂടി ഒഴിച്ചുകൊടുത്തു. അതിൽ ഒരു ഭാഗവും കുടിച്ചശേഷം ററംബ്ളർ താഴത്തുവച്ചപ്പോൾ ഡങ്കൻ ചോദിച്ചു.—"എന്തെല്ലാമായിരുന്നു. ഇത്രക്ഷണത്തിൽ ഇവിടെത്തുമെന്നു ഞാൻ പ്രതീക്ഷിച്ചില്ല. പോയിട്ട് എന്തൊക്കെ ആയിരുന്നു. നല്ല സൽക്കാരം........."

റോബർട്ട്:—"എന്താണുണ്ടായതെന്നും എന്താണു പറയേണ്ടതെന്നും അറിഞ്ഞുകൂടാ."

ഡങ്കൻ:—"അത്രവലിയ ബഹളമായിരുന്നോ."

റോ:—"ബഹളം ഒന്നുമില്ലായിരുന്നു. സ്വപ്നം കണ്ടതാണൊ എന്ന് ഇപ്പോഴും സംശയം തോന്നുന്നു."

ഡ:—"എന്താണ് കണ്ടതെന്നു പറയണം. സംശയം ഞാൻ തീൎത്തുതരാം."

റോബർട്ട് കാറിൽ കേറിയതുമുതൽ ഉണ്ടായ സംഭവങ്ങൾ വർണ്ണിച്ചു. "ഞാൻ ആ മുറിയിൽ നിൽക്കവെ

ഞാൻതന്നെ പുറത്തുനിന്നു കേറിവന്നതെങ്ങിനെയാണെന്നാണ് മനസ്സിലാകാത്തതു്. അതു് ഓക്കുമ്പോൾ ഇപ്പോഴും കുളിരുകോരിയിടുന്നു."

ഡങ്കൻ:"നിങ്ങളുടെ ഛായയുള്ളവേറൊരാൾ ഉണ്ടെന്നല്ലാതൊന്നുമില്ലല്ലൊ ഇതിൽ. നിങ്ങളെ ഇരട്ടപ്രസവിച്ചതാണൊ"

റോബർട്ട്:-"ആക്കറിയാം. മാതാപിതാക്കന്മാർ ആരെന്നുപോലും നിശ്ചയമില്ലാത്തഞാൻ എന്തുമറുപടി പറയാനാണു്."

ഡങ്കൻ:-"ഇരട്ടതന്നെ ആയിരിക്കണം. ആ ആളും ഇന്നത്തെ വണ്ടിയിൽ തെക്കുനിന്നു വന്നതായിരിക്കണം."

റോബർട്ട്:-"ആ പെണ്ണിന്നെ കിസ്സു ചെയ്വാൻ വന്നിട്ട് പേടിച്ചോടിയതോക്കുമ്പോൾ ലജ്ജ തോന്നുന്നു."

ഡ:-"ഓടുന്നതിനുമുമ്പു് അവളെ സന്തോഷിപ്പിക്കരുതാഞ്ഞോ."

റോ:-"എല്ലാം തുറന്നു പറഞ്ഞേക്കാം. ഞാൻ സ്റ്റാൻഡൻെറ വക്ക്ഷോപ്പിൽനിന്നു പോരാനുണ്ടായ കാരണം ഡങ്കനെ ധരിപ്പിച്ചവിധമല്ല........."

ഡങ്കൻ:-"സ്റ്റാൻഡൻെറ കുറെപണവുംകൂടി നിങ്ങളുടെ പോക്കററിൽകേറി ഇങ്ങട്ടുപോന്നു കളഞ്ഞതായിരിക്കുമൊ...?"

റോ:-"അങ്ങിനെ പറയാൻ ആക്കും ധൈര്യം വരുകയില്ല. ഞാൻ പോരാനുണ്ടായ യഥാൎത്ഥകാരണം ഡങ്കനെപോലും അറിയിക്കണമെന്നുദ്ദേശിച്ചിരുന്നില്ല. എങ്ങിനയാണു് പറയുന്നതു്! ലജ്ജ തോന്നുന്നു."

ഡങ്കൻ-"എന്നോടു പറയുന്നതിനു ലജ്ജിക്കാനൊന്നുമില്ലല്ലൊ."

റോബർട്ട-"എനിക്കു സ്ത്രീകളെ ചുംബിക്കാൻവയ്യാ."

ഡങ്കൻ:-"മനസ്സിലായില്ല. എന്താ ചുണ്ടുകൾ കൂ

ട്ടി അടുക്കകയില്ലെന്നാണൊ."

റോബർട്ടു്."എൻെറ ചുണ്ടു് ഒരു യുവതിയുടെ ചുണ്ടിൻെറ അടുത്തേക്കടുപ്പിച്ചാൽ വെടികൊണ്ടതുപോലൊരു തോന്നൽ-ഒരു വേദന-ഒരു ക്ലേശം ഉണ്ടായി ഞാൻ തെറിച്ചു പുറകോട്ടു മാറിപ്പോകും."

ഡങ്കൻ:-"ഈതരം രോഗങ്ങൾക്കു പററിയ ഒരു ഡോക്ടർ ഇവിടെ ഉണ്ടു്. മുമ്പു് മൂപ്പർക്കു് വലിയ പ്രതാപമൊക്കെ ഉണ്ടായിരുന്നു. ആൾ സമത്ഥനാണു്. ഒരു പിരിലൂസാണെന്നൊരു സംസാരമുണ്ടു്. ഡോക്ടർ ഇന്ദ്രൻ അസാധാരണ സമത്ഥനാണു്. ഒരിക്കൽ ഒരു മനുഷ്യക്കുരങ്ങിനെ മനുഷ്യസ്ത്രീ ആക്കാൻശസ്ത്രക്രിയനടത്തി. അതു വിജയത്തിലെത്തിക്കാൻ ഒരു നെഴ്സിൻെറ തലച്ചോറെടുത്തു കുരങ്ങിനുകൊടുത്തു. കുരങ്ങു് മനുഷ്യസ്ത്രീ ആയെങ്കിലും, അവളുടെ വാനരത്വം നശിക്കാതിരുന്നതുകൊണ്ടു് പലകുഴപ്പങ്ങൾ ഉണ്ടായി. നാരിയാക്കിയ ഡോക്ടറെ തന്നെ ആ വാനരം ആക്രമിച്ചു. അയാളുടെ കഥ കഴിഞ്ഞില്ലെന്നെയുള്ളു. രണ്ടുമാസം ആസ്പത്രിയിൽ കിടക്കേണ്ടതായിവന്നു. അവിടെനിന്നു് ഡിസ്ച്ചാർജ്ജ് ചെയ്തപ്പോൾ പോലീസ് പിടികൂടി. നെഴ്സിനെ കൊന്നുഎന്ന കേസ്സ് ചാർജ്ജുചെയ്തു. ശാസ്ത്രക്കമ്പംകൊണ്ടു് സംഭവിച്ചതായതിനാൽ അഞ്ചുവർഷത്തെ കഠിനതടവുകൊണ്ടു് തീർന്നു. പുറത്തുവന്നിട്ടു് ഇപ്പോൾ കുറെനാളായി. ലൈസൻസു റദ്ദു് ചെയ്തിട്ടില്ല. എന്നാൽ ശസ്ത്രക്രിയ ചെയ്തുപോകരുതെന്നു വിലക്കിയിട്ടുമുണ്ടു്. കുരങ്ങിൻെറ "ഗ്ലാണ്ടൊ"മറെറാ കൊണ്ടുള്ള ചികിത്സയാണു് ഇപ്പോൾ. മാനസികരോഗങ്ങൾക്കും ലൈംഗികരോഗങ്ങൾക്കും ഡോക്ടർ ഇന്ദ്രനെ കഴിഞ്ഞൊരുമില്ലെന്നാണു് വയ്പ്."

റോബർട്ടു്:-"എൻെറ സുഖക്കേടു് മാനസികവും ലൈംഗികവും അല്ലല്ലൊ."

ഡങ്കൻ:–"കിസ്സ് ലൈംഗിക മല്ലപോലും! കിസ്സ് ചെയ്താൽ ഭൂലോകം പാതാളമാകുമെന്നോ, ഹൃദയത്തിന്റെ സ്പന്ദനം നിന്നുപോകുമെന്നോ തോന്നുന്നതു് മാനസികരോഗമല്ലെങ്കിൽ പിന്നെ എന്താണെന്നു ഒന്നു പറയാമൊ."

റോബർട്ടു്.–എന്നാൽ നമുക്കു് ആ ഡോക്ടറെതന്നെ കാണാൻ പോകാം.

ഡങ്കൻ:"ഞാൻ വരണമെന്നുണ്ടോ.

റോബർട്ടു്–നിങ്ങൾക്കിപ്പോൾ വേറെ ജോലിഒന്നുമില്ലല്ലൊ.

ഡങ്കൻ:–നിർബന്ധമാണെങ്കിൽ വന്നു സ്ഥലം കാണിച്ചശേഷം ഞാൻ മടങ്ങും. ഇപ്പോൾതന്നെ പോകയാണു് നന്നു്. രാത്രി ഉറക്കവും മററുമില്ലെന്നും രോഗികൾ രാത്രി പത്തുമണികഴിഞ്ഞു ചെല്ലുകയാണു് മൂപ്പർക്കിഷ്ടമെന്നും കേട്ടിട്ടുണ്ടു്.

## അദ്ധ്യായം 6

ഒളിമ്പിക്ക്'സു ടീമിന്റെ താമസത്തിനു് ഏപ്പാടു ചെയ്തിരുന്നതു് എക്'സൽഷ്യർ ഹോട്ടലിലാണു്. ഗോളി റോജർ വളരെ അത്യാവശ്യമായി എന്തൊ കാര്യമുണ്ടെന്നു പറഞ്ഞു് റെയിൽവെസ്റ്റേഷ്യനിൽ നിന്നു തന്നെ ഡെയ്'സിയുടെ വാസസ്ഥലത്തേക്കു കടക്കാൻ ശ്രമിച്ചു. ടീമിന്റെ മാനേജർക്കു് അയാളുമായി അതിലും അത്യാവശ്യമായി എന്തൊ ആലോചിക്കാനുണ്ടെന്നു പറഞ്ഞു് വേററിങ്ങ്' റൂമിലേക്കു കൂട്ടിക്കൊണ്ടുപോയതുകൊണ്ടാണു് ഡ്'റൈവർ ബോബു റോബർട്ടിനെ കൊണ്ടുപോകാനിടയായതു്. ടീം മാനേജരെ ഒരുതരത്തിൽ തൃപ്തി

പ്പെട്ടത്തി, റെയിൽവെസ്റ്റേഷ്യനിൽ നിന്ന് ഒരു ടാക്സിപിടിച്ച് റോജർ ഡെയ്സിയുടെ വസതിയിലേക്ക് പുറപ്പെട്ടുകയും അവളും റോബർട്ടുമായുണ്ടായ സമാഗമം പൂത്തി ആകുന്നതിനു മുമ്പ് അവിടെ എത്തിച്ചേരുകയുമാണുണ്ടായത്.

റോബർട്ടിന് ഡോക്ടർഇന്ദ്രന്റെ ആസ്പത്രി ചൂണ്ടിക്കാണിച്ചു കൊടുത്തശേഷം ഡങ്കൻ ഹോട്ടലിലേക്കു മടങ്ങി. അവിടുത്തെ ലൌഞ്ചിൽ ഇരിക്കുമ്പോളാണ് റോജർ ഡെയ്സിയുടെ ഗൃഹത്തിൽനിന്ന് അവിടെ മടങ്ങിച്ചെന്നത്. കൂട്ടുകാരൻ ഇത്രവേഗം മടങ്ങിവന്നല്ലൊ എന്ന് അത്ഭുതപ്പെട്ട്, അയാൾ തന്റെ അടുക്കലേക്കു വരുന്നതു് നോക്കിയിരിക്കയാണ് ഡങ്കൻ. ആഗതൻ ഹോട്ടലിലെ ഒരു വെയിററെ വിളിച്ച് എന്തൊ ചോദിച്ചിട്ട് അതിവേഗം മുകളിലത്തെ നിലയിലേക്കു പോയി. ആൾ റോബർട്ടു തന്നെ എന്നതിൽ ഡങ്കനു സംശയമില്ല. എന്നാൽ നടപ്പിലൊ ഭാവത്തിലൊ എന്തൊ ഒരു വ്യത്യാസം ഉണ്ടൊ എന്നൊരു സംശയം. ഡങ്കനെ കണ്ടെങ്കിലും പരിചയമുള്ള ഭാവംപോലുമില്ല. ഡങ്കൻ ആ വെയിററെ സമീപിച്ച് മുകളിലേക്കു കേറിപ്പോയതാരാണെന്നു ചോദിച്ചു.

വെയിററർ ചോദിച്ചു:–"അയ്യൊ, അറിയുകയില്ലെ, അതല്ലെ ഒളിമ്പിക്ക് ടീമിന്റെ ഗോളി റോജർ."

ഡങ്കൻ–"കണ്ടിട്ടുള്ളതുപോലെ തോന്നി എന്നാൽ അല്പസംശയവും ഉണ്ടായി."

വെയിററർ–"അതാണ് സാക്ഷാൽ റോജർ. ഗോളിൽകൂടി ഒരു പന്തുപോയിട്ട് ഒരു ഈച്ചപോലും കടക്കാൻ അനുവദിക്കയില്ല. ഇന്നിവിടെല്ലാം പന്തയത്തിന്റെ "അയ്യരുകളി"യാണ്. എത്ര രൂപ വേണമെങ്കിലും വാതുകെട്ടാൻ ആളുണ്ട്."

ഡങ്കൻ.–"എന്താണ് വാതു്?"

വെയിററർ:– "ഒളിമ്പിക്ക് ടീം ജയിക്കുമെന്നും ഗവർണ്ണരുടെ ടീം ജയിക്കുമെന്നും. ഞാൻതന്നെ നൂറു രൂപ വാതു കെട്ടിക്കഴിഞ്ഞു."

ഡങ്കൻ:–"ഏതു ടീം ജയിക്കുമെന്നാണു് വെയിററുടെ അഭിപ്രായം."

വെയിററർ:–"സംശയിക്കാനെന്താണുള്ളതു്? റോജരുടെ ഗോളിലേക്കു് ഒരു ഒററ പന്തുപോലും കടക്കുകയില്ല. പിന്നെ ഗവർണ്ണരുടെ ടീം ജയിക്കുമൊ. സാറിനു വാതു കെട്ടണമെന്നുണ്ടോ? കുറെ പണം ഉണ്ടാക്കാൻ നല്ല അവസരമാണു്."

ഡങ്കൻ:–"അതെങ്ങിനെയാണു്."

വെയിററർ:–"ഇവിടത്തെ കാഷ്യർ വലിയ ഫുട്ട്ബോൾ ഭ്രാന്തനാണു്. പന്തയം അദ്ദേഹം സ്വീകരിച്ചുകൊള്ളും. എത്രസംഖ്യ വേണമെങ്കിലും ആകാം."

ഡങ്കൻ:–"പണമെല്ലാം അയാളെ ഏല്പിച്ചാ......"

വെയിററർ:–"അതല്ലെ അതിലെ സുഖം. നൂറു രൂപയുടെ വാതു കെട്ടുകയാണെങ്കിൽ അഞ്ചു രൂപാ കൊടുത്താൽ മതി. പിന്നെ ഒടുവിൽ കണക്കു തീർക്കുമ്പോൾ നിങ്ങൾക്കു് ഇങ്ങോട്ടു വാങ്ങിക്കൊള്ളാം. കൊടുക്കേണ്ടി വന്നാൽ കൊടുക്കാം. സാർ ഭയപ്പെടേണ്ട, ഒരു ഉറപ്പായ വഴിയാണു്.

ഡങ്കൻ:–"രണ്ടുനാലായിരം രൂപയ്ക്കു വാതു കെട്ടിയാൽ എന്തെന്നു തോന്നുന്നു."

ഒരിക്കലും പണം തികയുകയില്ല ഡങ്കനു്. ആയുഷ്ക്കാലത്തിൽ ഞെരുക്കമൊ ഞെക്കമൊ അനുഭവപ്പെടാത്ത ഒരു ദിവസംപോലും ഉണ്ടായിട്ടില്ല എന്നു പറയുന്നതായിരിക്കും ശരി. വെയിററരുടെ "സൂത്രം" ഒന്നു പരീക്ഷിച്ചാലെന്താണെന്നു് ആലോചിക്കയാണയാൾ. "ഒന്നു വച്ചു് പത്തുവാങ്ങു"ന്നതുകൊണ്ടു് തൃപ്തിപ്പെടുന്ന സ്വഭാവക്കാരനല്ല. ഒന്നു വച്ചാൽ പതിനായിരം എങ്കിലും കിട്ടണം, അത്രയുമില്ലെങ്കിലും ആയിരമെങ്കിലും നിശ്ചയമായി

കിട്ടണം. നഷ്ടം വരാൻ പാടില്ല, കൊഴുത്ത ലാഭം കിട്ടുകയും വേണമെന്നു സാരം. അതിന്ന് കുറുക്കുവഴി തേടുകയാണ്ട് ഡങ്കൻെറ സ്ഥിരം ജോലി എന്നുപറഞ്ഞാൽ തെററില്ല. പണം ക്ഷണത്തിൽ ഉണ്ടാക്കാൻ പണിയുണ്ടെന്നു കേട്ടപ്പോൾ റോബർട്ടിൻെറ "ഇരട്ട"യെ കണ്ടതു് അല്പസമയത്തേക്കു മറന്നുപോയി. പെട്ടെന്നു വീണ്ടും അതോമ്മയിൽ വന്നു. റോബർട്ട് അപരിചിതയായ ആ യുവതിയുടെ വീട്ടിൽവച്ചു കണ്ട ആൾ സുപ്രസിദ്ധ ഗോളി ആയ റോജർ തന്നെ. അതിൽ നിന്നു് എന്തെങ്കിലും മുതൽ എടുക്കാനുണ്ടോ എന്നായി ഡങ്കൻെറ ആലോചന. ഗാഢമായി ആലോചിച്ചു കൊണ്ടിരിക്കുമ്പോൾ മററാരും വന്നു് ശല്യപ്പെടുത്തരുതെന്നു വച്ചു് വരാന്തയിൽ തന്നെ അല്പം ഇരുട്ടുള്ള ഭാഗത്തേക്കു ഒരു കസാല മാററിയിട്ടാണവൻ ഇരിക്കുന്നതു്. കുറെ സമയം ആലോചിച്ചപ്പോൾ ഒരു മാർഗ്ഗത്തിൻെറ ആരംഭം കണ്ടു എന്നു തോന്നി. അപ്പോൾ ഒരു യുവതിയും മദ്ധ്യവയസ്കനായ ഒരു പുരുഷനും ഒരു പോലീസുകാരനും കൂടി ഹോട്ടലിലേക്കു കേറിച്ചെന്നു. ഡങ്കൻ ഇരുട്ടുള്ള ഭാഗത്തിരുന്നതു കൊണ്ടു് ആഗതർ അവനെ കണ്ടില്ല. ഡങ്കൻെറ ആലോചന ഫലം നൽകുന്ന ഘട്ടത്തിലെത്തിയപ്പോൾ ഉണ്ടായ ഈ സംഭവം ആലോചനയുടെ നൂൽ പൊട്ടിച്ചു കളഞ്ഞു എന്നാവനു തോന്നി. അതു് അല്പം ഈർഷ്യയ്ക്കും ഇടകൊടുത്തു.

എന്നാൽ ആഗതർ സ്റ്റാൻഡനും അയാളുടെ പുത്രി ലിലിയുമാണെന്നു കണ്ടപ്പോൾ അവരുടെ ആഗമനം സംഭവവികാസങ്ങളുടെ ആരംഭമാണെന്നുള്ള പ്രതീക്ഷ ഈർഷ്യയ്ക്കു സ്ഥലം കൊടുത്തു.

സ്റ്റാൻഡൻ റിസപ്ഷൻ ക്ലാക്കിനെ സമീപിച്ചു് അയാൾക്കും പുത്രിക്കും മുറികൾ ഏർപ്പാടുചെയ്തു. പോലീസുകാരൻ അല്പംകൂടി താണ റേറുള്ള ഏതെങ്കിലും ഹോട്ടലിൽപോയി താമസിക്കയല്ലേ നന്നെന്നു് ലിലി ചോ

ദിച്ചു.

സ്റ്റാൻഡൻ:–"അതുകൊണ്ടു് വലിയ തെററില്ല. എങ്കിലും അവനെ അപ്രതീക്ഷിതമായി കണ്ടുമുട്ടിയാൽ ഉടൻ അറസ്റ്റ് ചെയ്യിക്കണമല്ലൊ."

ലിലി:–"ഡാഡിക്കു് ഇപ്പോഴും ആ കമ്പം ഉണ്ടു് അല്ലെ. റോബർട്ടു് മററൊരാളുടെ പണം അപഹരിക്ക യില്ല. എനിക്കു നല്ല നിശ്ചയമാണു്. അപ്രതീക്ഷിത മായി കണ്ടുമുട്ടിയാൽ പോകാതെ ഞാൻ സൂക്ഷിച്ചു കൊ ള്ളാം. പോരയൊ. പോലീസുകാരനെയും കൊണ്ടു ന ടക്കുന്നതു്......"

സ്റ്റാൻഡൻ:–"എൻെറ പണം അവൻ തട്ടിയെടുത്ത താണു്. സംശയമില്ല. പോലീസുകാരനും ഇന്നിവിടെ താമസിക്കട്ടെ."

ഈ സംഭാഷണം കേട്ടുകൊണ്ടിരിക്കയാണു് ഡങ്കൻ. റോബർട്ടു പറഞ്ഞതു് അപ്പോൾ കള്ളമായിരുന്നൊ? പ ണത്തിനു് അത്യാവശ്യമുണ്ടായിട്ടു് എടുക്കയും കണ്ടുപി ടിക്കുമെന്നു വന്നപ്പോൾ ചാടിപ്പോരുകയും ചെയ്തതായി രിക്കുമൊ എന്നു് അവനു് സംശയമായി.

ഈ ഘട്ടത്തിൽ ഹോട്ടലിൻെറ മേൽനിലയിൽ നി ന്നു് ചടപടാ ശബ്ദം പുറപ്പെടുവിച്ചൊരാൾ താഴത്തേക്കി റങ്ങി വരുന്നു. വന്ന ചെറുപ്പക്കാരനെ കണ്ട ഉടൻ സ്റ്റാൻ ഡൻ പോലീസുകാരനോടു് "ഇവനാണെൻെറ പണം ത ട്ടിഎടുത്തതു്. അറസ്റ്റ് ചെയ്തുകൊള്ളൂ."

സ്റ്റാൻഡൻെറ ആജ്ഞ പോലീസുകാരൻ ശരിക്കു മ നസ്സിലാക്കിയില്ല. അതിനുമുമ്പു് ലിലി ഒരു സന്തോഷ ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു് ആഗതൻെറ സമീപത്തേ ക്കു അടുത്തു. യുവതി പുറപ്പെടുവിച്ച സന്തോഷശബ്ദവും അവളുടെ കണ്ണുകളിൽ പ്രത്യക്ഷമായ പ്രേമ പ്രകാശവും കേൾക്കുകയും കാണുകയും ചെയ്ത ആഗതൻ സുന്ദരി ആയ ആ യുവതിയെ കൈയിൽ വാരിഎടുത്തു എന്നുപറയണം.

സുദീർഘമായ ആശ്ലേഷാലിംഗനങ്ങൾ കഴിഞ്ഞപ്പോളാണ് സ്റ്റാൻഡന്റെയും പോലീസുകാരന്റെയും കാൎയ്യം ലിലി ഓൎത്തതും, യുവാവ് അറിഞ്ഞതും സ്റ്റാൻഡൻ ഈൎഷ്യയോടുകൂടി ചോദിച്ചു "എന്റെ രണ്ടായിരം രൂപ മോഷ്ടിച്ചതു പോരാഞ്ഞിട്ടാണൊ എന്റെ പുത്രിയുടെ ഹൃദയംകൂടി തട്ടി എടുത്തതു്."

ലിലി:—"ഡാഡി മിണ്ടാതിരിക്കുമൊ."

സ്റ്റാൻഡൻ പോലീസുകാരനോട് "ഇവനാണ് പുള്ളി നിങ്ങളുടെ ജോലി നിൎവഹിക്കണം."

പോലീസുകാരൻ:—"ഞാൻ നിങ്ങളെ അറസ്റ്റ് ചെയ്തിരിക്കുന്നു. വാറണ്ടു് വേണമെങ്കിൽ കാണിച്ചുതരാം."

യുവാവ്:—"ഞാൻ ആരാണെന്നറിഞ്ഞാണൊ താൻ കളിക്കുന്നതു്. അറസ്റ്റ് ചെയ്യണം അല്ലെ! തൊപ്പി നഷ്ടപ്പെടേണ്ടെങ്കിൽ പാട്ടിനു പൊയ്ക്കൊള്ളണം. ഒളിമ്പിക്ക് ചാമ്പിയൻ ഗോളി റോജറോടു കളിക്കുന്നതു് ഓൎത്തും കണ്ടും വേണം."

പോലീസുകാരൻ:—"നിങ്ങൾ ഗോളി റോജറാണെങ്കിൽ ഞാൻ ഇൻസ്പെക്ടർ ജനറലാണ്. പിത്തലാട്ടങ്ങളൊക്കെ കളയണം."

യുവാവ്:—"എന്തുപറഞ്ഞു."

പോലീസുകാരൻ:—"അറസ്റ്റ് ചെയ്തിരിക്കുന്നു എന്നു്."

യുവാവ്:—"നേരമ്പോക്കു മതിയാക്കണം. ഈ യുവതിയോടല്പം സംസാരിച്ചുകൊള്ളട്ടെ."

സ്റ്റാൻഡൻ:—"കാൺസ്റ്റബിൾ ഇവനെ ഉടൻതന്നെ കൊണ്ടുപോകണം."

യുവാവ്:—"അത്രയുമായൊ. എന്നാൽ......"

പോലീസ്:—"കൊണ്ടുപോകയാണ്. വരൂ..."

യുവാവ്:—"തനിക്കു വിശ്വാസമില്ലെങ്കിൽ പോലീസ് സ്റ്റേഷനിലേക്കു പോകാം. "ഇൻസ്പെക്ടരെ ഞാൻ ബോദ്ധ്യപ്പെടുത്തിക്കൊള്ളാം."

പോലീസ്:—"സ്റ്റേഷനിലേക്ക തന്നെയാണ് കൊണ്ടുപോകുന്നത്."

തന്റെ കൂട്ടുകാരും ഹോട്ടലിൽ ആരുംതന്നെ ഈ സംഭവം അറിയാതിരുന്നാൽ മതി എന്ന് റോജറിന്—അതെ അവൻ സുപ്രസിദ്ധ ഗോളി റോജർ തന്നെയാണ്—ആഗ്രഹമുണ്ടായിരുന്നു. അത് ഏറെക്കുറെ സാധിക്കയുംചെയ്തു. ഡങ്കൻ അല്ലാതാരും ആ പ്രഹസനം ആരംഭം മുതൽ അവസാനംവരെ കാണുകയും കേൾക്കുകയും ചെയ്കയുണ്ടായില്ല.

റോജർ പോലീസ്സ്റ്റേഷനിലേക്ക് ആനയിക്കപ്പെട്ടു കഴിഞ്ഞപ്പോൾ ആ ഫുട്ബോൾ മത്സരത്തിൽ വാതുകെട്ടി അപകടം കൂടാതെ നല്ലൊരു സംഖ്യയുണ്ടാക്കാനുള്ള മാർഗ്ഗം തുറന്നു തെളിഞ്ഞുകിടക്കുന്നതു് ഡങ്കൻ കണ്ടു. അപകടം എന്തെങ്കിലുമുണ്ടോ, വിജയത്തിൽ ആശങ്കയ്ക്ക കാര്യമുണ്ടോ എന്ന് അവൻ കിഴിഞ്ഞു് കിഴിഞ്ഞു് ആലോചിച്ചു. ഇത്രമാത്രം ഫൂൾപ്രൂഫായ ഒരു പദ്ധതിയുണ്ടാക്കാനില്ലെന്നു പൂർണ്ണബോദ്ധ്യമായി. റോബർട്ടിന്റെ സഹകരണം ആവശ്യമാണ്. ലാഭത്തിൽ പകുതി റോബർട്ടിനുകൊടുക്കാൻ തീർച്ചപ്പെടുത്തികൊണ്ടാണല്ലോ ആലോചന ആരംഭിച്ചതു തന്നെ. അതുകൊണ്ടു് അയാളുടെ സഹകരണം ലഭിക്കും. സംശയിക്കാനില്ല. എങ്കിലും ആദർശവാദിയായ യുവാവല്ലേ. അവനെ പറഞ്ഞു സമ്മതിപ്പിക്കാതെ ഒന്നും തീർച്ചപ്പെടുത്തിക്കൂടല്ലോ. പക്ഷെ സ്റ്റാൻഡന്റെ രണ്ടായിരംരൂപാ ഉണ്ടാക്കിക്കൊടുക്കേണ്ടതുകൊണ്ടു് റോബർട്ടു് തന്റെ പദ്ധതിയുടെ വിജയത്തിനു വേണ്ടവിധം സഹകരിക്കും, എന്നുവിശ്വസിച്ചു ഡങ്കൻ.

റോബർട്ടു് പ്രതീക്ഷിച്ചതിൽ വേഗം മടങ്ങിയെത്തി. അവനെ കണ്ടക്ഷണത്തിൽതന്നെ ആ ഫൂൾപ്രൂഫ് പദ്ധതിയെപ്പററി സംസാരിക്കണമെന്നു് ഡങ്കനാഗ്ര

ഷമുണ്ടായി എങ്കിലും നയം ആവശ്യമാണെന്നുറച്ച് ഡോക്ടർ ഇന്ദ്രനെകണ്ടു വിവരങ്ങൾ ആദ്യമായിചോദിച്ചു പ്രീണിപ്പിക്കാമെന്നാണ് തീർച്ചപ്പെടുത്തിയതു്.

ഡങ്കൻ:–"ഡോക്ടരെ കണ്ടോ. എന്തുപറഞ്ഞു."

റോബർട്ട്:–"ഡോക്ടരെ കണ്ടു. അദ്ദേഹത്തിന് ഞാൻ രോഗവിവരം പറഞ്ഞിട്ട് അത്ര വിശ്വാസം തോന്നിയില്ല ആദ്യം."

ഡങ്കൻ:–പിന്നെ...?

റോബർട്ട്:–"ഒരു പരിശോധനനടത്തി ബോദ്ധ്യപ്പെട്ടു. കുറെ മരുന്നുതന്നു"

"ഡങ്കൻ:–ഡോക്ടർമാർപിന്നെ പരിശോധിക്കാതെ മരുന്നുതരുമൊ."

റോബർട്ട്:–"ഇതൊരു പ്രത്യേകതരം പരിശോധനയായിരുന്നു."

ഡങ്കൻ:–"അതെന്തായിരുന്നൊ?"

റോബർട്ട്:–"ഡോക്ടർമാരോട് ഒന്നും മറച്ചുവയ്ക്കാതെ എല്ലാം പറയയണമെന്നാണല്ലൊ. അതോർത്തുകൊണ്ടു് ഞാൻ കാട്ടിലും പടപ്പിലും ഒന്നും തട്ടാതെ എനിക്കു യുവതികളെ ചുംബിക്കാൻ വയ്യാ. ശ്രമിച്ചാൽ ഒരു ഭയങ്കരമായ കൃച്ഛ്രം അനുഭവപ്പെടും. അതു മാററിത്തരണം എന്നു തുറന്നു് തെളിച്ചുങ്ങടിച്ചു."

ഡങ്കൻ:–"അപ്പോൾ ഡോക്ടർ എന്തു പറഞ്ഞു. ചിരിച്ചില്ലൊ."

റോബർട്ട്:–"ചിരിച്ചുമില്ല, മുഖത്തൊരു ഭാവപ്പകർച്ചപോലും പ്രത്യക്ഷപ്പെടുത്തിയുമില്ല. മേശമേൽ ഇരുന്ന ഒരു മണിഅടിക്കയാണു് ചെയ്തതു്. മണിഅടിച്ചു ക്ഷണത്തിൽ അടുത്തമുറിയിൽനിന്നു് ഒരു നെഴ്സു ഇറങ്ങിവന്നു. അവളെ ഒന്നുകാണേണ്ട ഒരു ചെണ്ണാണു്. എന്തൊരുനിറം. എന്തൊരുസൌന്ദര്യം. ഞാൻ നോക്കിയിരുന്നുപോയി."

ഡങ്കൻ:-"എന്നിട്ടു്..."

റോബർട്ടു്:-"ഡോക്ടർ എന്നോടുപറഞ്ഞു അവളെ ചുംബിക്കാൻ. പരമാൎത്ഥം പറഞ്ഞാൽ എനിക്കും വലിയ ആഗ്രഹംതോന്നി. അവൾ ഒരുങ്ങി ഒരു ശങ്കയും കൂടാതെ അങ്ങിനെ നിൽക്കുകയാണു്......"

ഡങ്കൻ:-"എന്നിട്ടു്..."

റോബർട്ടു്:-"എന്തുവന്നാലും വേണ്ടില്ലെന്നുറച്ചു് കൈകൾനീട്ടി അവളെ കെട്ടിപിടിക്കാൻ ഒരുങ്ങി ഞാനടുത്തു. അടുത്തുചെന്നിട്ടും അവൾക്കൊരു കൂസലുമില്ല. നന്നാ അടുത്തു തൊടാറായപ്പോൾ മുഖത്തൊരടിയൊ, നെഞ്ചിൽ ഒരിടിയൊ ഏററതുപോലെതോന്നി ഞാൻ പുറകോട്ടു തെറിച്ചുമാറിപ്പോയി."

ഡങ്കൻ:-"ഡോക്ടർ അതുകണ്ടോ"

റോബർട്ടു്:-"ഡോക്ടർകണ്ടു. ഞാൻ പൊളിപറഞ്ഞതല്ലെന്നു ബോദ്ധ്യപ്പെടുകയുംചെയ്തു."

ഡങ്കൻ:-പിന്നെ മരുന്നുതന്നോ.

റോബർട്ടു്:-"നെഴ്സിനോടു് എന്തോ അമ്പതുഗുളികയുള്ള ഒരു കുപ്പിതരാൻ ആജ്ഞാപിച്ചു. അതു ദിവസവും രാവിലെയും വൈകുന്നേരവും ഓരോ ഗുളിക സേവിക്കണമെന്നും., രണ്ടുഗുളികയിലധികം ഒരുദിവസം സേവിക്കരുതെന്നും, ഗുളികകൾ മുഴുവൻ സേവിക്കുന്നതിന മുമ്പുതന്നെ സുഖക്കേടു മാറുമെന്നും പറഞ്ഞു."

ഡങ്കൻ:-"മരുന്നിൻെറ വില."

റോബർട്ടു്:-അമ്പതുരൂപാ. കുറെ കൂടുതലാണെന്നു തോന്നി എങ്കിലും ഈ ഗ്രഹപ്പിഴ മാറിക്കിട്ടുമെങ്കിൽ..."

ഡങ്കൻ:-"ഡോക്ടർ ഇന്ദ്രൻ നിശ്ചയിച്ചതല്ലെ. അച്ചട്ടായഫലംകിട്ടും. ഗുളിക സേവിച്ചൊ."

റോബർട്ടു്:-ഇല്ല. നാളെ രാവിലെമുതൽ ആകാമെന്നാണു്. രാത്രി ആയിക്കഴിഞ്ഞു് മരുന്ന സേവിച്ചുതുടങ്ങുന്നതു് നന്നല്ല."

സങ്കൻ:-"അക്കാര്യം അങ്ങിനെ ശരിപ്പെട്ടു. ഇനി അതെപ്പററി വിഷമിക്കാനൊന്നുമില്ല. റോബർട്ട് പോയശേഷം ഇവിടെയും ഉണ്ടായി ചില രസകരമായ സംഭവങ്ങൾ."

റോബർട്ട്:-"രസകരമായ സംഭവങ്ങളൊ."

ഡങ്കൻ:-"അതെ. വളരെ രസകരമാണ്. വല്ലതും നാലുകാശുണ്ടാക്കാനുള്ളഒരുവഴിയുംഞാൻകണ്ടുപിടിച്ചു."

റോബർട്ട്:-"അതു നന്നായല്ലൊ"

ഡങ്കൻ:-"സംശയമെന്താണ്. റോബർട്ട് പോയി ക്കഴിഞ്ഞ് സ്റ്റാൻഡനും മകളുംകൂടി നിങ്ങളെ അന്വേഷിച്ചുവന്നു. ഒരു പോലീസുകാരനും ഉണ്ടായിരുന്നു കൂട്ടത്തിൽ"

റോബർട്ട്:-"പോലീസുകാവൽ വേണ്ടിവന്നൊ മി. സ്റ്റാൻഡന്."

ഡങ്കൻ:-"നിങ്ങളെ അന്വേഷിച്ചാണ് വന്നതെന്ന് ആദ്യം പറഞ്ഞില്ല. എന്തൊ കുഴപ്പമുണ്ടെന്നു സംശയം തോന്നിയതുകൊണ്ട് ഞാൻ വെട്ടപ്പെട്ടില്ല. റോബർട്ടിൻെറ ഛായതന്നെ ഉള്ള ഒരാളെ ആ പെണ്ണിൻെറ വീട്ടിൽവച്ചു നിങ്ങൾ കണ്ടെന്നുപറഞ്ഞല്ലൊ. ആ വിദ്വാൻ ആരാണെന്നറിഞ്ഞൊ?"

റോബർട്ട്:-"ഞാനെങ്ങിനെ അറിയാനാണ്."

ഡങ്കൻ:-"ശോളി റോജറാണ്. നാളത്തെ ഫുട്ബോൾ മാച്ചിന് വന്നിരിക്കയാണ്. ടീം മുഴുവൻ ഇവിടെയാണ് താമസം. ഇപ്പോൾ അറിഞ്ഞൊ"

റോബർട്ട്:-"ശോളി റോജറെ കണ്ടാൽ എന്നെപ്പോലാണെന്നൊ."

ഡങ്കൻ.-"റോബർട്ടിനെപോലെ ആണൊ എന്നൊ? കൊള്ളാം! പോലെ ഒന്നുമല്ല, റോബർട്ടുതന്നെ. ഒരു വ്യത്യാസവുമില്ല. രണ്ടുകുപ്പി വൈററ്ഹോഴ്സ് വിസ്കി തമ്മിൽ തിരിച്ചറിയാമെങ്കിൽ നിങ്ങളെ തമ്മിലും

തിരിച്ചറിയാം. അത്രമാത്രം സാമ്യമുണ്ടു്."

റോബർട്ട്:-"എന്നാൽ അതു ഞാൻ കണ്ട ആൾതന്നെ. സംശയമില്ല."

ഡങ്കൻ:-"അതുപോകട്ടെ. നിങ്ങൾ രണ്ടായിരം രൂപാ തട്ടിക്കൊണ്ടുപോന്നു എന്നാണു് സ്റ്റാൻഡൻെറ പരാതി. അതിനു് നിങ്ങളെ അറസ്റ്റുചെയ്‌വാൻ വാറണ്ടുമായി ഒരു പോലീസുകാരനും അയാളുടെകൂടെ ഉണ്ടായിരുന്നു."

റോബർട്ട്:-"ഞാൻ അയാളുടെ രണ്ടായിരംപോയിട്ടു് ഒരു ഒററരൂപാ മറിച്ചുവയ്ക്കപോലും ചെയ്തിട്ടില്ല. പിന്നെന്തു പറഞ്ഞാലാർക്കുനഷ്ടം."

ഡങ്കൻ:-"അതുകോടതിയിൽ ചെന്നുപറയേണ്ടതായി വരുമായിരുന്നു അവർ വന്നസമയം ഇവിടെ ഉണ്ടായിരുന്നെങ്കിൽ. റോബർട്ടിനെ കാണാഞ്ഞതുകൊണ്ടു് ശോളി റോജർ റോബർട്ടാണെന്നുധരിച്ചു് അയാളെ പോലീസ്‌സ്റ്റേഷനിലേക്കു കൊണ്ടുപോയിരിക്കയാണു്. അതു വലിയൊരുഭാഗ്യമായി നമുക്കു്. അവിടെയാണു് പണമുണ്ടാക്കാനുള്ള മാർഗ്ഗം തെളിഞ്ഞതു്."

റോബർട്ട്:-"പണംഉണ്ടാക്കാൻ മാർഗ്ഗംകണ്ടുപിടിച്ചു എന്നു് ഇപ്പോൾ പല പ്രാവശ്യം പറഞ്ഞല്ലോ. എന്തു മാർഗ്ഗമാണു്, ഏതു മാർഗ്ഗമാണു് തെളിഞ്ഞതെന്നുകൂടി തെളിച്ചുപറയരുതോ? ലിലിയെ ഉദ്ദേശിച്ചാണോ?

ഡങ്കൻ:-"ലിലിക്കുള്ളതെല്ലാം റോബർട്ടിനു് കാഴ്ച വയ്ക്കാൻ അവളൊരുക്കമാണു്".

റോബർട്ട്:-"എന്താ നിങ്ങളെ കണ്ട ഉടനെ ആ വിധം വിളിച്ചുകൂവിയൊ."

ഡങ്കൻ:-"എന്നെ കണ്ടതെ ഇല്ലല്ലൊ. റോജറെ കണ്ടു് റോബർട്ടാണെന്നു ധരിച്ചു് ആ പെണ്ണു് അയാൾക്കുകൊടുത്ത സമ്മാനം! എന്തൊരു നെടുനെടുങ്കൻ കിസ്സു് ആയിരുന്നെന്നൊ! റോജർക്കു് നിങ്ങളെപോലെ കൃച്ചു

വും മററുമൊന്നുമില്ലെന്നു മാത്രമല്ല അയാൾ അതിൻെറ കൊടുക്കൽ വാങ്ങലിൽ നല്ലൊരു വിദഗ്ദ്ധനാണെന്നും കണ്ടുകൊണ്ടിരുന്ന എനിക്കു ബോദ്ധ്യപ്പെട്ടു."

റോബർട്ടിനു കഴിവില്ലാതിരുന്ന ഒരു വിദ്യ റോജർ പ്രയോഗിച്ചു എന്നും അതു് ലിലി ആസ്വദിച്ചു എന്നും കേട്ടപ്പോൾ യുവാവിന് വല്ലാത്തൊരു വിഷമം തോന്നി. ഗുളികതൻെറ ബലഹീനത പരിഹരിക്കുമെന്നവൻ സമാധാനപ്പെട്ടു. സന്തോഷപ്രദമല്ലാത്ത ആ വിഷയം മാററാനായി റോബർട്ടു് ചോദിച്ചു. "പണം ഉണ്ടാക്കാൻ മാർഗ്ഗം കണ്ടുപിടിച്ചെന്നു പറഞ്ഞതു് എന്താണു്."

ഡങ്കൻ:—"ഇവിടെ നാളെ നടക്കുന്ന ഫുട്ട്ബോൾ മത്സരത്തിൽ ഏതുടീം ജയിക്കുമെന്നുള്ളതു് വലിയ പന്തയത്തിനു വിഷയമായിട്ടുണ്ടു്. ആയിരക്കണക്കിൽ പണം അതിൽചെന്നു ചാടിയിട്ടുണ്ടു്. ഒളിമ്പിക്ക് ടീം ജയിക്കുമെന്നാണു് പൊതുവെയുള്ള പ്രതീക്ഷ. അതിനെതിരായി ഗവർണ്ണരുടെ ടീം ജയിക്കുമെന്നു വാതുകെട്ടാനാണെങ്കിൽ അതു സ്വീകരിക്കാൻ ആൾ ധാരാളം കാണും."

റോബർട്ടു്:—"അതുകൊണ്ടെന്താണു വിശേഷം? ഒളിമ്പിക്ക് ടീമല്ലാതെജയിക്കുമൊ?"

ഡങ്കൻ:—"അതാണല്ലൊ എൻെറ പ്ലാൻ. നമുക്കു രണ്ടാൾക്കും രണ്ടായിരംരൂപാ വീതം കിട്ടിയാൽ എനിക്കു തൽക്കാലം തൃപ്തിയാണു്. ഒളിമ്പിക്ക് ടീം തോററാൽ നാലായിരംരൂപാ നമുക്കു തരുക. ഗവർണ്ണരുടെ ടീം തോററാൽ നാനൂറുരൂപാ നാം കൊടുക്കുക, ഈ തരത്തിൽ വാതുകെട്ടാൻ ആളുണ്ടു്."

റോബർട്ടു്:—"പണംമുഴുവൻ മുമ്പേരു കൊടുക്കേണ്ടയൊ."

ഡങ്കൻ:—"മുഴുവനൊന്നും വേണ്ടാ. നൂറുരൂപാ ഉണ്ടെങ്കിൽ ഞാൻ ശരിപ്പെടുത്താം."

റോബർട്ടു്:—"അതുണ്ടാക്കാമെന്നു വയ്ക്കുക. അത്ര

യും കളയുകയും ബാക്കി മുന്നാറിനെക്കൂടി ബാദ്ധ്യസ്ഥരാകയും ചെയ്യുതുകൊണ്ടു എന്തുവിശേഷമാണുണ്ടാകാൻ പോകുന്നതു്. നാം വാതുകെട്ടിയതുകൊണ്ടു് നമുക്കു ലാഭം ഉണ്ടായിക്കൊള്ളട്ടെ എന്നുവച്ചു് ഒളിമ്പിക്കു് ടീം തോൽക്കുമൊ."

ഡങ്കൻ:–"അതാണു് എന്റെ പദ്ധതിയുടെ ആണിക്കല്ലു്. ശ്രദ്ധിച്ചു കേട്ടുകൊള്ളണം. ഗോളി റോജർ ഇല്ലെങ്കിൽ ഒളിമ്പിക്കു്ടീം പൊളിഞ്ഞതുതന്നെ. അതു മൂന്നതരമാണു്. അയാൾ പോലീസ്സ്റ്റേഷനിലാണു്. അവർ അത്ര എളുപ്പമൊന്നും വിടുകയില്ല. പോരെങ്കിൽ ഒരു സ്ക്രൂ മുറുക്കാൻ മാസ്റ്റ്രുമുണ്ടു്."

റോബർട്ടു്:–"ഗോളി ഇല്ലെങ്കിൽ കളിയും നടക്കയില്ല."

ഡങ്കൻ:–"അവിടെയാണു് നിങ്ങളുടെയും എന്റെയും സാമർത്ഥ്യം പ്രകാശിക്കേണ്ടതു്."

റോബർട്ടു്:–"എന്റെ സാമർത്ഥ്യമോ."

ഡങ്കൻ:–"റോജർ പോലീസ് സ്റ്റേഷനിൽ ആണെന്നു് അയാളുടെ കൂട്ടുകളിക്കാരിൽ ഒരുത്തരും അറിഞ്ഞിട്ടില്ല. റോജരുടെ സ്ഥാനം റോബർട്ടു് സ്വീകരിക്കണം."

റോബർട്ടു്:–"ഞാനൊ? ഗോളി ആയി ഞാൻ ചെന്നാൽ ഒരൊററപന്തു തടഞ്ഞുവയ്ക്കാൻപോലും എന്നെക്കൊണ്ടു പററുകയില്ലല്ലൊ."

ഡങ്കൻ:–"അതാണല്ലോ നമുക്കാവശ്യം. പന്തുതടഞ്ഞുവയ്ക്കാതെ ഗോളിൽ കടന്നുപോയെങ്കിലെ ഒളിമ്പിക്കു് ടീം തോൽക്കുകയും നമുക്കു വാതുകെട്ടിയ സംഖ്യ കിട്ടുകയും ചെയ്കയുള്ളല്ലൊ."

റോബർട്ടു്:–"ഛെ, അതുവലിയ അധർമ്മമായിരിക്കയില്ലേ? റോജറാണെന്നുപറഞ്ഞു ഞാൻ ചെന്നുകൂടി വല്ലവരെയും ചതിക്കാനാണൊ പറയുന്നതു്. പിടികൂടിയെങ്കിലോ പോരെങ്കിൽ നാളെ തിയതി 13 അല്ലേ".?

ഡങ്കൻ.—"റോജറാണ് താനെന്നു പറയേണ്ടയാവശ്യം വരുകയില്ല. ഗോളി ആയി ചെന്നങ്ങു നിന്നാൽമാത്രം മതി. ബാക്കി എല്ലാം ശരിപ്പെടുത്തുന്ന കാര്യം ഞാനേററു. നിങ്ങൾ ഒന്നും അറിയേണ്ട 13ാം തീയതി ഒരു നല്ലദിവസമായിട്ടാണു എന്റെ അനുഭവം."

റോബർട്ടിനെ സമ്മതിപ്പിക്കാൻ ഡങ്കൻ വളരെ പാടുപെടേണ്ടതായി വന്നു. ഒടുവിൽ അവൻ സമ്മതിച്ചു എന്നുപറഞ്ഞാൽ മതിയല്ലോ. അർദ്ധരാത്രികഴിഞ്ഞിരുന്നു എങ്കിലും ഉത്സാഹത്തിന്റെ തള്ളൽകൊണ്ടു പന്തയം സ്വീകരിക്കുന്ന കാഷ്യരുടെ ആപ്പീസ് അപ്പോഴും അടച്ചിരുന്നില്ല. അതിനാൽ റോബർട്ട് സമ്മതിച്ചയുടൻ തന്നെ പന്തയക്കാര്യം ശരിപ്പെടുത്താൻ ഡങ്കനു സാധിച്ചു.

## അദ്ധ്യായം 7

തന്റെപുത്രൻ റോജർ സുപ്രസിദ്ധനായി തീർന്നതിൽ ജോൺ ബാർബറിനുണ്ടായ സന്തോഷം, അയാൾക്കു തോന്നാറുള്ള അഭിമാനം, ഇവ എത്രമാത്രമാണെന്നു വർണ്ണിക്കാൻ സാധിക്കയില്ല. റോജർ ഗോളിയായി പങ്കെടുക്കുന്ന എല്ലാ മാച്ചുകളും കാണുക എന്നുള്ളതു് ഒഴിച്ചുവയ്ക്കാൻ പാടില്ലാത്ത ചുമതലയായിട്ടാണു ജോൺ ബാർബർ എണ്ണുന്നതു്. കൽക്കത്തായിലെ മാച്ചും കാണണമെന്നു തീർച്ചപ്പെടുത്തിയിരുന്നു. ദിവസം അടുത്തുവന്നപ്പോളാണു അതു നടക്കുന്നതു് "13-ാം" തീയതി യാണെന്നുള്ളഓർമ്മ ഉണ്ടായതു്. മൂപ്പർക്കു് ഇന്നും പതിമ്മൂന്നിനെ വലിയ ഭയമാണു്. ലോകപ്രസിദ്ധനായി തീർന്നിട്ടുള്ള റോജർ തന്റെ പതിമ്മൂന്നാമത്തെ സന്താനമാണെങ്കിൽ ആ സംഖ്യയെ ഭയപ്പെടുന്നതു് നിരർത്ഥകമാ

ണെന്നുള്ള ഒരഭിപ്രായവും ഉണ്ടാകാറുണ്ടു്. അങ്ങിനെ
തോന്നുന്നസമയത്തു് റോജർ പന്ത്രണ്ടാമനായിരിക്കുമൊ,
അതുകൊണ്ടല്ലെ ഇത്ര ഉയരാൻ ഇട ആയതു്, പതിമ്മൂ
ന്നാമനായിരുന്നു എങ്കിൽ ഇങ്ങിനെ സംഭവിക്കുമായിരു
ന്നില്ല എന്നൊരു വാദവും മനസ്സിൽ ഉയരും. ശരിയാ
യൊ, അല്ലാതയൊ ഒരു ന്യായവും കാണാനുണ്ടായിരു
ന്നില്ല. ജോൺ ബാർബറിൻെറ ഹൃദയത്തിൻെറ അടി
ത്തട്ടിൽ ഒരു കോണിൽ അങ്കുരിച്ച ഒരുവിശ്വാസത്തിനു്.
അതു്–ആ വിശ്വാസം–റോജർ പതിമ്മൂന്നാമത്തെ സ
ന്താനമാണെന്നും, പന്ത്രണ്ടാമനെയാണു് അയാൾ അ
നാഥശാലയിൽ ഏൾപ്പിച്ചതെന്നും ആയിരുന്നു. അ
ന്തർമനസ്സിൽ നിന്നുയരുന്ന അഭിപ്രായമായതുകൊണ്ടു്
അതു ശരിയായിരിക്കണമെന്നുള്ള വിശ്വാസവും ചില
പ്പോൾ ഉണ്ടാകും. ആ വസ്തുത ആരോടും ഒരിക്കലും പറ
ഞ്ഞിട്ടില്ലെന്നു മാത്രമല്ല, അങ്ങിനെ ഉണ്ടായിട്ടുണ്ടെന്നു്
അയാൾപോലും–ജോൺ ബാർബർപോലും ധരിച്ചിട്ടി
ല്ലെന്നുമാണു് ഭാവം. പന്ത്രണ്ടാമനെ അനാഥശാലയിൽ
കൊണ്ടുചെന്നുതള്ളിയതു് അധർമ്മമാണെന്നുള്ള ഒരു ബോ
ധവും ഈ വിശ്വാസത്തിനു സ്ഥിരതലഭിച്ചതോടുകൂടി ഉ
ണ്ടായിട്ടുണ്ടു്. എന്നാൽ പന്ത്രണ്ടാമനും സുഖമായി ത
ന്നെ കാലംകഴിക്കുന്നു എന്നും ആ "വിശ്വാസ"ത്തിൻെറ
ഒരു ഭാഗത്തുള്ളതുകൊണ്ടു് ജോൺബാർബർ ചെയ്ത കടും
കൈ അയാളുടെ മനസ്സാക്ഷിയെ അധികമൊന്നും ശല്യ
പ്പെടുത്തുന്നില്ല. തീയതി പതിമ്മൂന്നാണെങ്കിലും മാച്ചു
കാണാൻ പോകുക തന്നെ എന്നു് ബാർബർ തീർച്ചപ്പെ
ടുത്തി. ബഹുമാന്യാതിഥികൾക്കായി വേർതിരിച്ചിട്ടി
രിക്കുന്ന ഭാഗത്തുള്ള പ്രധാനാസനങ്ങളിൽ ഒന്നിനുള്ള
"കോമ്പ്ളിമെൻററിടിക്കററു്" നേരത്തെ അദ്ദേഹത്തി
നു ലഭിച്ചിരുന്നു. ഉച്ചയ്ക്കുശേഷം നഗരത്തിൽ എത്തത്ത
ക്കവിധമാണു് അദ്ദേഹം പുറപ്പെട്ടതു്. വണ്ടി ഇറങ്ങി

ലഘുഭക്ഷണവും കഴിഞ്ഞു് ബാർബർ സ്റ്റേഡിയത്തിലേക്കു പുറപ്പെട്ടു. അപ്പോഴേക്കു ആ പ്രദേശമെല്ലാം മനുഷ്യരെക്കൊണ്ടു് നിറഞ്ഞുകഴിഞ്ഞിരുന്നു. സാക്ഷാൽ ഒരു മനുഷ്യ മഹാസമുദ്രംതന്നെ. കളി ആരംഭിക്കാൻ മുക്കാൽ മണിക്കൂറുകൂടി ഉണ്ടു് ഇനിയും

ഡോക്ടർ ഇന്ദ്രനു് ഫുട്ട്ബോൾ കളിയിൽ കമ്പമില്ല. എന്നല്ല ഒരു കളിയിലും കമ്പമില്ല. കുരങ്ങിനെ ശസ്ത്രക്രിയചെയ്തു മനുഷ്യനാക്കാതെ പ്രകൃതിയുടെ നിയമങ്ങൾ അനുസരിച്ചുതന്നെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജനങ്ങൾക്കു് അത്യാവശ്യമുള്ള ആഹാരാദി സാധനങ്ങൾ ഇല്ലാത്തതുകൊണ്ടു് ജനസംഖ്യ നിയന്ത്രിക്കണമെന്നു് ഉപദേശിക്കയും പ്രസംഗിക്കയും ചെയ്യുന്ന രാജ്യതന്ത്രജ്ഞന്മാരുടെയും ശാസ്ത്രജ്ഞന്മാരുടെയും അഭിപ്രായത്തോടു് ഡോക്ടർ ഇന്ദ്രനും യോജിക്കും. എന്നാൽ അങ്ങിനെ യോജിക്കുന്ന സമയത്തും ശസ്ത്രക്രിയകൊണ്ടു് കുരങ്ങിനെ മനുഷ്യനാക്കുന്നതിനുള്ള മാർഗ്ഗത്തെപ്പററി അയാൾ ചിന്തിച്ചുകൊണ്ടിരിക്കയായിരിക്കും. മുമ്പു പററിയതുപോലെ ഇനിയും പററുകയില്ല, അപകടം കൂടാതെ കഴിക്കാം എന്നു് വളരെക്കാലത്തെ ആലോചനയ്ക്കുശേഷം ഉറച്ചിട്ടുണ്ടു്. എന്നാൽ ശസ്ത്രക്രിയ ചെയ്യുന്നതിനു നിരോധനമില്ലായിരുന്നു എങ്കിൽ ഇപ്പോഴേയ്ക്കും പരീക്ഷണം പൂർത്തിയാക്കാമായിരുന്നു എന്നു് ഓർത്തു് ഇന്ദ്രൻ ഖേദിക്കാറുണ്ടെങ്കിലും, നിയമനിഷേധം, രഹസ്യമായൊ പരസ്യമായൊ ആകാമെന്നൊരിക്കലും ഓർത്തിട്ടില്ല. കുരങ്ങിനെ മനുഷ്യനാക്കാൻ നിയമം അനുവദിക്കുന്നില്ലെങ്കിൽ കുരങ്ങിന്റെ ഗ്ലാൻഡു് ഉപയോഗപ്പെടുത്തി മനുഷ്യന്റെ ആയുസ്സും ആരോഗ്യവും കഴിവുകളും വർദ്ധിപ്പിക്കാമൊ എന്നാണു് ഇപ്പോൾ കുറെക്കാലമായി പരീക്ഷിച്ചു കൊണ്ടിരിക്കുന്നതു്. ആ പരീക്ഷണത്തിന്റെ ഫലമായി അദ്ദേഹം ഒരു മരുന്നു കണ്ടുപിടിക്കയൊ

നിൎമ്മിക്കയൊ ചെയ്തു. അതിന്നു് കുരങ്ങിന്റെ പേർതന്നെ ഇരിക്കട്ടെ എന്നുവച്ചു് "എക്സ്ട്രാക്റ്റം മക്കട്ടു്" എന്നു പേരുകൊടുത്തു. ആ മരുന്നിനെപ്പററി ചില പ്രത്യേക പരീക്ഷണങ്ങൾകൂടി നടത്തുന്നതിനൊരുങ്ങി 13-ാം തീയതി രാവിലെ ഏഴരമണിക്കു ഡോക്ടർ ഗവേഷണശാലയിൽ പ്രവേശിച്ചു. റോബർട്ടിന്നു് കിസ്സ് ചെയ്യുവാൻ കഴിവുണ്ടോ എന്നുള്ള പരീക്ഷണത്തിൽ ഡോക്ടറെ സാഹായിച്ചു നെഴ്സും അടുത്തുണ്ടു്.

ഡോക്ടർ നെഴ്സിനോടു പറഞ്ഞു:–"എക്സ്ട്രാക്റ്റംമക്കട്ടു് തരൂ." നെഴ്സ് അലമാരി പോലുള്ള ഒരു ചെറിയ സേഫ് തുറന്നു് ഒരു കുപ്പി കൈയിൽ എടുത്തു് അതിന്മേൽ ഒട്ടിച്ചിരുന്ന ലേബലിൽ നോക്കിയിട്ടു് "അയ്യൊ.ഇതെങ്ങിനെപററി.ഇതു "മക്കട്ടു്" അല്ലല്ലൊ."

ഇന്ദ്രൻ:–"എന്തു്....?"

നെഴ്സ്:–"ഞാൻ എക്സട്രാക്റ്റംമക്കട്ടു് എടുത്തുവച്ചിരുന്നിടത്തു് ഇപ്പോൾ ഇതാണു് കാണുന്നതു്."

ഇന്ദ്രൻ:–"ഇതു് എം. എ. ആർ. 13 ആണല്ലൊ. ഇതും സേഫിൽതന്നെ അല്ലെ വച്ചിരുന്നതു്."

നെഴ്സ് –"അതെ"

ഇന്ദ്രൻ:–"അപ്പോൾ ഒന്നിനുപകരം മററതു് എടുത്തതായിരിക്കണം"

നെഴ്സ്:–"ഞാനിപ്പോൾ ഓൎക്കുന്നു. ഇന്നാലെ എന്നെ കിസ്സ് ചെയ്യുവാൻ ഒരുങ്ങി വന്നിട്ടു മരംപോലെ നിൽക്കുകയും പിന്നെ ഞെട്ടി പുറകോട്ടു് മാറുകയും ചെയ്ത ആ മനുഷ്യനു് എം. എ. ആർ 13 കൊടുക്കാൻ ഡോക്ടർ പറഞ്ഞു. ഞാൻ കൊടുക്കുകയും ചെയ്തു."

ഇന്ദ്രൻ:– "എം. എ. ആർ. 13നു് പകരം മററതു് എടുത്തു കൊടുത്തതായിരിക്കണം, അയാൾ അതു സേവിച്ചു് എന്തെല്ലാം കുഴപ്പങ്ങൾ ഉണ്ടാകുമോ? അതു് എ

ങ്ങിനെയുമാകട്ടെ എന്നു വയ്ക്കാം. ഞാൻ ഇക്കാലമെല്ലാം
പെട്ടപാട് പാഴിലാകാൻ പോകയാണോ? ഇനി
"മക്ക്ട്ട്" കുറെ ഉണ്ടാക്കി വരണമെങ്കിൽ എത്രകാലംവേ
ണമെന്നോ, എത്രമാത്രം ചെലവും ബുദ്ധിമുട്ടും സഹിക്കു
ണമെന്നോ അല്പം ഓർത്തിരുന്നെങ്കിൽ ഈ അബദ്ധം പ.
റ്റുകയില്ലായിരുന്നു."

നെഴ്സ്:—"ഡോക്ടർ പറഞ്ഞതു് ശരിയാണു്
എന്റെ സൂക്ഷ്മക്കുറവുകൊണ്ടു് വന്നുകൂടിയതാണു്. അ
തിൽ എനിക്കു് അതിയായ മനസ്താപവും ഉണ്ടു്. ഒരു
സമാധാനമെ എനിക്കുള്ളു."

ഇന്ദ്രൻ:—"സമാധാനം പലതും പറയാനുണ്ടായിരി
ക്കാം."

നെഴ്സ്:—"ഞാൻ അശേഷം പ്രതീക്ഷിക്കാതിരു
ന്ന ഒരു ജോലിക്കു്, ഒരുകാര്യത്തിനു് ആണു് എന്നെനി
യോഗിച്ചതു്. എന്റെ മനസ്സു് പതറിപ്പോയി..."

ഇന്ദ്രൻ:—"അതെ ചുംബനം എന്താണെന്നറിഞ്ഞി
ട്ടില്ലാത്ത പരമപച്ച കന്യക ആണല്ലോ?"

നെഴ്സ്:—"എന്നെ ആരും കിസ്സ്ചെയ്തിട്ടില്ലെന്നു
പറഞ്ഞില്ലല്ലൊ. ഒരു നെഴ്സിന്റെ ചുമതലകളിൽ അ
തും പെടുമെന്നു്..."

ഇന്ദ്രൻ:—"നെഴ്സിനു് ചുണ്ടില്ലെന്നും നെഴ്സ്
കിസ്സ്ചെയ്താൽ സ്വാദില്ലെന്നുമാണൊ ഭാവം. കളയൂ.
ആ മരുന്നിൽ അയാൾ അല്പംവല്ലതുമെ സേവിച്ചുകാണു
കയുള്ളൂ. കണ്ടുപിടിച്ചു ബാക്കി വാങ്ങാൻ എന്താണു്
മാർഗ്ഗം?"

നെഴ്സ്:—"അയാളെ എവിടെ വച്ചുകണ്ടാലും
ഞാനറിയും. ഇന്നു് ഫുട്ട്ബോൾമാച്ചിനു് സ്റ്റേഡിയ
ത്തിൽ ഒന്നുപോയാൽ അവിടെങ്ങാനുമുണ്ടോ എന്നു
നോക്കാം..."

ഇന്ദ്രൻ:—"പൊയ്ക്കൊള്ളണം. അവിടെ കൂടുന്ന ല

ക്ഷംപേരിൽ ആ മനുഷ്യൻ ഉണ്ടെങ്കിൽതന്നെ എങ്ങിനെ കണ്ടുമുട്ടാനാണു്? ഇങ്ങിനെ ഒരു പണിചെയ്യാതെ തന്നെ മാച്ചുകാണണമെന്നു് ആവശ്യപ്പെട്ടിരുന്ന എങ്കിലും ഞാൻ അനുവദിക്കുമായിരുന്നല്ലോ?"

നെഴ്സ് അതുകേട്ടു മുഷിഞ്ഞു് ഡോക്ടരുടെ അടുക്കൽനിന്നുപോയി. നഷ്ടപ്പെട്ട വിലയേറിയ സാധനം മടക്കികിട്ടാനെന്താണു് സൂത്രം എന്നു് ആലോചിച്ചുകൊണ്ടിരുന്ന ഇന്ദ്രൻ സമയം പോയതറിഞ്ഞില്ല.

ഡോക്ടരുടെ അടുക്കൽനിന്നു പൊയ്ക്കഴിഞ്ഞപ്പോൾ നെഴ്സിൻെറ പശ്ചാത്താപമെല്ലാം അസ്തമിച്ചു. ഫുട്ട്ബോൾ മാച്ചു കാണാൻപോകുന്നതിനു മാർഗ്ഗംതേടാൻ തുടങ്ങി. അപ്പോഴാണു് അമൃതബസാർ പത്രികയുടെ ഫുട്ട്ബോൾ സ്പെഷ്യൽ എഡിഷ്യൻ ഒരു പത്രവാഹകൻകൊണ്ടു ചെന്നതു്. ആദ്യപേജിൽ തന്നെ കൽക്കത്താടീമിലെ പതിനൊന്നു കളിക്കാരുടെ ചിത്രമുണ്ടു്. ഒടുവിലത്തെപേജിൽ ഒളിമ്പിക്ക് ടീമിൻെറയും. യുവാക്കന്മാരുടെ പടം കാണുക എപ്പോഴും വളരെ സുഖകരമായിട്ടാണു് അവൾക്കു തോന്നാറുള്ളതു്. അവൾ ഇരുവശങ്ങളിലുമുള്ള ചിത്രങ്ങൾ ഒന്നോടിച്ചുനോക്കി. അതുകഴിഞ്ഞു പിന്നെ ഓരോപടവും വിശകലനം ചെയ്യാനൊരുങ്ങി. ഒളിമ്പിക്ക് ടീമിലെ കളിക്കാരെ നേരിട്ടറിയുകയില്ലാത്തതുകൊണ്ടു് അവസാനത്തെ പേജിൽ കണ്ട യുവാക്കന്മാരെ പഠിക്കാൻ തുടങ്ങി. അവൾ "മേഞ്ഞു മേഞ്ഞു്" ഗോളി റോജറിൻെറ പടത്തിങ്കൽ ആയി. നിന്നെ ഞാൻ പററിച്ചില്ലെ എന്ന മട്ടിലുള്ള ഒരു പുഞ്ചിരിയുമായി ഇരിക്കുന്നു തലേന്നാൾ അവളെ കിസ്സ് ചെയ്യുവാൻ ഒരുങ്ങിവന്ന വിഢ്ഢാൻ. "അവനെന്തു പററിയതാണു്. പടത്തിൽ കണ്ടാൽ ഒരു കുഴപ്പവും ഉള്ളതായി തോന്നുകയില്ലല്ലോ? കിസ്സ് ചെയ്യുവാൻ വയ്യെങ്കിൽ പിന്നെ മനുഷ്യനെ എന്തിനു കൊള്ളാം..." ഇത്രയുമായ

പ്പോഴാണു് അവനാണല്ലോ ഡോക്ടരുടെ മക്കട്ട് കൊണ്ടുപോയതെന്നവൾ ഓർത്തു്. പത്രവും എടുത്തുകൊണ്ടു് വേഗം ഡോക്ടരുടെ അടുക്കൽചെന്നു് പത്രം അദ്ദേഹത്തിന്റെ മേശയിന്മേൽ നിവർത്തുവച്ചു് പടംതൊട്ടുകാണിച്ചുകൊണ്ടു് ഇതല്ലേ ആൾ എന്നു ചോദിച്ചു. ഇന്ദ്രൻ കുറെസമയം നോക്കിയശേഷംപറഞ്ഞു:—"അതുപോലിരിക്കുന്നു. മുഖഭാവത്തിൽ എന്തൊ അൽപം വ്യത്യാസം ഉണ്ടു്."

"ഞാൻ പറഞ്ഞില്ലെ ഫുട്ട്ബോൾമാച്ചിനു പോയാൽ കണ്ടുപിടിക്കാൻ സാധിച്ചേക്കുമെന്നു് സമയമാകുന്നു. ഞാൻ പോകയാണു്. അയാളെ കണ്ടു ആ മരുന്നു വാങ്ങാമൊ എന്നുനോക്കാം." എന്നു പറഞ്ഞിട്ടു് നെഴ്സ് ഇറങ്ങിപ്പോയി.

റോജർ ഒരു രാത്രി പോലീസ് കസ്റ്റഡിയിൽകഴിച്ചുകൂട്ടേണ്ടിവന്നു എങ്കിലും ലിലി കാരണം വലിയ അസൗകര്യം കൂടാതെ കഴിഞ്ഞു. ഡാഡി പ്രോസിക്യൂട്ട് ചെയ്യണമെന്നു പറയുന്ന ആൾ തന്റെ പ്രാണനാഥനാണെന്നു് അയാളുടെയും പോലീസ് ഇൻസ്പെക്ടരുടെയും മുമ്പിൽവച്ചു പറയുകയും അതിനനുസരണമായി സ്വാതന്ത്ര്യമായി വർത്തിക്കയും ചെയ്ത ലിലിയുടെ നയവും താൻ ഒളിമ്പിക്ക് ടീമിന്റെ ഗോളി ആണെന്നുള്ള വാദവും തമ്മിൽ ചില പൊരുത്തക്കേടെല്ലാമുണ്ടായിരുന്നു എങ്കിലും സ്റ്റാൻഡനെയും ഇൻസ്പെക്ടറെയും ആ നയവും നിലയും അല്പം കുഴക്കി. റോജറെ ലോക്കപ്പിൽ അടയ്ക്കാതെ കാർട്ടേഴ്സിലുണ്ടായിരുന്ന ഒരു മുറിയിൽ ഒരു അതിഥി എന്ന നിലയിൽ കഴിക്കാൻ ഇൻസ്പെക്ടർ അനുവദിച്ചു. മൂന്നുമണിക്കു മുമ്പു വന്നാൽ അവരുടെ കാര്യത്തിൽ ഇടപെടാൻ സമയം കിട്ടുകയില്ലെന്നു് ഇൻസ്പെക്ടർഅറിയിച്ചിരുന്നതുകൊണ്ടു് സ്റ്റാൻഡനും ലിലിയും മൂന്നുമണിയോടുകൂടിയാണു് പോലീസുസ്റ്റേഷനിൽ എത്തിയതു്. അപ്പോഴേക്കു റോജർ

വല്ലാതെ മുറുകി "മാച്ചിന്ന് സമയമാകുന്നു. പോകണം, വിടണം" എന്നുതന്നെ പറഞ്ഞുകൊണ്ടിരിക്കയാണ്. ലിലിയുടെ നിർബന്ധംകൊണ്ടു നിയമത്തിന്റെ കാർക്കശ്യം അല്പം കുറച്ചു കൊടുത്തതിന്റെ മുതലെടുക്കാനാണ് അവന്റെ ലാക്കെന്ന് ഇൻസ്പെക്ടർക്കു മിക്കവാറും നിശ്ചയമായിക്കഴിഞ്ഞു. സ്റ്റാൻഡനും പുത്രിയും ചെന്നുകേറിയ ഉടൻതന്നെ ഇൻസ്പെക്ടർ "പുള്ളി"യെ വരുത്തി.

സ്റ്റാൻഡൻ:–"ഈ ആൾ എല്ലാം ഏറേറാ? ചെലവാക്കിയതു കഴിച്ചു ബാക്കിയുള്ള സംഖ്യ തരുമെങ്കിൽ വിട്ടയയ്ക്കുന്നതിനുപോലും–ലിലിയുടെ നിർബന്ധം കാരണം –ഞാൻ സമ്മതിച്ചേക്കാം."

ഇൻസ്പെക്ടർ:–"അങ്ങിനെ ചെയ്‌വാൻ എനിക്കു നിവൃത്തിയില്ല. പരാതിയില്ല ഈ ആളെ സംശയിച്ചതു് തെററിപ്പോയി എന്ന് എഴുതിവയ്ക്കാമെങ്കിൽ......"

ലിലി:–"ഡാഡീ! അതാണ് നല്ലതു് നമുക്കു് ഉടനെ പോകയും ചെയ്യാം."

റോജർ:–"ഞാനൊരു പണവും അപഹരിച്ചില്ല. പിന്നെങ്ങിനെ ഏൾക്കാനാണ്. എന്നെ ഉടനെ വിട്ടയക്കുകയാണ് നന്ന്. മാച്ചിനു സമയമായി. ഞാൻ ചെന്നില്ലെങ്കിൽ......"

സ്റ്റാൻഡൻ:–"ഈ പൂച്ചെപ്പൊന്നുംകൊണ്ടു് പററുകയില്ല. ഞാൻ വളരെ കഷ്ടപ്പെട്ടുണ്ടാക്കിയ പണമാണ്. അതു പൊയ്ക്കൊള്ളട്ടെ എന്നു വയ്ക്കുകയും ഞാൻ പറഞ്ഞതെല്ലാം കള്ളമാണെന്നു സമ്മതിക്കയും വേണം അല്ലേ?"

ലിലി:–"ഡാഡി എന്താണിങ്ങിനെ നിർബന്ധം തുടങ്ങുന്നതു് എന്നെ ഓർത്തിട്ടെങ്കിലും......"

സ്റ്റാൻഡൻ:–"നിന്നെ അറിയുകപോലും ചെയ്കയില്ലെന്നാണല്ലോ ഇവന്റെ ഭാവം."

ലിലി:–"അയ്യോ! എന്താണിവിടെ കണ്ടതൊക്കെ. എന്താണിപ്പറയുന്നതു്."

സ്റ്റാൻഡൻ:– "നീ കൊച്ചുകുട്ടിയാണ്. കാര്യം മനസ്സിലാക്കാതെ വല്ലതും പറഞ്ഞാൽ ഞാൻ സമ്മതിക്കുമോ?"

ലിലി:–"മനസ്സിലാക്കിത്തന്നെയാണ് പറയുന്നത്."

സ്റ്റാൻഡൻ:–"അല്ല. ഈ ആൾ തന്നെ പറയട്ടെ നിന്നെ അറിയുമെന്നും നീ അയാളുടെ കാമുകിയാണെന്നും പറയട്ടെ."

കാര്യം എങ്ങിനെ എങ്കിലും ഒതുക്കിത്തീർത്താൽ ഫുട്ബോൾ മാച്ചുകാണാൻ ഒന്നു പോകാമെന്ന് ആഗ്രഹമുണ്ടായിരുന്നഇൻസ്പെക്ടർ റോജറിനോടു ചോദിച്ചു "നിങ്ങൾ എന്തു പറയുന്നു".

റോജർ:–"മാച്ചിന്ന് സമയമായി. അതുമിതും പറഞ്ഞ് എന്നെ താമസിപ്പിക്കാതെ വിട്ടയക്കണം."

ഇൻസ്പെക്ടർ:–"അതല്ലല്ലൊ ചോദിച്ചത്. നിങ്ങൾ ഈ യുവതിയെ അറിയുമൊ. അവൾ നിങ്ങളുടെ കാമുകിയാണോ?"

റോജർ:–"ഈ യുവതിയെ എനിക്കു വലിയ ഇഷ്ടമാണ്......"

ഈ സമയം ഒരു സബ് ഇൻസ്പെക്ടർ അവിടെ കടന്നുചെന്ന് മാച്ചുതുടങ്ങി, ഒളിമ്പിക്ക്ടീം ഒരു ഗോളെടുത്തു എന്ന് ഇൻസ്പെക്ടരോടു പറഞ്ഞു.

ഇൻസ്പെക്ടർ:–റോജറോട് "കേട്ടില്ലേ. മാച്ചുതുടങ്ങി. ഗോളി ഇല്ലാത്തതുകൊണ്ടു കളി നടക്കാതെ വന്നില്ല. ഇനി എങ്കിലും നേരു പറയുകയാണു നന്ന്."

റോജർ:–"ഞാൻ സത്യമാണ് പറഞ്ഞത്."

ഇൻസ്പെക്ടർ:–"ആകട്ടെ, ഈ യുവതി നിങ്ങളുടെ കാമുകി ആണൊ എന്നു ചോദിച്ചതിനു മറുപടി പറയണം."

റോജർ:–"ഞാൻ മറുപടിപറഞ്ഞല്ലൊ......"

ഇൻസ്പെക്ടർക്ക് ദേഷ്യമായി. അങ്ങിനെ കളി

പ്പിക്കാമെന്നാണൊ വിചാരം. ആകട്ടെ. കുറച്ചുസമയം ലോക്കപ്പിൽ പോയിരിക്കണം. അപ്പോൾ സുബുദ്ധി ഉണ്ടാകും. എനിക്ക് വേറെ അല്പം ജോലിയുണ്ട്."

ആജ്ഞപ്രകാരം ഒരു കോൺസ്റ്റബിൾ വന്ന് റോജരെ ലോക്കപ്പിലേക്കു കൂട്ടിക്കൊണ്ടുപോയി. ലിലി തടയാൻ നോക്കിയിട്ടു പററിയില്ല. അവളും സ്റ്റാൻഡനും വരാന്തയിൽപോയി ഇരിക്കുന്നതിനും ഇൻസ്പെക്ടർ ആവശ്യപ്പെട്ടു.

ഒരു പതിനഞ്ചു മിനിററു കഴിഞ്ഞിരിക്കും. അപ്പോഴേക്ക് സ്റ്റേഡിയത്തിനു സമീപമുള്ള പോലീസുസ്റ്റേഷനിൽനിന്ന് വിവരം ലഭിച്ചു. "ഒളിമ്പിക്ക് ടീം ആദ്യം രണ്ടുഗോൾ എടുത്തെങ്കിലും അതു രണ്ടും മടക്കി കൊടുത്ത് പിന്നൊരു ഗോൾകൂടി കൽക്കത്താടീം എടുത്തു. ഒളിമ്പിക് ടീമിൻെറ ഗോളി ഫുട്ട്ബോൾകളി കണ്ടിട്ടുപോലും ഇല്ലാത്ത തരത്തിലാണ് വർത്തിക്കുന്നത്, ഇങ്ങിനെയാണെങ്കിൽ ഹാഫ്ടൈമിനുശേഷം കൽക്കത്താടീമിന് എത്രഗോൾ വേണമെങ്കിലും എടുക്കാൻ സാധിക്കും" ഇങ്ങിനെയാണ് സ്റ്റേഡിയം സ്റ്റേഷനിലെറൈട്ടർ ടെലിഫോണിൽ പറഞ്ഞത്.

ഈ വിവരം അറിഞ്ഞപ്പോൾ ഇൻസ്പെക്ടർക്ക് അല്പം ആശങ്കതോന്നി. റോജർ യഥാർത്ഥത്തിൽ ഒളിമ്പിക്ക് ടീമിൻെറ ഗോളി ആണെങ്കിലോ? വല്ലാത്ത വയ്യാവേലി ആകയില്ലേ. കൽക്കത്താടീമിനു വിജയം സിദ്ധിക്കുന്നതിനുവേണ്ടി ഗോളിയുടെ പേരിൽ കള്ളക്കേസ്സുണ്ടാക്കി-എന്നുപോലും പരാതി ഉണ്ടാകാൻ പ്രയാസമില്ല. ഇൻസ്പെക്ടർ ഉടനെ റോജരെ വരുത്തി. സ്റ്റാൻഡനും ലിലിയും വന്നു. ഒളിമ്പിക്ക് ടീമിന് തോൽവി സംഭവിച്ചു എന്നു കേട്ടപ്പോൾ റോജരുടെ ഭാവം പകന്നു. അവൻ പറഞ്ഞു "ഞാൻ പറഞ്ഞതു് ശരിയാണെന്നു് ഇപ്പോൾ ബോദ്ധ്യമായയൊ. എന്നെ വിടുകയാണു് നന്നു്"

ഇൻസ്പെക്ടർ:—"ഭീഷണിപ്പെടുത്താമെന്നാണോ ഭാവം"

റോജർ:—"അല്ല. എന്നെ വിട്ടയയ്ക്കാൻ നിവൃത്തിയില്ലെങ്കിൽ ഇൻസ്പെക്ടർകൂടി വരണം. നമുക്ക് സ്റ്റേഡിയത്തിലേക്കു പോകാം. ഞാൻ കടന്നുകളയാതെ സൂക്ഷിക്കുന്നതിന്ന് രണ്ടോ നാലോ പോലീസുകാരെ ഗോളിനടുത്തു നിറുത്തിക്കൊള്ളണം. എന്റെ ടീമിന്ന് തോൽവിപററുന്നു എന്നുകേട്ടിട്ട് ചങ്കുതകരുന്നു."

പോലീസ് കസ്റ്റഡിയിൽതന്നെ റോജർ കളിച്ചുകൊള്ളാം എന്നുപറഞ്ഞതു് നിയമപ്രകാരം വളരെ ശരിയല്ലെങ്കിലും ഒന്നു പരീക്ഷിച്ചാൽ എന്തെന്നായി ഇൻസ്പെക്ടരുടെ ആലോചന. ലിലിയുടെ വാദംകൂടി കേട്ടപ്പോഴേക്കു ഉടൻതന്നെ പുറപ്പെടുക എന്നു തീർച്ചപ്പെടുത്തി. സ്റ്റാൻഡന്റെ ചെലവിൽ ഒരു വാൻ വരുത്തി അവർ നാലാളുകളും മൂന്നു കാൺസ്റ്റബിൾമാരുംകൂടി സ്റ്റേഡിയത്തിലേക്കു പുറപ്പെട്ടു.

## അദ്ധ്യായം 8

നമുക്കും സ്റ്റേഡിയത്തിലേക്കു പുറപ്പെടാം. ഒന്നാം ക്ലാസ് ടിക്കററുണ്ടെങ്കിലും വളരെ സ്വതന്ത്രമായി അകത്തു കടന്നു് ആസനത്തിൽ ചെന്നിരിക്കാൻ പററുകയില്ല. കളി ആരംഭിക്കുന്നതിന്നു ഒരു മണിക്കൂർ മുമ്പുതന്നെ നിൽക്കാനും ഇരിക്കാനും സ്ഥലമില്ലെന്നുള്ള പരാതി ഉയൎന്നുതുടങ്ങി. കളിക്കാർ എത്തുന്നതിന്നു മുമ്പു് അകത്തു കടക്കാത്തപക്ഷം ഗോളി റോജറിന്റെ പപ്പാ ആയാൽ പോലും അസൌകൎയ്യമുണ്ടാകുമെന്നു് അനുഭവിച്ചറിഞ്ഞ ജോൺബാർബർ കോമ്പ്ളിമെന്ററി ടിക്കററുമായി നേരത്തെ അകത്തു കടന്നിട്ടുണ്ടു്.

കളിക്കു സമയമാകുന്നു. ടീമുകൾ രണ്ടും ഫീൽഡിൽ പ്രവേശിച്ചു. അമ്പയാർ പന്തു് ഫീൽഡിന്റെ മദ്ധ്യത്തിൽ എടുത്തുവച്ചു. വിസ്സിൽ അടിച്ചു. പന്തുതട്ടി. അങ്ങട്ടുമിങ്ങട്ടും ഒന്നുരണ്ടുതട്ടുകഴിഞ്ഞതാണു്. ഒളിമ്പിക്കു് സെന്റർ പളനിയുടെ കൈവശം പന്തുശരിക്കുകിട്ടിയതു്. ചുരുക്കി പറയാമല്ലോ. കളിതുടങ്ങി ആറാമത്തെ മിനിററിൽ ഒളിമ്പിക്സ് ഗോൾ ഒന്നടിച്ചെടുത്തു. പന്തു പിന്നെയുംവന്നു കളത്തിന്റെമദ്ധ്യത്തിൽ. കൽക്കത്താടീമും രണ്ടും നിശ്ചയിച്ചാണു് പുറപ്പെട്ടിരിക്കുന്നതെന്നു് അവരിൽ ഓരോരുത്തരുടെയും മുഖഭാവം തെളിയിക്കുന്നുണ്ടു്. പക്ഷെ അവരുടെ ദൃഢനിശ്ചയംകൊണ്ടൊന്നും കാര്യം സാധിച്ചില്ല. അഞ്ചുമിനിററിനുള്ളിൽ വീണ്ടും അവർ ഗോൾ ഒന്നുകൂടിവാങ്ങി.

കൽക്കത്തായുടെ സെൻറർഹാഫും സെൻറർഫോർവേഡും കൂടി ഏന്തൊ ഒന്നുരണ്ടു വാക്കു് സംസാരിച്ചു. അതിന്റെ ഫലമായി അവരുടെനയം ഒന്നുമാറി. നിരോധനത്തിൽ പ്രധാനമായി ശ്രദ്ധിച്ചിരുന്ന കൽക്കത്താ, നിരോധനം എങ്ങിനെയുമാവട്ടെ എന്നുവച്ചു് ആക്രമണത്തിനു് പുറപ്പെടുകയാണു് ചെയ്തതു്. ഏററം ഉത്തമമായ നിരോധനം ആക്രമണമാണെന്നുള്ളതത്വം ശരിയാണെന്നു തെളിഞ്ഞു. കൽക്കത്താക്കാരുടെ ഭാഗത്തേക്കു പന്തുകടക്കുന്നതെ ഇല്ല. ആറേഴുമിനിററായി ഒളിമ്പിക്കിന്റെ അതൃത്തിയിലാണു് കോലാഹലങ്ങളെല്ലാം. പന്തു് അടിച്ചോ തട്ടിയൊ പകുതിക്കപ്പുറംകടത്തിയാലും അടുത്തനിമിഷം അതു് ഒളിമ്പിക്കിന്റെ ഭാഗത്തെങ്ങിനെയും എത്തുകയായി. അവരുടെ ഗോളിന്റെ മുമ്പിൽ വച്ചുതന്നെ പലപല പോരാട്ടങ്ങൾ നടന്നു.

ഫുട്ട്ബോൾകളി അങ്ങാടിമരുന്നൊ പച്ചമരുന്നൊ എന്നു് പോലും തിരിച്ചറിയാൻ പാടില്ലാത്ത റോബർട്ടു ഗോളി ആയി ഇറങ്ങിയിട്ടുണ്ടു്. ഡങ്കന്റെ നാ

വിൻെറ അതിസാമത്ഥ്യമാണ് അതിൽ പ്രത്യക്ഷപ്പെട്ടന്നതു്. കളി ആരംഭിക്കുന്നതിനു മുമ്പും ആരംഭിച്ചപ്പോഴും അവൻെറ കാൽമുട്ടുകൾ തമ്മിൽ കൂട്ടി അടിക്കുന്നുണ്ടെന്നു് റോബർട്ടിനുതോന്നി. അതു് പുരുഷത്വത്തിനു് യോജിച്ചതല്ലെന്നും മററുള്ളവർ അതുകാണാൻ ഇടയാകുന്നതു് മഹാ കുറച്ചിലാകുമെന്നുമുള്ള ബോധംകൊണ്ടു് അവൻ ആ ക്ഷോഭത്തെ ഒരുതരത്തിൽ അടക്കി എന്നു പറഞ്ഞാൽമതി. അല്പസമയത്തിനുള്ളിൽ പന്തു് കളിസ്ഥലത്തിൻെറ മറെറ പകുതിയിൽ ആയി എന്നു കണ്ടതോടുകൂടി അവൻെറ ചാഞ്ചല്യം കുറഞ്ഞു. കളികാണാറായി. കണ്ടുരസിക്കാറായി. പന്തു് അവൻെറ ഗോളിനോടു അടുത്തുവന്നപ്പോഴും, അതു് അങ്ങട്ടു മിങ്ങട്ടും തട്ടുന്നവരുടെയും അവരുടെ പിടിയിൽനിന്നു് പന്തിനെ പിടിച്ചെടുക്കാൻ ശ്രമിച്ചുകൊണ്ടിരുന്നവരുടെയും സാമത്ഥ്യവും അവരുടെ കാലുകളുടെ വേഗതയും റോബർട്ടിൻെറ ശ്രദ്ധയെ പൂർണ്ണമായി ആകഷിച്ചു. അടുത്തുനിന്നു കളികണ്ടു രസിക്കുന്ന ഒരു കാണിയായിത്തീന്നു റോബർട്ട്. കൽക്കത്തായുടെ ഫോർവേഡുകളുടെ സഹകരണവും അവരുടെ കളിയും കെങ്കേമമാകുന്നുണ്ടെന്നു് തോന്നി റോബർട്ടിനു്. സെൻറർ മററയാളുടെ അടുക്കലേക്കു പന്തു തെററിച്ചശേഷം അൽപം മുമ്പോട്ടടുത്തു. മറെറ കളിക്കാരൻ ഒരു ഒററ അടി. അയാളുടെ കൂട്ടുകാരൻെറ തലയെ ലക്ഷ്യമാക്കിയാണൊ? എന്തായാലും പന്തു് അയാളുടെ തലയിൽതട്ടി. അയാൾ പന്തിനെ തലകൊണ്ടിടിക്കയാണൊ പന്തു് അയാളുടെ തലയിൽചെന്നു് അടിക്കയാണൊ എന്താണുണ്ടായതെന്നു്, ഉററുനോക്കി നിന്നിരുന്ന റോബർട്ടിനു തീർച്ചപ്പെടുത്താൻ സാധിച്ചില്ല. പന്തു് അയാളുടെ തലയിൽ നിന്നു തെറിച്ചു വെടിഉണ്ടപോലെ പോയ ആ കാഴ്ച, വളരെ രസകരമായിതോന്നി റോബർട്ടിനു്. അതു് അവൻെറ

നാലഞ്ചടി അകലത്തിൽക്കൂടി ഗോളിലേക്കുകടന്നു് വല യിൽ ചെന്നടിച്ചപ്പോഴും നല്ല ഊക്കുണ്ടു്. അപ്പോൾ എത്ര ഭയങ്കര ശക്തിയോടുകൂടി ആയിരിക്കണം അതു് ക ൽക്കത്താ ഫോർവേഡിൻെറ തലയിൽ കൊണ്ടതെന്നാ ലോചിച്ചു തുടങ്ങിയപ്പോഴേക്കു വലിയ അട്ടഹാസവും ബ ഹള കോലാഹലവും ആയി. റോബർട്ട് ഉണൎന്നു! ഒരു കളിക്കാരൻ ഗോളിൽനിന്നു പന്തെടുത്തശേഷം റോബർ ട്ടിനെ നോക്കിയനോട്ടം കണ്ടപ്പോഴാണു് എന്തോ കുഴ പ്പംപററി എന്നവനു് തോന്നിയതു്. ആ കളിക്കാരൻ റോബർട്ടിനോടു "എന്തുപററി" എന്നു ചോദിച്ചശേഷം പന്തുമായി കളത്തിൻെറ മദ്ധ്യത്തിലേക്കു ഓടി.

വീണ്ടും കളിതുടങ്ങി. കൽക്കത്ത, അവരുടെ പുരോ ഗതി തുടരാൻ ഉററുശ്രമിക്കുകയാണു്. ഒളിമ്പിക്സു അവ രെ തടയാനും. കളിയുടെ ഉള്ളുകള്ളികൾ കുറെ ഒക്കെ മന സ്സിലായിത്തുടങ്ങി റോബർട്ടിനെന്നാണു് അവൻെറ അ ഭിപ്രായം. അവൻ കളിയിൽ ലയിച്ചു. കളിയിലല്ല, കളി കാണുന്നതിലാണു് ലയിച്ചതെന്നു പറയുന്നതായിരി ക്കും കുറെക്കൂടിശരി. റോബർട്ട് കളിശരിക്കു കണ്ടു രസി ച്ചുകൊള്ളട്ടെ എന്നുവച്ചു് പന്തു് ഒളിമ്പിക്സിൻെറ ഗോ ളിലേക്കു ഓടി അടുക്കുകയാണു് എപ്പോഴും. റോബർട്ട് അങ്ങിനെ രസിച്ചു നിൽക്കുന്നതിനിടയിൽ പന്തൊരിക്ക ൽക്കൂടി അവൻെറ ഗോൾ സന്ദർശിച്ചു. വെടിയുണ്ടയു ടെ വേഗത്തിൽ പന്തുപായത്തക്കവിധം അതിന്മേൽ ത ട്ടിയ കാലിൻെറയും ആളിൻെറയും ശക്തി എത്രമാത്രമാ യിരിക്കണം എന്നവൻ അത്ഭുതപ്പെട്ടു നിൽക്കവെ, വീ ണ്ടും ഒരു കളിക്കാരൻ ഗോളിൽ നിന്നു പന്തെടുത്തു കൊ ണ്ടുപോയി. ഹാഫ്ടൈം ആകാൻ പിന്നെ അധികസ മയമുണ്ടായിരുന്നില്ല.

ഹാഫ്ടൈമിനുള്ള വിസിൽ അടിച്ചു ഉടൻതന്നെ ഡങ്കൻ റോബർട്ടിൻെറ അടുക്കൽ എത്തിക്കഴിഞ്ഞു. താൻ

റോബർട്ടിൻെറ തലയിൽവലിച്ചുവെച്ചു വയ്യാവേല്വ വഹി ക്കാൻ അല്പസഹായമെങ്കിലും ചെയ്‌വാൻ സാധിക്കുമെ ങ്കിൽ ചെയ്യണമല്ലോ എന്നുവച്ചാണു് ഡങ്കൻ പുറപ്പെട്ട ത്തു്. രണ്ടുഗോൾ വാങ്ങിയെന്നു മാത്രമല്ല, രണ്ടു പ്രാവ ശ്യവും പന്തു് തടയാൻ ഗോളി ഒരു ചെറുവിരൽ ഉയത്തു കപോലും ചെയ്തുമില്ല. ഒളിമ്പിക്സ് ടീമിലെ കളിക്കാ ക്ക് സങ്കടമാണൊ ദേഷ്യമാണോ അധികമായി ഉണ്ടായ തെന്നു് അവക്ക് തന്നെ അറിഞ്ഞുക്രൂടാ.

"എന്തു പററി?" എന്നു് അവരുടെ ക്യാപ്ററൻ ചോദിച്ചതിനു ഡങ്കൻ റോബർട്ടിനോടു "ഇന്നാലത്തെ മരുന്നെവിടെ" എന്നുള്ള ചോദ്യംകൊണ്ടു് മറുപടികൊ ടുത്തു. ഡോക്ടർ ഇന്നുനോട്ടുവാങ്ങിയ മരുന്നുകുപ്പി റോ ബർട്ടു് ഹാഫ്പാൻറിൻെറ പോക്കററിൽനിന്നു് എടു ത്തു. ഡങ്കൻ അതു വാങ്ങിയശേഷം ഒളിമ്പിക്സിൻെറ ക്യാപ്ററനോടു പറഞ്ഞു. "നോക്കണം മരുന്നുസേവി ക്കാൻ പോകയാണു്. എൻെറ സ്നേഹിതനശേഷം സു ഖമില്ലാ. മരുന്നുസേവിച്ചു രണ്ടു നിമിഷം വിശ്രമിച്ചു കൊള്ളട്ടെ. ഇനി കുഴപ്പം ഉണ്ടാകയില്ല. മരുന്നു ഫലി ക്കണമെങ്കിൽ സംസാരിക്കപോലും ചെയ്യാതെ അല്പസമ യം ഇരിക്കുന്നമെന്നു് ഡോക്ടർ പ്രത്യേകംപറഞ്ഞിട്ടുണ്ടു്. കളി തുടങ്ങാൻ സമയമാകുമ്പോഴേക്കു റെഡി ആ യിരിക്കും."

ഇങ്ങിനെ പറഞ്ഞുകൊണ്ടു് ഡങ്കൻ മരുന്നു കുപ്പി യുടെ അടപ്പു് എടുത്തശേഷം റോബർട്ടിൻെറ കൈയി ലേക്കു കൊടുത്തു. വല്ലാതെ പരിഭ്രമിച്ചുവശായിരുന്ന അ യാൾ ഒന്നുമോക്കാതെ ചെറുകുപ്പിയിലെ ഗുളികകൾ മുഴു വൻ വായിലേക്കു കുടഞ്ഞിട്ടു് കുറെ വിഴുങ്ങിയും കുറെ ച വച്ചും അകത്താക്കി.

റഫറി വിസിൽവിളിച്ചു. കളിക്കാർ അവരവരു ടെ സ്ഥാനങ്ങൾ പ്രാപിച്ചു. റോബർട്ടിൻെറ പരിഭ്രമവും

മന്ദതയും മാറി എന്ന് അവനു തോന്നി. ഒരു പ്രത്യേക ഉശിരുണ്ട്. ഒന്ന് ഓടുകയൊ ചാടുകയൊ ചെയ്താൽ എന്തെന്നായി. കളി ആരംഭിച്ചു. കൽക്കത്തായിക്കു ഉടൻ തന്നെ ഒരു ഗോൾ കൊടുക്കണമെന്നാണ് ഒളിമ്പിക്സ് നിശ്ചയിച്ചതു്. അതവർ പററിക്കയുംചെയ്തു. പന്തു് കളത്തിൻെറ നടുവിൽ കൊണ്ടുവന്നു. പിന്നെയും കളി തുടങ്ങി. റോബർട്ടിൻെറ അടുക്കലേക്കു പന്തു വരുന്നതെ ഇല്ല. അവൻ അക്ഷമനായി. കാലുകൾ നിലത്തുനിന്നു താനെ ഉയൎന്നുപോകുന്നു. കളിക്കാരുടെ ഇടയിലേക്കെന്നോടിക്കേറിയാൽ എന്താണെന്നു തോന്നി. മറെറ ഗോളിനടുത്താണു് പന്തു്. അവിടെവരെ ഓടാൻ ക്ഷമയില്ല. ക്ഷമകേടു തീർക്കാൻ ഒരു പണികണ്ടു. ഗോൾ പോസ്റ്റിൽ ചാടി പിടിച്ചുകേറി. പോസ്റ്റുകൾ തമ്മിൽ ബന്ധിച്ചിട്ടുള്ള ബന്ധത്തിൽ തൂങ്ങി ഒരു വശത്തുനിന്നു മറുവശത്തേക്ക് കൈകളിൽതൂങ്ങി അങ്ങട്ടിടറി. അപ്പോൾ പന്തു് അവൻെറ ഗോളിലേക്കടുത്തുവരുന്നു. റോബർട്ട് ഒരു ക്രൂസലും കൂടാതെ ഒററ കൈയിൽ തൂങ്ങികിടന്നുകൊണ്ടു് കളി കാണുകയാണു്. കൽക്കത്തായുടെ സെൻററിന് ഷൂട്ടുചെയ്‌വാൻ നല്ലൊരവസരംകിട്ടി. അയാൾ അതു ശരിക്കു പ്രയോജനപ്പെടുത്തി. ആക്രമം തടയാൻ പററിയില്ല. വലിയ തോക്കിൽ നിന്നു പുറപ്പെട്ട ഉണ്ട പോലെ പന്തു ഗോളിലേക്കു പായുന്നു. റോബർട്ട് തൂങ്ങിക്കിടക്കുന്നതു് കിഴക്കെഗോൾ പോസ്റ്റിനടുത്താണു്. അവൻ ഒന്നു കുതിച്ചു. പന്തു് കൈയിൽ. ആഞ്ഞു് വലിച്ചൊന്നെറിഞ്ഞു, പന്തു കളത്തിൻെറ മധ്യത്തിൽ ചെന്നാണു് വീണതു്. കാണികൾ കക്ഷിവ്യത്യാസം കൂടാതെ ഹർഷാരവം മുഴക്കി. കളിമുറുകി. കൽക്കത്തായിക്കു് ഒരു ഗോൾകൂടി തലയിലായി. സമയം തീരാറായതുകൊണ്ടു് ജയിച്ചില്ലെങ്കിലും സമ നില എങ്കിലും പിടിക്കണമെന്നു വച്ചു കൽക്കത്തൊക്കാർ വീറോടെ

കളിക്കാൻ തുടങ്ങി.

ഡങ്കൻ റോബർട്ട നിൽക്കുന്ന ഗോളിനു സമീപം തന്നെ ഉണ്ടു്. റോബർട്ടിനു് കളിയിൽ ഉത്സാഹം വർദ്ധിച്ചു വർദ്ധിച്ചു വരുകയാണു്. ഒരു നിമിഷനേരമെങ്കിലും അടങ്ങിനിൽക്കാനവനെക്കൊണ്ടു് സാദ്ധ്യമല്ലെന്നു് അതുകണ്ടു് നെഞ്ചുതിരുമ്മികൊണ്ടു നിൽക്കുന്ന ഡങ്കനു് ബോദ്ധ്യമായി. ബോദ്ധ്യമായതുകൊണ്ടോ, റോബർട്ടിനു് ഉദ്വേഗവും ഉത്സാഹവും വർദ്ധിച്ചതുകൊണ്ടോ, കൽക്കത്താ ടീം ജയിച്ചാൽ കിട്ടത്തക്കവിധം വാതുകെട്ടിയതു കിട്ടുകയില്ലല്ലോ. അതിനു കൽക്കത്താ ജയിക്കതന്നെ വേണം. സാക്ഷാൽ ഈഡ്ച്ചുവെട്ടി പണിക്കരുടെ അവതാരമായി രൂപാന്തരപ്പെട്ടിരിക്കുന്ന റോബർട്ടിൻെറ ഗോളിലേക്കു് ഒരു പന്തു് അടിച്ചുകേററി കൽക്കത്താ ടീമിനു് ജയിക്കാൻ പററുകയുമില്ല. ഒന്നേ പരീക്ഷിക്കാനുള്ളു, അവരുടെ പന്തയക്കാര്യം റോബർട്ടിനെ ഓർമ്മപ്പെടുത്തുക. അതുകൊണ്ടു പററിയെങ്കിൽ പററി. പക്ഷെ പറയുന്നതാരെങ്കിലും കേൾക്കുകയൊ സംശയിക്കയൊ ചെയ്തുപോയാൽ തൻെറ കഥ കഴിയുമെന്നും ഡങ്കനു് നിശ്ചയമാണു്. ഡങ്കൻ ഗോൾപോസ്റ്റുംകലേക്കടുത്തു. കളിയിൽ അതീവശ്രദ്ധയോടുകൂടി കാണുന്ന ഒരു കാണി എന്നാണു് ഭാവം. റോബർട്ടാവട്ടെ പന്തു് അടുത്തെങ്ങാൻ വരുന്ന മട്ടുണ്ടെങ്കിൽ അതിൻെറ ഗതി സൂക്ഷിച്ചുനിൽക്കും. അതിനാവശ്യമില്ലാത്ത അവസരങ്ങളിൽ ഗോൾ പോസ്റ്റിലും ബാറിലും കേറുകയും മറിയുകയും ഒരു കൈയ്യിൽ തൂങ്ങുകയും തന്നെയാണു്. അടുത്തുനിന്ന ഒരു പയ്യൻ "ഗോളി കരങ്ങുകളിക്കയാണല്ലോ" എന്നു പറയുന്നതു കേട്ടപ്പോൾ "ഇതു് ഡോക്ടർ ഇന്ദ്രൻ ചെയ്ത ചതിവാണു്." എന്നു് ഡങ്കൻ പറഞ്ഞുപോയി. കുരങ്ങിൻെറ ഏതെങ്കിലും ഗുണവിശേഷം ഉൾക്കൊള്ളുന്ന മരുന്നായിരിക്കുമൊ കുരങ്ങുവിദഗ്ദ്ധനായ ഇന്ദ്രൻ റോബർട്ടിനു കൊടു

ത്തത്? കളി അവസാനിക്കാറായി. ഇനി റോബർട്ടി നോട്ട പറഞ്ഞതുകൊണ്ട് പുണ്യം ഉണ്ടാകാനില്ല. എങ്കിലും ഒരു ഗോളിൻെറ വ്യത്യാസമെയുള്ളല്ലൊ. കൽക്കത്താടീമിന്ന അതു വീട്ടാൻ സാധിച്ചാൽ സമനിലയിൽ അവസാനിക്കും. അപ്പോൾ പന്തയം കിട്ടിയില്ലെങ്കിലും കൊടുക്കാതെ കഴിക്കാം എന്നുറച്ച്, ഒരുതരത്തിൽ അയാൾ റോബർട്ടിൻെറ ശ്രദ്ധയെ ആകർഷിച്ച് കഥ മനസ്സിലാക്കി.

പെട്ടെന്നൊരു വിസിൽ. കളിനിലച്ചു. ഒളിമ്പിക്സിൻെറ ഗോളിന്നുമുമ്പിൽവച്ച് ഫൌൾകാണിച്ചതിന് ഒരു "പെനൽററികിക്ക്"വിധിച്ചു അമ്പയർ. കൽക്കത്താക്കാരിൽ "കിക്ക്"ചെയ്‌വാൻ അതിവിദഗ്ദ്ധനെയാണ് അവർ അതിന്ന് നിയോഗിച്ചത്. ഒരുക്കം പൂർത്തിആയി. റഫറി വിസിൽഅടിച്ചു. കൽക്കത്താകിക്കചെയ്തു. പന്ത് ഇരമ്പിപാഞ്ഞു ഗോളിലേക്ക് അടുത്തു. ഇതൊക്കെ പുല്ലാണ് എന്നമട്ടിൽ റോബർട്ട് പന്ത് ഇടതുകൈകൊണ്ട് പിടിച്ചെടുത്ത് ഫീൽഡിൻെറ മദ്ധ്യത്തിലേക്കെറിഞ്ഞു. കളിക്കാർ അതിൻെറ ചുററിലും ഓടിക്കൂടി. ഒരു വിസിൽ. സമയംകഴിഞ്ഞു. ഒളിമ്പിക്സ് വിജയിച്ചുഎന്ന് റഫറി പ്രഖ്യാപനം ചെയ്തു.

## ഉപസംഹാരം

റോജറിനെയുംകൊണ്ട് സ്റ്റേഡിയത്തിൽ എത്തിയ പോലീസിൻസ്പെക്ടറൊ, റോജറൊ സ്റ്റാൻഡനൊ ലിലിയൊ ആരാണു കൂടുതൽ അത്ഭുതസ്തംബ്ധരായതെന്നു ഇപ്പോഴും നിശ്ചയമില്ല. അവർ നാലാളും സ്റ്റേഡിയത്തിൽ എത്തിയപ്പോഴേക്ക് ഹാഫ് ടൈം കഴിഞ്ഞിരുന്നു. അതുകൊണ്ട് അത്യന്തം ഉത്സാഹത്തോട്ടുകൂടി വർത്തിക്കുന്ന ഒരു ഗോളിയെയാണവർ കണ്ടത്. ഇൻസ്പെക്ടർ, സ്റ്റാൻഡൻ, ലിലി ഇവർ മൂവരും കണ്ണുതിരുമ്മി

തുടച്ചശേഷം വീണ്ടും വീണ്ടും ഗോളിയെയും, അവരുടെ സമീപത്തു നിൽക്കുന്ന റോജറെയുംനോക്കി. താൻ സ്വപ്നം കാണുകയാണ് എന്നായിരുന്നു റോജരുടെ സംശയം.

ഒളിമ്പിക്സിൻെറ ഗോളിയുടെ അശ്രദ്ധകൊണ്ട് രണ്ടു ഗോൾ അവർക്കു കിട്ടിയപ്പോൾ ഡെയിസിയും അത്ഭുതപരതന്ത്രയായി. തൻെറ കാമുകന് എന്തൊ സുഖക്കേടാണെന്നായിരുന്നു അവളുടെ ഭയം.

ഡോക്ടർ ഇന്ദ്രനും അയാളുടെ നെഴ്സും സ്റ്റേഡിയത്തിൽ എത്തിയതും ഹാഫ്ടൈമിന് ശേഷമാണ്. ഗോൾപോസ്റ്ററിൽ തത്തിപ്പിടിച്ചുകേറി ബാറിൽ തൂങ്ങുന്ന റോബർട്ടിനെ കണ്ടക്ഷണത്തിൽ നെഴ്സു പറഞ്ഞു. "ആൾ അതുതന്നെ" എന്ന്.

"ആൾ അതുതന്നെ, അയാൾക്കു കൊടുത്തതു് എക്സ്ട്രാക്ററം മക്ക്ട്ടെതന്നെ. അയാൾഅതുസേവിച്ചതുതന്നെ."

കളി കഴിഞ്ഞു് വിജയികളെ അനുമോദിക്കുന്നതിനും വിജയഘോഷം മുഴക്കുന്നതിനും ഫീൽഡിലേക്കു ഓടിക്കേറിയ ആളുകളുടെ കൂട്ടത്തിൽ റോബർട്ടിനേ ലക്ഷ്യമാക്കി അടുത്തു ജോൺബാർബർ, സ്റ്റാൻഡൻ, റോജർ, പോലീസ് ഇൻസ്പെക്ടർ, ലിലി; ഡെയ്സി, ഡോക്ടർ ഇന്ദ്രൻ, നെഴ്സ് ഇവരെല്ലാം. റോജർ, റോബർട്ട് എന്ന രണ്ടാളുകളെയും ഒരുമിച്ചു കണ്ടവരിൽ ജോൺബാർബർ ഒഴിച്ചുള്ളവരെല്ലാം സംസാരിക്കാൻ തന്നെ വയ്യാതെ നിന്നുപോയി. ബാർബറിന് പെട്ടെന്നു കാര്യം മനസ്സിലായി. അയാൾ യുവാക്കളെ രണ്ടുപേരെയും കൈക്കുപിടിച്ചു അടുപ്പിച്ചു രണ്ടുപേരെയും ഒരുമിച്ചു ആശ്ലേഷിച്ചുകൊണ്ടു് പറഞ്ഞു "നിങ്ങളെ രണ്ടാളെയും ഈ വിധം കാണാൻ എനിക്കു സാധിച്ചല്ലൊ. ദൈവം വലിയവനാണ്."

ആ പറഞ്ഞതിൻെറ അർത്ഥവും രഹസ്യവും തനിക്കു്

മനസ്സിലായില്ല എന്നു് റോബർട്ടിൻെറ നോട്ടത്തിൽ നിന്നറിഞ്ഞു്. ബാർബർ അവനോടുപറഞ്ഞു "നിൻെറ സഹോദരനാണിവൻ. ഇരട്ട. നീ പന്ത്രണ്ടും ഇവൻ പതിമ്മൂന്നും...അല്ല നീ പതിമ്മൂന്നും ഇവൻ പന്ത്രണ്ടും...അല്ല...നിങ്ങൾ പന്ത്രണ്ടും പതിമ്മൂന്നും. ഞാൻ നിങ്ങളുടെ പപ്പാ."

ലിലിയുടെ സമീപത്തേക്കുചെന്ന റോബർട്ട് അവ ൻെറപഴയ ബലഹീനതയായ ക്രൂശ്ചലിനെ എങ്ങിനെ യൊ പിൻതള്ളി എന്നു് തെളിയിച്ചപ്പോൾ അവൾക്കു സന്തോഷമായി.

ആപ്പീസിൽ നിന്നു രണ്ടായിരം തട്ടികൊണ്ടു കടന്നു എന്നുള്ള ആരോപണം സ്റ്റാൻഡൻ പുറപ്പെടുവിച്ചിട്ടും ഇൻസ്പെക്ടർ സമീപത്തുണ്ടായിരുന്നിട്ടും റോബർട്ടിനൊരു ക്രൂസലുമില്ല.

"ഓർമ്മക്കുറവുള്ളവർ സൂക്ഷിക്കണം. മാർച്ച് ഏഴാം തീയതി വൈകുന്നേരം വീട്ടിലേക്കു പോയപ്പോൾ ഇരുപതു തുറുപ്പാ നോട്ടുകൾ എൻെറ മുമ്പിൽ വച്ചാണല്ലൊ എടുത്തു പോക്കററു ബുക്കിൽ വച്ചതു്, വീട്ടിൽകൊണ്ടെ വയ്ക്കുകയാണു് കുറെക്കൂടി നന്നു് അഞ്ചാറുദിവസം കഴിഞ്ഞു് വേണ്ടതായതുകൊണ്ടു് ബാങ്കിൽ ഇടുന്നില്ല, എന്നു് എന്നോടു പറഞ്ഞതു് ഓക്കുന്നുണ്ടോ" എന്നു റോബർട്ട് ചോദിച്ചു. സ്റ്റാൻഡൻ എല്ലാം ഓർത്തു. അയാൾ റോബർട്ടിൻെറ കൈപിടിച്ചു കുലുക്കികൊണ്ടു് ക്ഷമായാചനം ചെയ്തു.

ഡെയ്സിയും റോജരും അല്പംമാറി നിന്നു എന്തൊ സംസാരിക്കയാണു്! "ഹെൽസിങ്കിയിൽ നിന്നു മടങ്ങി വന്നാലുടൻ തന്നെ..." എന്നു റോജർ പറയുന്നതു് ബാർബർ കേട്ടു.

എന്തൊ കുടുംബകാര്യമാണെന്നു കണ്ടു ജനങ്ങൾ മാറികൊടുത്തതുകൊണ്ടാണു് അവർക്കു് ഈ വിധം സം

A. 1356



സാരിക്കാനും മററും അവസരം കിട്ടിയത്തു്.

ഡോക്ടർ ഇന്ദ്രനെ കൂട്ടിക്കൊണ്ടു് നെഴ്സ് റോബർട്ടിൻെറ സമീപത്തേക്കു ചെന്നു. അവൾ റോജറിനെയും റോബർട്ടിനെയും തമ്മിൽ തിരിച്ചറിഞ്ഞതെങ്ങിനെ എന്നു നിശ്ചയമില്ല. നെഴ്സ് റോബർട്ടിനോടു നന്നാ അടുത്തുചെന്നു് അവൻെറ ഹൃദയം കലുങ്ങണമെന്നുദ്ദേശിച്ചൊരു നോട്ടം നോക്കിക്കൊണ്ടു് ചോദിച്ചു "ഇന്നാലെ ഒരു മരുന്നു തന്നില്ലെ, അതു സേവിച്ചൊ".

റോബർട്ടു പാൻറിൻെറ പോക്കററിൽ കൈ ഇട്ടു കുപ്പി എടുക്കാൻ നോക്കി. കാണുന്നില്ല. അപ്പോഴാണു് ഡങ്കൻ അതു വാങ്ങിയതോർമ്മിയിൽ വന്നതു്. അയാളെ കൈകൊട്ടി വിളിച്ചു. ഡങ്കൻ പോക്കററിൽ നിന്നു കുപ്പി എടുത്തു. ഒരു ഗുളികപോലുമില്ലതിൽ. ഇന്ദ്രൻ പിന്നവിടെ നിന്നില്ല. നെഴ്സ് അയാളെ അനുഗമിച്ചു.

ലിലിയെ ബാർബർ വിളിച്ചു. അവളോടു താൻ ആരാണെന്നും മററു പറയുകയാണു്.

ആ തരത്തിനു് ഡങ്കൻ റോബർട്ടിനോടു "താൻ ചതിക്കയല്ലെ ചെയ്തതു്"

റോബർട്ടു്:–"എനിക്കൊന്നും ഓർമ്മയില്ല. ആ ഗുളികയെല്ലാം തിന്നതായിരിക്കും."

ഈ സമയം ഡെയ്സിയുടെ ഡാഡിയും ഡെയിസിയും കൂടി അടുത്തുചെന്നു്, ഡിന്നറിനു് എല്ലാവരും അദ്ദേഹത്തിൻെറവസതിയിലേയ്ക്കു ചെല്ലണമെന്നു ക്ഷണിച്ചു.

ശുഭം.

240218

പന്ത്രണ്ടിൽ പതിമൂന്ന്.

ഗ്രന്ഥകർത്താ

വി. എം. ചെറിയാൻ.

A.1356.

Indic Digital Archive Foundation
gpura.org